പിരായിരി ഗ്രാമ പഞ്ചായത്ത്

9-ാം ജനകീയാസൂത്രണ പദ്ധതി



സമഗ്ര വികസന രേഖ

Twins

പിരായിരി ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം



സമഗ്ര വികസന രേഖ



എന്റെ ജീവിതമാണ് എന്റെ സന്ദേശം

Printed at GRACE PRINTERS
Neelikkad J.N, M.P. Road, Olavakkot
Phone : 555481

അനുസ്മരണം



സ്വാതന്ത്ര്യത്തിനുശേഷം ഉന്നതങ്ങളിലെ അധികാര അകത്തളങ്ങളിൽ ഗ്രാമങ്ങളുടെ സമഗ്രപുരോഗതി എന്നാശയം കഴിഞ്ഞ അഞ്ചുദശാബ്ദങ്ങളിൽ വിസ്മൃതമായിരുന്നു. ഫലമോ! ഗ്രാമീണരുടെ പ്രാഥമികാവശ്യങ്ങൾ പോലും പൂർണ്ണമായും സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. കുടിവെള്ളമില്ല. വെളിച്ചമില്ല, സഞ്ചാരയോഗ്യമായ നടപ്പാതകളില്ല വിദ്യാഭ്യാസമില്ല, എന്തിനേറെ സാമൂഹ്യനീതി പോലും വേണ്ടത്ര ലഭിച്ചിരുന്നില്ല. സമൂഹത്തിൽ സാമ്പത്തിക ഉച്ചനീചത്വങ്ങൾ പെരുകി. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയുടെ മഹത്തായ ആശയങ്ങൾക്ക് സ്ഥാനമില്ലാതെ പോയി. ഇന്നത്തെ ദുർഘടവും, ഭീതിജനകവുമായ അന്തരീക്ഷത്തിലാണ് ഈ ഗ്രാമപഞ്ചായത്തിന്റെ ആദ്യകാലഭരണാധികാരികൾ പരിമിതമായ അധികാരങ്ങളും വരുമാനവും കൊണ്ട് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തത്. ഇന്നിതാ മഹാത്മാഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് നടപ്പിലായിക്കഴിഞ്ഞു. ഗ്രാമപഞ്ചായത്തുകൾ ഭരണസിരാകേന്ദ്രമായി മാറിയിരിക്കുന്നു. പഞ്ചായത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ എല്ലാ മുൻഗാമികൾക്കും ഇതിൽ അഭിമാനിക്കാം. വരും നാളെകളുടെ ഭാഗധേയം നിർണ്ണയിക്കുന്ന 9-ാം പഞ്ചവത്സരപദ്ധതിയിലൂടെ സമഗ്രവികസനം വിഭാവനം ചെയ്യുന്ന ഈ വികസന റിപ്പോർട്ട് മുൻഗാമികളുടെ മുൻപിൽ സവിനയം സമർപ്പിക്കുന്നു.

എം.എ. കുഞ്ഞിമൊയ്തു.
പ്രസിഡൻറ്
പിരായിരി ഗ്രാമപഞ്ചായത്ത്.

വികസന റിപ്പോർട്ട്
തയ്യാറാക്കിയ
കോർ ഗ്രൂപ്പ്



സംസ്ഥാനതല പരിശീലകൻ : ഡോ. കെ. എസ്. സുധാകരൻ

ജില്ലാതല പരിശീലകർ

1 പി. എ. ഹസ്സൻ
2 അനിത
3 വിമലകുമാരി
4 എം. രാമനുണ്ണി (മുൻ പഞ്ചായത്ത് പ്രസിഡൻറ്)
5 കെ. ചന്ദ്രൻ
6 വി. സരസ്വതി
7 കെ. ടി. അബ്ദുൾ ലത്തീഫ് (പഞ്ചായത്ത് മെമ്പർ)
8 കെ. ബാലചന്ദ്രൻ "
9 കെ. കൃഷ്ണൻകുട്ടി "
10 എം. എ. കുഞ്ഞിമൊയ്തു (പഞ്ചായത്ത് പ്രസിഡൻറ്)

സഹായികൾ

ശ്രീമതി കെ. പി. അമ്മിണി ടീച്ചർ
ഉസ്മാൻ ഡി. ഐ. സി.
വി. ജയറാം – ഹെൽത്ത് ഇൻസ്പെക്ടർ
ഡോ. കെ. സാബിർ – വെറ്റിനറി സർജൻ
യു. ബാലകൃഷ്ണൻ – അഗ്രി. ഓഫീസർ
എസ്. രംഗനാഥൻ മാസ്റ്റർ – എച്ച്. എം
വി. പുരുഷോത്തമൻ – യു. ഡി. സി. പഞ്ചായത്ത്
പി. ടി. കുഞ്ഞൻ മാസ്റ്റർ – അസി. ടീച്ചർ
ടി. വി. ജഗദമ്മ ലെപ്രസി ഹെൽത്ത് വിസിറ്റർ
എ. പി. കൃഷ്ണൻകുട്ടി മാസ്റ്റർ – എച്ച്. എം
അബ്ദുൾസലാം

പഞ്ചായത്തിലെ അണിയറ ശിൽപികൾ

ശ്രീ കെ. എൻ. ഉണ്ണികൃഷ്ണൻ – സെക്രട്ടറി

ശ്രീമതി കെ. സുലോചന – ഹെഡ് ക്ലർക്ക്

ശ്രീ വി. പുരുഷോത്തമൻ – യു. ഡി. ക്ലർക്ക്

ശ്രീ എസ്. പുരുഷോത്തമൻ – യു. ഡി. ക്ലർക്ക്

ശ്രീ ടി. വി. ഹരിദാസ് – യു. ഡി. ക്ലർക്ക്

ശ്രീ എൻ. കോമൻ – എൽ. ഡി. ക്ലർക്ക്

ശ്രീ വി. മണി – എൽ. ഡി. ക്ലർക്ക്

ശ്രീ കെ. കെ. പരമേശ്വരൻ – പ്യൂൺ

ശ്രീ സി. അച്യുതൻ – പൗണ്ട് കീപ്പർ

ശ്രീമതി എ. സുന്ദരി – പി. ടി. എസ്

ശ്രീമതി കെ. സി. സുമതി – ലൈബ്രേറിയൻ

പിണറായി ഗ്രാമ പഞ്ചായത്ത്

മുൻ
പഞ്ചായത്ത്
പ്രസിഡൻറുമാർ



വി. എ. ശേഖരൻ
മുൻ പ്രസിഡൻറ്



എം. രാമനുണ്ണി
മുൻ പ്രസിഡൻറ്




കെ. ആർ. ശേഖരൻ
മുൻ പ്രസിഡൻറ്



കെ. ബാലചന്ദ്രൻ
മുൻ പ്രസിഡൻറ്



വി. അയ്യപ്പൻ
മുൻ പ്രസിഡൻറ്



വി. ഗോപാലൻ
മുൻ പ്രസിഡൻറ്




ടി. കെ. നൗഷാദ് എം. എൽ. എ



ജി. രാമചന്ദ്രൻ
ജില്ലാ പഞ്ചായത്ത് മെമ്പർ



പി. എ. അബ്ദുൾ ഗഫൂർ
ബ്ളോക്ക് പഞ്ചായത്ത് മെമ്പർ



സി. സ്വാമിനാഥൻ
ബ്ളോക്ക് പഞ്ചായത്ത് മെമ്പർ



എം. എ. കുഞ്ഞിമൊയ്തു
പ്രസിഡൻറ്



കെ. ആർ. ഭാസ്കരൻ
വൈസ് പ്രസിഡൻറ്



വി. അയ്യപ്പൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

പിരായിരി ഗ്രാമ പഞ്ചായത്ത് ഭരണസമിതി

പിരായിരി ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ




കെ. എൻ. ഉണ്ണികൃഷ്ണൻ
സെക്രട്ടറി



ഹേമാ ശിവൻ
1-ാം വാർഡ് മെമ്പർ



കെ. എ. അബൂബക്കർ
3-ാം വാർഡ് മെമ്പർ



കെ.കെ ബാലചന്ദ്രൻ
9-ാം വാർഡ് മെമ്പർ




ബീപാത്തുമ്മ
10-ാം വാർഡ് മെമ്പർ



അബ്ദുൾ ലത്തീഫ്
വാർഡ് മെമ്പർ



തങ്കമണി
12-ാം വാർഡ് മെമ്പർ




എസ്. എം. നാസർ
2-ാം വാർഡ് മെമ്പർ




എച്ച്. നൂർജഹാൻ
7-ാം വാർഡ് മെമ്പർ




കെ.കൃഷ്ണൻകുട്ടി
8-ാം വാർഡ് മെമ്പർ




പിരായിരി ഗ്രാമ പഞ്ചായത്താഫീസ്



സാംസ്കാരിക നിലയം



മൃഗാശുപത്രി



ജനമിത്ര നിലയം




ഗ്രാമീണ ശുദ്ധജല
വിതരണ പദ്ധതി
മന്ത്രി ടി. എം. ജേക്കബ്
ഉദ്ഘാടനം ചെയ്യുന്നു.



പൂർത്തീകരണത്തിനുള്ള
ധനസഹായം
ഡി. എസ്. വിജയലക്ഷ്മി
നൽകുന്നു.



കുറുക്കൻപാറ ഹരിജൻ കോളനിയിൽ തെരുവു വിളക്കുകളുടെ ഉദ്ഘാടനം ശ്രീ സി. എം. സുന്ദരം എം. എൽ. എ നിർവഹിക്കുന്നു.




സ്വാശ്രയ ഗ്രാമ പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ കെ. കരുണാകരൻ ഉദ്ഘാടനം ചെയ്യുന്നു.



☛ സാംസ്കാരിക നിലയം മന്ത്രി എം. ടി. പത്മ ഉദ്ഘാടനം ചെയ്യുന്നു.




സാമൂഹ്യ സാമ്പത്തിക സർവേ പരിശീലന ക്യാമ്പ് ☛




സ്വാശ്രയ ഗ്രാമ പദ്ധതി
കല്യാണമണ്ഡപത്തിന്
മന്ത്രി ശ്രീ ജി. കാർത്തികേയൻ
തറക്കല്ലിടുന്നു.

കൊടുന്തിരപ്പുള്ളിയിലെ ഗ്രാമോത്സവങ്ങളിൽ നിന്ന്



PIRIYIRI GRAMAPANCHAT.



കഴിഞ്ഞപ്രവർത്തനങ്ങൾ തിരിഞ്ഞുനോട്ടം

പഞ്ചായത്ത് രാജ് ഭരണസംവിധാനം നിലവിൽ വരുന്നതിനു മുൻപു തന്നെ ആസൂത്രണ പ്രക്രിയയുടെ ജോലി ഈ പഞ്ചായത്ത് ആരംഭിച്ചു. പഞ്ചായത്തിന്റെ വിഭവശേഷി, വികസന സാദ്ധ്യത, സാമൂഹ്യസാമ്പത്തിക നിലവാരം ഇവ കണ്ടെത്തുന്നതിനുള്ള ശാസ്ത്രീയ പ്രവർത്തനം; വിഭവഭൂപടനിർമ്മാണം ഈ പഞ്ചായത്തിൽ 26-5-94 മുതൽ ആരംഭിച്ചു. 1994 മെയ് 26, 27 തീയ്യതികളിൽ പരിശീലന ക്യാമ്പ് നടന്നു. 68 സന്നദ്ധ പ്രവർത്തകരുടെ 1 മാസങ്ങളോളം നീണ്ടുനിന്ന ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിന്റെ ഫലമായി സാമൂഹ്യ സാമ്പത്തിക സർവ്വേയും, ഭൂപട നിർമ്മാണത്തിന്റെയും പ്രവർത്തി പൂർത്തിയാക്കി. 15-8-94 ന് സെൻറർ ഫോർ എർത്ത് സയൻസ് ആൻറ് സ്റ്റഡീസ് അധികൃതരിൽ നിന്നും വിഭവഭൂപട കൈമാറ്റ ചടങ്ങു നടക്കുകയും 8-5-96 ന് ആസ്ഥി, ഭൂവിനിയോഗം സംബന്ധിച്ച ഭൂപടം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ജനകീയാസൂത്രണ പ്രവർത്തന രംഗത്ത് ഈ പ്രവർത്തനം ഓട്ടേറെ സഹായകരമാണ്. 2040 സൗജന്യ മനുഷ്യദിനങ്ങൾ ഈ ഇനത്തിലേക്ക് സംഭാവനയായി ലഭിച്ചിട്ടുണ്ട്.

മഹിള സമൃദ്ധിയോജന

സ്ത്രീകളിൽ സ്വാശ്രയശീലം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ഇന്ത്യഗവൺമെൻറിന്റേയും, മാതൃശിശു സംരക്ഷണ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇന്ത്യയിലെ ഗ്രാമീണവനിതകൾക്കായി ഏർപ്പെടുത്തിയ മഹിളാ സമൃദ്ധിയോജനയിൽ 4861 അംഗങ്ങളെ ചേർത്തി 100% ലക്ഷ്യം കൈ വരിക്കാൻ തുടർച്ചയായ 60 ദിവസത്തെ പ്രവർത്തനം കൊണ്ട് കഴിഞ്ഞിട്ടുണ്ട്.

സന്നദ്ധ പ്രവർത്തകരുടേയും, അംഗൻവാടിപ്രവർത്തകരുടേയും കൂട്ടായ ശ്രമഫലമായി 1994 സെപ്റ്റംബർ, ഓക്ടോബർ മാസങ്ങളിലായി പ്രവർത്തി പൂർത്തിയാക്കപ്പെട്ടു. ഇന്ത്യയിൽ ഈ ലക്ഷ്യം കൈവരിച്ച രണ്ടാമത്തെ പഞ്ചായത്ത് എന്ന ബഹുമതിലഭിച്ചു.

സ്വാശ്രയ ഗ്രാമപദ്ധതി

കേരളസർക്കാർരൂപം നല്കിയ സ്വാശ്രയ ഗ്രാമപദ്ധതി പ്രകാരം 150 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മിക്കാൻ 1000 രൂപ വീതം സബ്സിഡി നല്കിയിട്ടുണ്ട്. ഒരു സാംസ്ക്കാരികനിലയം നിർമ്മിച്ചു. 21 സോഡിയം വേപ്പർലാമ്പുകൾപഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിച്ചു. 8. 1/2 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ഒരു കമ്മ്യൂണിറ്റിഹാൾ /കല്യാണമണ്ഡപം നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സാംക്രമികരോഗങ്ങൾ പടരുന്നതിനെതിരെ

ജപ്പാൻ പനി പടരുന്നതിനെതിരെ മുൻകരുതൽ നടത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പും പൊതു പ്രവർത്തകരുടെ ഒരു യോഗം 5-3-96 ന് പഞ്ചായത്താഫീസിൽ ചേരുകയും പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു. കൊതുകു നശീകരണത്തിനായി DDT തളിക്കുന്ന പ്രവർത്തി നടത്തി. അതോടൊപ്പം പരിസരശുചീകരണ പ്രവർത്തനങ്ങളും, ബോധവൽക്കരണവും സംഘടിപ്പിച്ചു. 26-3-96 ന് വീണ്ടും അവലോകനയോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

ഛർദ്ദി അതിസാര രോഗത്തിനെതിരെ

പാലക്കാട് പട്ടണത്തോട് സമീപമുള്ള പ്രദേശമായതിനാൽ പട്ടണത്തിലെ അഴുക്കു വെള്ളം നമ്മുടെ പഞ്ചായത്തിലേക്ക് ഒഴുകിവരുന്നതു നിമിത്തം ഛർദ്ദി അതിസാരരോഗം മറ്റു പഞ്ചായത്തുകളെക്കാൾ വളരെ വേഗത്തിൽ പടർന്നു പിടിക്കുന്നുണ്ട്. പൊതു സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നതും ഇക്കാര്യത്തെ കുറിച്ചുള്ള ബോധനിലവാരത്തിന്റെ കുറവും രോഗം അകന്നുപോകാതിരിക്കാനുള്ള കാരണങ്ങളിലൊന്നാണ്. 11-6-96 .ന് വിവിധ സാമൂഹ്യ സാംസക്കാരിക രാഷ്ട്രീയ പ്രവർത്തകരുടെ ഒരു യോഗം ചേരുകയും ശുചീകരണപ്രവർത്തനങ്ങളും, ബോധവൽക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്.

പഞ്ചായത്തിനെ മദ്യവിമുക്തമാക്കാൻ

1996 ഏപ്രിൽ 1 മുതൽ കേരളത്തിൽ നടപ്പിലാക്കുന്ന ചാരായ നിരോധനവുമായി ബന്ധിപ്പിച്ചു. കൊണ്ട് സമ്പൂർണ്ണ മദ്യവിമുക്ത പഞ്ചായത്താക്കാൻ പഞ്ചായത്ത് തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ഭവന സന്ദർശനങ്ങളും, കുടുംബയോഗങ്ങളും, സെമിനാറുകളും, ചർച്ചാക്ലാസ്സുകളും, വിവിധസ്ഥലങ്ങളിൽ പല ദിവസങ്ങളായി സംഘടിപ്പിക്കപ്പെട്ടു. 10-3-96 ന് ബഹു. ജില്ലാ കലക്ടർ ശ്രീ. പി. മാരാപാണ്ഡ്യൻ പഞ്ചായത്ത് സന്ദർശിക്കുകയുണ്ടായി. മദ്യപാനം വരുത്തുന്ന വിപത്തുകൾ എന്ന വിഷയത്തെ ആസ്പദമാക്കി സ്വതന്ത്രസമരസേനാനി ശ്രീ. നാരായൺജി മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ, ഇൻഫർമേഷൻ ഓഫീസ്സർ ശ്രീ. എൻ. എസ്. അനിൽകുമാർ ചടങ്ങിൽ സംബന്ധിച്ചു.

കുടുംബപ്രശ്നപരിഹാര ബോധവൽക്കരണസെമിനാർ

സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളിൽപ്പെട്ടുഴലുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും പ്രശ്നപരിഹാരത്തിന് സ്വയം സജ്ജമാകുക എന്ന ലക്ഷ്യത്തോടെ പാലക്കാട് മേഴ്സികോളേജ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഫാമിലി കൗൺസലിംഗ് സെൻററിന്റെയും, പിരായിരി ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 29-9-96 ന് ഒരു ഏകദിന സെമിനാർ നടന്നു. പരസ്പരം ആശയ വിനിമയം വഴി ജീവിതത്തെ മെച്ചപ്പെടുത്തുവാനും, ജീവിതം ചിട്ടപ്പെടുത്തുവാനും അർത്ഥപൂർണ്ണമാക്കാനും ഈ സെമിനാർ ജനങ്ങൾക്ക് സഹായകമായി. ബഹു. കേരള തദ്ദേശസ്വയം ഭരമവകുപ്പുമന്ത്രി ശ്രീ. പാലോളി മുഹമ്മദ്കുട്ടി അവർകൾ സെമിനാറിൽ പങ്കെടുക്കുകയും, കൗൺസലിംഗ് സെൻററിന്റെ ആഘോഷ പരിപാടികളുടെ ഇൽഘാടനം നിർവ്വഹിക്കുകയും ചെയ്തു.

ഫലവൃക്ഷതൈകൾ വിതരണം

പഞ്ചായത്തിൽനിന്നും 50% സബ്സിഡി നൽകി കൊണ്ട് 1400 തെങ്ങിൻ തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

ശുദ്ധജല വിതരണം

ടെക്നോളജി മിഷൻ, കേരളവാട്ടർ അതോറിറ്റി എന്നിവയുടെ സഹായത്തോടെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി മോഴിപുലം, ഇരുപ്പക്കാട്, മാമ്പ്ര എന്നീസ്ഥലങ്ങളിൽ ഏർപ്പെടുത്തി കല്ലേക്കാട് പോലീസം ക്യാമ്പിൽ 4 1/2 ലക്ഷം രൂപ ചെലവിൽ ഒരു പദ്ധതിയും ഏർപ്പെടുത്തി. ഒരു കോടിയിൽ പരം രൂപ ചെലവു പ്രതീക്ഷിക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തി പുരോഗമിച്ചു വരികയാണ്.

പട്ടികജാതിക്ഷേമ പ്രവർത്തനങ്ങൾ

സാമൂഹ്യദൃശ്യപരിപാടി പ്രകാരം കൈൽട്രോൺ കളർ. ടെലിവിഷൻ സെറ്റ് വലിയമ്മക്കാവ് ഹരിജൻ കോളനിയിൽ സ്ഥാപിച്ചു. ചാമക്കാട് കോളനിയിൽ കമ്മ്യൂണിറ്റി ഹാളും, ടെലിവിഷൻ സെറ്റും നൽകി. 17 കോളനികളിൽ സോഡിയം വേപ്പർ ലാംപ് സ്ഥാപിച്ചിട്ടുണ്ട്. ഭൂരിഭാഗം കോളനികളിലും തെരുവു വിളക്കുകൾ ഏർപ്പെടുത്തി. 225 വീടുകളിൽ സൗജന്യമായി വൈദ്യുതി എത്തിക്കുകയും, 200 പേർക്ക് കഴിഞ്ഞ അഞ്ചുവർഷത്തിനകം സൗജന്യമായി വീടുകൾ നിർമ്മിച്ചു കൊടുക്കുകയും ചെയ്തു.

ഇതിനെല്ലാം പുറമെ മൃഗാശുപത്രി നിർമ്മാണം, ആലത്തൊഴുത്ത് നിർമ്മാണം, ആയൂർവ്വേദ ഡിസ്പെൻസറിക്ക് വെള്ളം, വെളിച്ചം ചുറ്റുമതിൽ ഏർപ്പെടുത്തൽ എന്നിവയും കഴിഞ്ഞ കാലപ്രവർത്തനത്തിന്റെ ഭാഗമാണ്.

അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡ്കരസ്ഥമാക്കിയ ശ്രീ. എസ്. രങ്കനാഥൻ മാസ്റ്റർക്ക് സ്വീകരണം.

1995-96 വർഷത്തെ കേരള ഗവൺമെൻറ് ഏർപ്പെടുത്തിയ അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡിന് പിരായിരി ജി.എൽ. പി. സ്ക്കൂൾ പ്രധാന അദ്ധ്യാപകൻ ശ്രീ. എസ്. രങ്കനാഥൻ അർഹനാകുകയും ബഹു. കേരള മുഖ്യ.മന്ത്രിയിൽ നിന്നും പുസ്ക്കാരം ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന് പിരായിരി പഞ്ചായത്ത് പൗരാവലിയുടെ ആഭിമുഖ്യത്തിൽ സ്വീകരണം 29-9-96 ന് നൽകുകയുണ്ടായി. പഞ്ചായത്ത് വക പാരിതോഷികം ബഹ. കേരള തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി അവർകൾ നൽകുകയുണ്ടായി.

ഉള്ളടക്കം

1 ആമുഖം
2 പഞ്ചായത്ത് പൊതു വിവരണം
3 ജനകീയാസൂത്രണ പ്രവർത്തനം
4 കഴിഞ്ഞകാല പ്രവർത്തനം – തിരിഞ്ഞു നോട്ടം
5 സാംസ്കാരിക, സാമൂഹ്യചരിത്രം
6 കൃഷിയും
7 ജലസേചനം
8 മൃഗസംരക്ഷണം
9 മത്സ്യബന്ധനം
10 വിദ്യാഭ്യാസം
11 കുടിവെള്ളം
12 പൊതുജനാരോഗ്യം
13 വ്യവസായം
14 ഗതാഗതം
15 ഊർജ്ജം
16 പാർപ്പിടം
17 സമൂഹ്യക്ഷേമം
18 സംസ്ക്കാരം
19 വനിതാക്ഷേമം
20 സഹകരണം
21 പട്ടികജാതിക്ഷേമം
22 വിഭവസമാഹരണം
23 ഉപസംഹാരം

1
ആമുഖം

പിരായിരി പഞ്ചായത്ത് രൂപീകൃതമായത് 1.1.1962ൽ ആണ്. 28.12.61 ലെ G O MS196/61/DDനമ്പർ സർക്കാർ ഉത്തരവു പ്രകാരം പിരായിരി, കൊടുന്തിരപ്പുള്ളി എന്നീ രണ്ടു പഞ്ചായത്തുകളെയും സംയോജിപ്പിച്ചു കൊണ്ടാണ് പഞ്ചായത്തു രൂപീകരിച്ചത്. 1954-55 മുതൽ പിരായിരി പഞ്ചായത്തും, കൊടുന്തിരിപ്പുള്ളി പഞ്ചായത്തും വെവ്വേറെ പഞ്ചായത്തുകളായിരുന്നു. പഴയ പിരായിരി പഞ്ചായത്തിന്റെ പ്രസിഡണ്ട് ശ്രീ. വി.എ. ശേഖരനും, കൊടുന്തിരപ്പുള്ളി പഞ്ചായത്തിന്റെ പ്രസിഡണ്ട് ശ്രീ. കെ.ആർ. വേലായുധനുമായിരുന്നു. പുതിയ പഞ്ചായത്ത് രൂപീകൃതമായ ശേഷം 1963 ൽ ശ്രീ. പി.കെ. അബ്ദുള്ളക്കുട്ടി പ്രസിഡണ്ടും ശ്രീ. വി. ഗോപാലൻ വൈസ് പ്രസിഡണ്ടും സർവ്വ ശ്രീ എം. രാമനുണ്ണി, പി.യു. ബീരാൻ, കെ.എസ്. വേലപ്പൻ. എ.കെ. രാമചന്ദ്രൻ, കെ. ആറുമുഖൻ, ശ്രീമതി. തങ്ക എന്നിവർ അംഗങ്ങളായുള്ള ഭരണസമിതി പതിനാറു വർഷം നിലനിന്നു. തുടർന്നു നടന്ന പൊതുതിരഞ്ഞെടുപ്പിൽ ശ്രീ. വി. അയ്യപ്പൻ മാസ്റ്റർ പ്രസിഡണ്ടും ശ്രീ. ടി. വേലായുധൻ വൈസ് പ്രസിഡണ്ടും, സർവ്വ ശ്രീ. കെ.ആർ ഭാസ്ക്കരൻ, കെ.കെ. വേലായുധൻ, കെ.കെ. സോമസുന്ദരൻ, എം. ഇസ്മയിൽ, എൻ.എം. ആസ്സിയ, വി.എം. സൈയ്തലി, കെ. കുള്ളൻ എന്നിവർ മെമ്പർമാരായുള്ള ഭരണസമിതിയും പിന്നീട് നടന്ന തിരഞ്ഞെടുപ്പിൽ 5-2-88 മുതൽ ശ്രീ. കെ. ബാലചന്ദ്രൻ പ്രസിഡണ്ടും ശ്രീ. കെ.എം. കുഞ്ഞിപ്പ വൈസ് പ്രസിഡണ്ടും സർവ്വശ്രീ എം. രാമനുണ്ണി, കെ.ആർ. ഭാസ്ക്കരൻ, കെ.എ. അബൂബക്കർ, പി, രമേഷ്, കെ. മാണിക്കൻ, ഐ.ആർ. സുലൈമാൻ. സി. വേലായുധൻ, ശ്രീമതി ടി.എച്ച്.. കദീജ, ശ്രീമതി എം. ചന്ദ്രിക എന്നിവർ മെമ്പർമാരായുള്ള ഭരണസമിതി നിലവിൽവന്നു.

ശ്രീ. കെ. ബാലചന്ദ്രൻ പ്രസിഡണ്ട് സ്ഥാനം ഒഴിയുകയും, ശ്രീ.എം. രാമനുണ്ണി 1991 മുതൽ 30-9-95 വരെ പ്രസിഡണ്ട് ആയി തുടരുകയും ചെയ്തു.

പഞ്ചായത്ത് രാജ് ഭരണസംവിധാനത്തിന്റെ അടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. എം. എ. കുഞ്ഞുമൊയ്തു പ്രസിഡണ്ടും ശ്രീ. കെ.ആർ. ഭാസ്ക്കരൻ വൈസ് പ്രസിഡണ്ടും, ശ്രീമിതി. ഹേമാശിവൻ, ശ്രീ. എസ്. എം. നാസ്സർ, ശ്രീ. കെ.എ. അബൂബക്കർ, ശ്രീ. കെ.ടി. അബ്ദുൾലത്തീഫ്, ശ്രീ. വി. അയ്യപ്പൻ, ശ്രീമതി. എച്ച് . നൂർജഹാൻ, ശ്രീ.കെ. കൃഷ്ണൻകുട്ടി, ശ്രീ. കെ. ബാലചന്ദ്രൻ, ശ്രീമതി. ബീപാത്തുമ്മ, ശ്രീമതി. തങ്കമണി എന്നിവർ അംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു. സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാനായി ശ്രീ. വി. അയ്യപ്പനേയും പിന്നീട് തിരഞ്ഞെടുത്തിട്ടുണ്ട്. ശ്രീമതി. ഹേമാശിവൻ, ശ്രീ. കെ.ടി. അബ്ദുൾലത്തീഫ്, ശ്രീ. കെ. കൃഷ്ണൻകുട്ടി ശ്രീ. കെ. ബാലചന്ദ്രൻ, ശ്രീ. കെ.ആർ. ഭാസ്ക്കരൻ, ശ്രീ. എം. എ. കുഞ്ഞിമൊയ്തു എന്നിവരാണ് സ്റ്റാൻറിംഗ് കമ്മിറ്റി അംഗങ്ങൾ.

പൊതുവിവരണം പിരായിരി ഗ്രാമപഞ്ചായത്ത്

ജില്ല, താലൂക്ക്, ബ്ളോക്ക്	പാലക്കാട്
അസംബ്ളി മണ്ഡലം	പാലക്കാട്
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	പറളി
ആകെ വാർഡുകൾ	12 (പന്ത്രണ്ട്)
വിസ്തീർണ്ണം	18.69 സ്കയർ കി.മീ.
1991-ലെ ജനസംഖ്യ	30,439
സ്ത്രീകൾ	15,241
പുരുഷൻമാർ	15,198
അക്ഷരാഭ്യാസമുള്ളവർ	21,266
പുരുഷൻമാർ	11,544
സ്ത്രീകൾ	9,722
പട്ടിക ജാതിക്കാർ	3,362
നിയമസഭാ അംഗം	ശ്രീ. ടി.കെ. നൗഷാദ്
ജില്ലാ പഞ്ചായത്ത് അംഗം	1. ശ്രീ. ജി. രാമചന്ദ്രൻ
	2. ശ്രീ. സി. സ്വാമിനാഥൻ
ബ്ളോക്ക് പഞ്ചായത്ത് അംഗങ്ങൾ	ശ്രീ. അബ്ദുൾ ഗഫൂർ
പഞ്ചായത്ത് ഓഫീസിലെ ടെലഫോൺ നമ്പർ-	534180
പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ	1. വില്ലേജാഫീസ്
	2.കൃഷിഭവൻ
	3. മൃഗാശുപത്രി
	4. ഗവ.ആയുർവ്വേദ ഡിസ്പൻസറി
	5. ബ്ളോക്ക് ഡവലപ്മെൻറാഫീസ്
ബാങ്കുകൾ :	1. കനറാബാങ്ക് ശാഖ
	2. ധനലക്ഷ്മി ബാങ്ക്
	3. ഇന്ത്യൻ ബാങ്ക്
അംഗൻവാടികൾ :	31 എണ്ണം
ഗവ.എൽ.പി. സ്കൂളുകൾ :	2 എണ്ണം

3.

ജനകീയാസൂത്രണ പ്രവർത്തനം

9-ാം ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി വിശേഷാൽ ഗ്രാമസഭായോഗം താഴെ പറയുന്ന തിയ്യതികളിൽ 12 വർഡുകളിൽ നടത്തുകയുണ്ടായി.

തിയ്യതി	സമയം	വാർഡു No	യോഗം ചേർന്ന സ്ഥലം	പങ്കെടുത്തവർ സ്ത്രീ	പു	ആകെ
2.10.96	10. a.m.	1	യു.യു.പി.എസ് കല്ലേക്കാട്	32	98	130
2.10.96	2. p.m.	2	സലഫിസ്ക്കൂൾ	83	85	168
21.9.96	10 a.m.	3	വാരിയപ്പുറമ്പ്	41	83	124
4.10.96	-	4	IPPസെൻറർ ഉണ്ണിരാംകുന്ന്	146	183	329
1.10.96	3 p.m.	5	ഉപാസന നഗർ	26	65	91
6.10.96	10 a.m.	6	ജി.എൽ.പി. എസ്. പിരായിരി	23	77	100
28.9.96	3 p.m.	7	ജി.എൽ.പി.എസ്. പിരായിരി	26	56	82
1.10.96	10 a.m.	8	അണ്ഡലംകാട്	17	92	109
21.9.96	2 p.m.	9	അത്താലൂർ സ്ക്കൂൾ	11	48	59
30.9.96	3 p.m.	10	പുളിയപ്പുറമ്പ് ഹൈസ്ക്കൂൾ	47	81	128
6.10.96	2 p.m.	11	ജി.എൽ.പി. എസ്. കൊടുന്തിരപ്പുള്ളി	179		80
30.9.96	10 a.m.	12	തോലനിക്കാവ്	55	83	138
				508	1030	1538

ബിരുദവും, ബിരുദാനന്തര ബിരുദവും ഉള്ളവർ അടക്കം എല്ലാ ജനവിഭാഗങ്ങളിലുള്ളവരും ഗ്രാമസഭയിൽ ഉൾപ്പെടുന്നു. ഏറ്റവും കൂടുതൽ വോട്ടർമാർ പങ്കെടുത്തവരിൽ ഗ്രാമസഭ 4-ാം വാർഡിലേതാണ്. അവിടെ ഗ്രാമസഭയുടെ സമാപനത്തോടനുബന്ധിച്ച് നടത്തിയ കലാപരിപാടികൾ ശ്രദ്ധേയമായിരുന്നു

തുടർന്ന് അകത്തേത്തറ കല്യാണ മണ്ഡപത്തിൽ നടന്ന ഒന്നാംഘട്ട പരിശീലനപരിപാടിയിൽ ശ്രീ. എം. രാമനുണ്ണി, പി.എ. ഹസ്സൻ, ശ്രീ. കെ. ചന്ദ്രൻ, ശ്രീമതി. വിമലകുമാരി, കുമാരി വി. സരസ്വതി, കുമാരി. എം. അനിത എന്നീ ആറ് അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി.

20-9-96 ന് പഞ്ചായത്ത് തല ആസൂത്രണസമിതിയംഗങ്ങൾക്കുള്ള പരിശീലന പരിപാടി പഞ്ചായത്താഫീസിൽ വെച്ച് നടത്തുകയുണ്ടായി. 36 പേർ പങ്കെടുത്തു. 26 പുരുഷൻമാരും, 10 സ്ത്രീകളും. ഇതിൽ 12 പഞ്ചായത്ത് മെമ്പർമാരും 4 ഉദ്യോഗസ്ഥരും ഉൾപ്പെടും. ഗ്രാമസഭാ യോഗങ്ങളിൽ ജില്ലാതല പരിശീലകരുടേയും, പഞ്ചായത്തുതല പരിശീലകരുടേയും പങ്കാളിത്തം വേണ്ടത്ര ഇല്ലായിരുന്നു.

തുടർന്ന് രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ജില്ലാതല പരിശീലനം 22.10.96, 23.10.96, 24.10.96 എന്നീ തിയ്യതികളിൽ അകത്തേത്തറ കല്യാണമണ്ഡപത്തിൽ നടന്നു. പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. എം. എ. കുഞ്ഞിമൊയ്തു പഞ്ചായത്ത് മെമ്പർമാരായ ശ്രീ. കെ. ബാലചന്ദ്രൻ, കെ.ടി. അബ്ദുൾലത്തീഫ്, കെ. കൃഷ്ണൻകുട്ടി, പഞ്ചായത്ത് സെക്രട്ടറി, കെ.എൻ. ഉണ്ണികൃഷ്ണൻ, ശ്രീമതി. വിമലകുമാരി, കുമാരി വി. സരസ്വതി, ശ്രീ. പി. ആലിഹസ്സൻ എന്നിവർ പങ്കെടുത്തു. പഞ്ചായത്ത് തല പരിശീലനം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുവാനും ഭാവിപരിപാടികൾ രൂപപ്പെടുത്തുവാനുമായി ബന്ധപ്പെട്ടവരുടെ ഒരു യോഗം 11-10-96 ന് കൊടുന്തിരപ്പുള്ളി ജി.എൽ. പി. സ്ക്കൂളിൽ നടന്നു. 31 പേർ അതിൽ പങ്കെടുത്തു. തുടർന്ന് ആസൂത്രണസമിതി അംഗങ്ങളുടെയും, ഇദ്യോഗസ്ഥൻമാരുടേയും ഒരു യോഗം 16-10-96 ന് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്നു. 36 പേർ യോഗത്തിൽ പങ്കെടുത്തു.

വീണ്ടും 30-10-96 ന് ഉച്ചക്ക് രണ്ടുമണിക്ക് കൊടുന്തിരപ്പുള്ളി ജി.എൽ. പി. സ്ക്കൂളിൽ വെച്ച് രണ്ടാംഘട്ടം പരിശീലനം നൽകുന്നതിന് ഒരു സ്വാഗതസംഘം രൂപീകരണയോഗം നടന്നു. 92 പേർ യോഗത്തിൽസംബന്ധിച്ചു. 2-11.96 ന് 2-ാംഘട്ടപരിശീലനം കൊടുന്തിരപ്പുള്ളി ജി.എൽ.പി. സ്ക്കൂളിൽ വെച്ച് നടന്നു. 83 പേർ പങ്കെടുത്തു. 48 പുരുഷൻമാരും 35 സ്ത്രീകളും 12 പഞ്ചായത്ത് മെമ്പർമാരും 16 ഉദ്യോഗസ്ഥൻമാരും സംബന്ധിച്ചവരിൽ ഉൾപ്പെടുന്നു. ഇതിൽ 3 KRP മാരും 6 DRP മാരും 47 പുതിയ അംഗങ്ങളും പരിശീലനപരിപാടിയിൽ പങ്കെടുത്തു. സാമാന്യം നല്ലനിലവാരത്തിലുള്ള പരിശീലനപരിപാടിയായിരുന്നുവെന്ന് സംഘാടകസമിതി അഭിപ്രായപ്പെട്ടു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ജി. രാമചന്ദ്രൻ യോഗം ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ശ്രീ. ആർ. എ. ഉണ്ണിത്താൻ, ഡോ. കെ.എസ് സുധാകരൻ, ശ്രീ.മൊയ്തുണ്ണികുട്ടി എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. വീണ്ടും 14-11-96 ന് ചേർന്ന യോഗത്തിൽ 29 പേർ പങ്കെടുത്തു.

18-11-96, 19-11-96 എന്നീ തീയ്യതികളിലായി പഠന പര്യടന പദയാത്ര പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. എം. എ. കുഞ്ഞിമൊയ്തുവിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. തുടർച്ചയായ ജനകീയസമ്പർക്കവും, പ്രവർത്തനങ്ങളുടെ അവലോകനവും പൊതുജനസഹകരണവും ആസൂത്രണപ്രക്രിയ ലക്ഷ്യത്തിലെത്തിക്കാൻ. ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്.

പിരായിരി ഗ്രാമപഞ്ചായത്ത്
(ആരാധനാലയങ്ങളുടെ പഞ്ചായത്ത്)

പാലക്കാട് പട്ടണത്തിൽ നിന്നും 3 കിലോമീറ്റർ പടിഞ്ഞാറ് ഭാഗത്തായി ഗ്രാമ പഞ്ചായത്തിന്റെ തുടക്കമായി. ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് പാലരങ്ങളുടെ കാട്ടിൽ നിന്നും (പാലക്കാട്) സൗകര്യാർത്ഥം വെട്ടിയുണ്ടാക്കിയ പാതയാണ് ഇന്നത്തെ പൂടൂർ റോഡ്, പിരായിരി ചുങ്കത്തിൽ നിന്നും ആരംഭിക്കുന്നു. റോഡിന്റെ ഇരുവശവും നട്ടുവളർത്തിയ പുളിമരക്കൂട്ടങ്ങൾ തണലേകി നില്ക്കുന്നത് ഒരസുലഭ കാഴ്ചയാണ്. മുന്നോട്ടുള്ള യാത്രയിൽ മാനവസാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും, പ്രതീകമായി നിലനിൽക്കുന്ന പള്ളിയും വളരെ പുരാതനമായ കണ്ണുകോട്ടു ഭഗവതീ ക്ഷേത്രവും കാണാവുന്നതാണ്. വടക്കന്തറ തിരുപുരായ്ക്കൽ ഭഗവതിയുടെ സഹോദരിയാണ് കണ്ണുകോട്ടു ഭഗവതി എന്നാണ് ഐതിഹ്യം. മതസൗഹാർദ്ദത്തിന്റെ പര്യായമായ കേൾവികേട്ട പിരായിരി പാന ഭഗവതീ ക്ഷേത്രത്തിൽ വർഷം തോറും ഒരു കാലത്ത് ഗംഭീരമായി നടത്തിവന്നിരുന്നു.

"പാരിലും പുകൾപ്പെറ്റ

പിരായിരിപ്പാതന"

പാനയോടനുബന്ധപ്പെട്ട തോറ്റങ്ങൾ പാനയുടെ ഗാംഭീര്യം വിളിച്ചോതുന്നു. മതേതര വിശ്വാസത്തിൽ ഊന്നൽ കൊടുത്തു കൊണ്ടുള്ളതായിരുന്നു ഭഗവതീ പാനയുടെ ചടങ്ങുകൾ. ഈ ഗ്രാമപഞ്ചായത്തിന്റെ ജനസഞ്ചയത്തിന്റെ ഐക്യമനോഭാവത്തിന്റെ മുഖമുദ്രയായിരുന്നു പിരായിരി പാന എന്ന് വിശേഷിപ്പിക്കാം. അവിടെനിന്ന് വീണ്ടും മുന്നോട്ടു പോകുമ്പോൾ അയ്യപ്പൻകാവ് ക്ഷേത്രം, ദർശനസുഖമേകി പള്ളിക്കുളത്ത് എത്തിച്ചേരുന്നു. ടിപ്പുസുൽത്താൻ പണിതീർത്തതെന്ന് പറയപ്പെടുന്ന മുസ്ലീം സമുദായത്തിന്റെ ആരാധനാലയമായ പള്ളിക്കുളം പള്ളിയുടെ മുമ്പിൽ എത്തുകയായി. തുടർന്നുള്ള മുന്നോട്ടുള്ള പ്രയാണത്തിൽ കണ്ണമ്പാടം ശിവക്ഷേത്രത്തിന്റെ മുമ്പിൽ എത്തിച്ചേരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ക്ഷേത്രം അടുത്തകാലത്തായി ലക്ഷാർച്ചന നടത്തി പുനഃരുദ്ധാരണം നടത്തുകയുണ്ടായി. ആഗ്രഹിക്കുന്നവർ ക്ഷേത്രദർശനം നടത്തി പ്രസാദമായ മനസ്സുമായി പടിഞ്ഞാറ് ലക്ഷ്യമിട്ട് നടക്കുമ്പോൾ കീർത്തികേട്ട കക്കോട്ട് ഭഗവതീ ക്ഷേത്രത്തിൽ എത്തിച്ചേരുന്നു. കർഷകർ കിളക്കുന്ന സന്ദർഭത്തിൽ കൈക്കോട്ട് തട്ടി രക്തം പ്രവഹിച്ചതായി പറയപ്പെടുന്നു. ഇതിനെ തുടർന്ന് കൈക്കോട്ട് ഭഗവതി ക്ഷേത്രമായതാണ്. ഭൂമിയിൽ നിന്നും "സ്വയം ഭൂ " ആയി പ്രത്യക്ഷപ്പെട്ട ഭഗവതിയാണ് കക്കോട്ട് ഭഗവതി' എന്നാണ് ഐതിഹ്യം.

ഏതാനും ദൂരം അകലെ അവിടെ നിന്ന് നോക്കിയാൽ ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ജനവിഭാഗത്തിന്റെയും ആശയുടേയും അഭിലാഷത്തിന്റേയും കേന്ദ്രബിന്ദുവായ "പിരായിരി ഗ്രാമ പഞ്ചായത്താപ്പീസ് കെട്ടിടം" പ്രൗഢിയോടുകൂടി തല ഉയർത്തി നില്ക്കുന്നതായി കാണാം. സമീപമുള്ള കൊടുന്തിരപ്പുള്ളി നാല്ക്കവലയിൽ നിന്നും 150 മീ. അകലങ്ങളിലായി നൂറ്റാണ്ടുകൾ മുൻപ് തമിഴ്നാട്ടിൽ നിന്നും കുടിയേറി പാർത്ത തമിൾ ചോഴവംശജരായ ബ്രാഹ്മണർ കൂട്ടമായി താമസിക്കുന്നു. കൊടുന്തിരപ്പുള്ളി അഗ്രഹാരം! അവിടേയും കാണാം പെരുമാൾ ക്ഷേത്രവും അയ്യപ്പക്ഷേത്രവും. വലിയതും ചെറുതുമായ രണ്ട് അഗ്രഹാരങ്ങൾ തമിൾ ആചാരാനുഷ്ഠാനങ്ങൾ ഇന്നും നിലനിർത്തിപ്പോരുന്ന ഈ അഗ്രഹാരങ്ങളിൽ ഒമ്പത് ദിവസങ്ങൾ നീണ്ടു നില്ക്കുന്ന ആഘോഷങ്ങൾ. പ്രസിദ്ധമാണ്. ദുർഗ്ഗാഷ്ടമിയും, പരിസമാപ്തിയായ മഹാനവമിയും അതിവിപുലമായ രീതിയിൽ വർണ്ണോജ്ജ്വലമായി ഇരുഗ്രാമങ്ങളും ആഘോഷിച്ചുവരുന്നു. കൊടുന്തിരപ്പുള്ളിയിൽ നിന്നും പടിഞ്ഞാറു

ദിശയിലേക്ക് നീങ്ങുമ്പോൾ ആദ്യമായി മുജാഹിദ്ദീൻ പള്ളിയും, കുറച്ചകലങ്ങളിലായി നാവക്കോട് പള്ളിയും സ്ഥിതി ചെയ്യുന്നു. ടിപ്പുസുൽത്താന്റെ പടയോട്ടത്തിനായി ഉണ്ടാക്കിയതായി പറയപ്പെടുന്ന റോഡിൽ ഗതകാലത്തിന്റെ കുതിരക്കുളമ്പടി ഈ പഞ്ചായത്തിൽ അവസാനിക്കാറായ ഭാഗത്തും കാണാം. അഗസ്ത്യ മുനി പ്രതിഷ്ഠിച്ച അത്താഴനെല്ലൂർ ശിവക്ഷേത്രം അഗസ്ത്യനല്ലൂർ ലോപിച്ച് പിൽക്കാലത്ത് അത്താലൂർ ആയി. തെക്ക് ഭാഗത്ത് നിളയുടെ തീരത്ത് പടിഞ്ഞാറ് ഭാഗത്തേക്ക് മുഖം തിരിഞ്ഞു ഇരിക്കുന്ന ഇഗ്രമൂർത്തിയായ മറ്റൊരു മഹാശിവക്ഷേത്രവും ഇതിന്നും പുറമേ മോഴിപുലം എന്ന സ്ഥലത്ത് കണ്ണടത്ത് ഭഗവതി ക്ഷേത്രവും സ്ഥിതിചെയ്യുന്നു.

പുതിയതായി പണിതീർത്ത ഇരുപ്പക്കാട് മുജാഹിദ്ദീൻ പള്ളിയും, മെട്രോനഗർ നിസ്ക്കാര പള്ളിക്കും, പുറമേ പൂടൂരിലും ഒടുകംപൊറ്റയിലും, കല്ലേക്കാട് ലക്ഷം വീട് കോളനിയിലും, കല്ലേക്കാട്ടിലും നിസ്ക്കാര പള്ളികൾ ഉണ്ട്. കാട്ടിൽ പീടികയിൽ മസ്ജൂദുൻ മുജാഹിദ്ദീൻ പള്ളിയും, അതുപോലെ കാഞ്ഞിരക്കോട്ടിൽ സ്ഥിതിചെയ്യുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള പൂടൂർ പുത്തൻപള്ളിയും വളരെ പ്രസിദ്ധമാണ്.

പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ പാലക്കാട് ഷൊർണ്ണൂർ റോഡിൽ വലതുവശത്തായി കിഴക്കഞ്ചേരിക്കാവ് സ്ഥിതിചെയ്യുന്നു. ദുർഗ്ഗയും, ഭഗവതിയും, ഭദ്രകാളിയും ആണ് ഈ ക്ഷേത്രത്തിലെ ആരാധനാ മൂർത്തികൾ. തമിൾനാട്ടിലെ കാഞ്ചീപുരത്ത് നിന്ന് ഈ പ്രദേശത്തേക്ക് കുടിയേറിപ്പാർത്ത വടക്കെ കൂട്ടാല നായർ സമുദായക്കാർ ദുർഗ്ഗാദേവിയെ സ്ഥലത്ത് പ്രതിഷ്ഠിച്ച് ക്ഷേത്രം പണി കഴിപ്പിക്കുകയാണുണ്ടായതെന്നാണ് ഐതിഹ്യം. കിഴക്ക് നിന്നും വന്ന് കുടിയേറി. പാർത്തതിനാൽ കിഴക്കഞ്ചേരി എന്ന പേരിൽ അറിയപ്പെട്ടുവെന്നാണ് പറയപ്പെടുന്നത്. എടത്തറയിലെ പൂണ്ടിശ്ശേരി കാളൻ ആശാരിയുടെ നേതൃത്വത്തിൽ സുമാർ 648 വർഷങ്ങൾക്കു മുൻപ് ഈ ക്ഷേത്രം പണികഴിപ്പിച്ചെന്നാണ് പറയപ്പെടുന്നത്.

അവിടെനിന്ന് കിഴക്കോട്ട് നടന്നാൽ ഈ അടുത്ത കാലത്തായി നിർമ്മിച്ച ഒരു ക്രിസ്തീയ ആരാധനാലയം കല്ലേക്കാട്ടിൽ കാണാവുന്നതാണ്.

വീണ്ടും കിഴക്കായി കല്ലേക്കാട്ടിൽ പാളയത്തിൽ പുരാതനമായ ഒരു മാരിയമ്മൻ കോവിൽ സ്ഥിതിചെയ്യുന്നു. ആണ്ടുതോറും നടത്തിവരുന്ന "മാരിയമ്മൻപൂജ" പ്രസിദ്ധമാണ്.

തുടർന്ന് ബ്ളോക്ക് പഞ്ചായത്താപ്പീസിന്റെ 1 കി.മീ. വടക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന കുറുശ്ശിമലയിൽ ചരിത്രകാലപഴക്കമുള്ള ഒരു ശിവക്ഷേത്രം ചുറ്റുമതിലോടുകൂടി ഉയർന്ന് നല്ക്കുന്നതായി താഴെനിന്ന് നോക്കിയാൽ കാണാവുന്നതാണ്. ഉദ്ദേശം 800 ശതാബ്ദങ്ങൾ പഴക്കമുണ്ടെന്ന് പഴമക്കാർ പറഞ്ഞു വരുന്ന ഈ ശിവക്ഷേത്രം പഴണിയിലെ (തമിൾനാട്) പാലാഴിമഠം ദേവസ്വം വകയായിരുന്നുവെന്നാണ് പറയപ്പെടുന്നത്. ആദ്യകാലഘട്ടത്തിൽ പാലാഴിമഠത്തിലെ സ്വാമികൾ ക്ഷേത്രകാര്യങ്ങൾ മുറതെറ്റാതെ നടത്തി വന്നിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം പാലക്കാട് ഹെഡ്പോസ്റ്റാഫീസ്സിലെ മാസ്റ്ററായിരുന്ന ശ്രീ. വിശ്വനാഥ സ്വാമികൾക്ക് ഉണ്ടായ ശിവശക്തിയുടെ ഉൾവിളി അദ്ദേഹത്തെ മലമുകളിലെ ക്ഷേത്രത്തിൽ പൂജക്കാരനാക്കി എന്നു പറയപ്പെടുന്നു. തുടർന്ന് ഇപ്പോൾ അദ്ദേഹത്തിന്റെ സഹധർമ്മിണിയും ശിവഭക്തയുമായ ശ്രീമതി. പത്മാവതിയമ്മ കടുത്ത സാമ്പത്തിക പരാധീനതകൾ ഉണ്ടെങ്കിലും, പൂജാദികാര്യങ്ങൾ മുറതെറ്റാതെ ഇപ്പോഴും നടത്തി വരുന്നു.

അവിടെനിന്നും വീണ്ടും കിഴക്കായി 2-ാം മൈലിൽ ആദ്യമായി കുറിശ്ശാങ്കുളം പള്ളി സ്ഥിതി ചെയ്യുന്നു. ഈ പ്രദേശങ്ങളിൽ മുസ്ലീം സഹോദരങ്ങൾ കൂട്ടമായി താമസിക്കുന്നു. പഞ്ചായത്ത് അതിർത്തി അവസാനിക്കാറായ ഭാഗത്തും ഉദ്ദേശം നൂറ് വർഷങ്ങൾ പഴക്കമുള്ള മേപ്പറമ്പ് പള്ളിസ്ഥിതി ചെയ്യുന്നു. 22 വർഷങ്ങൾ മുൻപ് പുതുക്കിപ്പണിത ഈ നിസ്ക്കാരപള്ളി ഉയർന്നു നില്ക്കുന്നു. മീനാറുകളും ആർച്ചുകളും കൊണ്ട് അലംകൃതമാണ്.

ആരാധനാലയങ്ങളിൽ നിറഞ്ഞ് കിടക്കുന്ന ഈ ഗ്രാമപഞ്ചായത്തിന്റെ പുണ്യഭൂമിയിൽ സ്നേഹത്തിന്റേയും, സൗഹാർദ്ദത്തിന്റേയും വിശ്വാസത്തെ ഉൾക്കൊണ്ട് കൊണ്ട് എല്ലാ മതസ്ഥരും "ഒന്നുപോലെ" എന്ന വിശ്വാസത്തിൽ ജീവിച്ചു പോരുന്നു.

അറിയപ്പെടുന്ന അഗ്രഹാരങ്ങൾ

സുമാർ ഏഴ് ശതാബ്ദങ്ങൾക്കു മുൻപ് തമിഴ് നാട്ടിലെ ലാൽകുടി ജില്ലയിൽ നിന്ന് (തൃശ്ശിനാപള്ളി) കുടിയേറി പാർത്തവരാണു ഇന്നത്തെ കൊടുന്തിരപ്പുള്ളി അഗ്രഹാരങ്ങളിലെ പൂർവികർ. അന്നത്തെ നാട്ടുരാജാവായിരുന്ന ചോഴവംശരാജാവുനായി ചില അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായതിനെത്തുടർന്ന് തങ്ങളുടെ ഉപാസനമൂർത്തിയായ ആദികേശവപെരുമാളെ കലശത്തിൽ ആവാഹിച്ച് ഒരുമിച്ച് കൊണ്ടുവരികയായിരുന്നു. ആ കാലഘട്ടത്തിൽ ഏതാനും കുടുംബങ്ങളെ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ കല്ലേക്കാട് പാളയത്തിൽ താമസിച്ചു വരുന്ന ചെട്ടി സമുദായക്കാരായ ഏതാനും കുടുംബങ്ങളും ഇവരോടൊപ്പം വന്നവരാണ്. ഇവരുടെ ഇഷ്ടദേവതയായ ചമയപുരം മാരിയമ്മയേയും ആവാഹിച്ചു കൊണ്ടു വന്നതാണെന്നു പറയപ്പെടുന്നു. ഇവർ കൃഷി, വാണിജ്യം, ഗോവൃദ്ധി എന്നീ തൊഴിലുകളിൽ ഏർപ്പെട്ടു. ഈ വിഭാഗം ആ കാലഘട്ടത്തിൽ സാമ്പത്തിക ശേഷിയുള്ളവർ ആയിരുന്നില്ല.

അഗ്രഹാരത്തിൽ കുടിയേറി പാർത്തവർ തമിഴ് ബ്രാഹ്മണരായതിനാൽ വൈദികവൃത്തി സ്വായത്തമായിട്ടുള്ളവരാകയാൽ വൈദികസേവ നടത്തി കാലായാപനം നടത്തി വന്നു. പിൽക്കാലത്ത് അവർ ഇവിടെ കൃഷിഭൂമികളുടെ ഉടമകളായി. ഇപ്പോൾ രണ്ട് ഗ്രാമങ്ങളാണ്. ഒരു വലിയ അഗ്രഹാരവും, രണ്ട് ചെറിയ അഗ്രഹാരവത്രേ. ചെറിയതിനെ ആദികേശവപുരം എന്നപേരിൽ ഇപ്പോൾ അറിയപ്പെടുന്നു. വലിയ അഗ്രഹാരത്തിലെ പ്രതിഷ്ഠ ശ്രീ ധർമ്മശാസ്താവാണ്. കോഴിക്കോട് സാമൂതിരി രാജാവിന്റെ ക്ഷേത്രമായിരുന്ന നിറകൈതക്കോട്ടയിലെ അയ്യപ്പക്ഷേത്രത്തിൽ ഈ അഗ്രഹാരങ്ങളിലെ ഏതാനും പേർ ഉപാസിച്ചു വന്നിരുന്നു.

ടിപ്പുസുൽത്താൻ ക്ഷേത്രം ഓടുമാറ്റി ചെമ്പ്, തകിട് അടിച്ച് ക്ഷേത്ര പുനരുദ്ധാരണം നടത്തുകയും നടത്തിപ്പിനായി നികുതി ഇല്ലാത്ത വസ്തുവഹകൾ നീക്കി വെക്കുകയും ചെയ്തു. ഉപാസിക്കാൻപോയ ഒരു താന്ത്രികനായ വന്ദ്യവയോവൃദ്ധനുമായ ഒരു ബ്രാഹ്മണശ്രേഷ്ഠൻ ശ്രീ. അയ്യപ്പനെ തന്റെ കുടയിൽ ആവാഹിച്ച് കൊണ്ടുവന്നതാണ് വലിയ അഗ്രഹാരത്തിൽ സ്ഥാപിച്ചിട്ടുള്ള അയ്യപ്പക്ഷേത്രം. "കുടയിലന്തി ഇരുന്ത് പള്ളികുടയിൽ" വന്നതുകൊണ്ട് ഇതുലോപിച്ച് കൊടുന്തിരപ്പുള്ളിയായി മാറി എന്നാണ് ഐതിഹ്യം. ഇപ്പോൾ നിറകൈതക്കോട്ടയിൽ വർഷത്തിൽ ഒരിക്കൽ ദർശനം നടത്തുവാനായി ഈ അഗ്രഹാരങ്ങളിൽനിന്നും ബ്രാഹ്മണർ പോകുന്നുണ്ട്. മകരസംക്രമം മുതൽ അഞ്ച് ദിവസം 5 കളപാട്ട് ഇവിടുത്തുകാർ പോയി നടത്തി വരാറുണ്ട്.

മകരസംക്രമം മുതൽ 5-ാം ദിവസം ഇവിടെയും ശാസ്താപ്രീതി ഇന്നും മുറതെറ്റാതെ നടത്തി വരുന്നു. ഇവിടുത്തെ രണ്ടു ക്ഷേത്രങ്ങളിൽ പ്രധാനമായി ഒമ്പത് ദിവസം നീണ്ടു നിൽക്കുന്ന നവരാത്രി മഹോത്സവം നടത്തിവരുന്നു. കേരളീയ മട്ടിലാണ് ഉത്സവം നടത്തി വരുന്നത്. നാദസ്വരം, ചെണ്ടമേളം,

ആന എഴുന്നള്ളത്ത് തുളസിതറമേളം, വൈദീക മുറയിൽ ദേവപാരായണംഎന്നിവ പ്രധാന ഇനങ്ങളാണ്. വ്യകരണ പണ്ഡിതനായ ബ്രഹ്മശ്രീ രാമസ്വാമി ശാസ്ത്രികൾ, പട്ടാമ്പി സംസ്കൃത കോളേജിലെ പ്രിൻസിപ്പാൾ ശ്രീ. നാരായണ ശാസ്ത്രികൾ പ്രശസ്തനായ നാരായണ ജോത്സ്യർ, അനന്തിരവനായ രാമജോത്സ്യർ, വെങ്കിടേശ്വര ജോത്സ്യർ, പുരാണ പണ്ഡിതൻമാരായ കൃഷ്ണശാസ്ത്രികൾ, പ്രസിദ്ധ മൃദംഗവിദ്വാനായ സ്വാമിനാഥ അയ്യർ, കിളിമാനൂർ ശേഖരവാരിയരുടെ ശിഷ്യൻ നാരായണ അയ്യർ എന്നിവർ ഈ അഗ്രഹാരത്തിലെ സന്തതികളാണ്. റാവുബഹദൂർ പട്ടം കിട്ടിയ എഞ്ചിനീയറായ ശ്രീ. കെ. വി. രാമയ്യർ പി & ടി ഡിപ്പാർട്ട്മെൻറിലെ ഇന്ത്യയിലെ ഉയർന്ന ഉദ്യോഗസ്ഥൻമാരിലെ ഒരാളായിരുന്നു ഇവിടത്തുകാർ ജൈമിനി സാമവേദം അനുഷ്ഠിച്ചു വരുന്നവരാണ്. ഇതിൽ പണ്ഡിതനായ ശ്രീ. കെ. ആർ. തിരുവെങ്കിട നാഥശർമ്മ ഇപ്പോൾ നിലവിലുള്ള ആചാര്യനാകുന്നു. പാലക്കാട് ജില്ലയിൽ വിവിധ ആഗ്രഹാരങ്ങൾ ഉണ്ടെങ്കിലും കൊടുന്തിരപ്പുള്ളി അഗ്രഹാരത്തിലുള്ളവർ മാത്രമെ ജൈമിനി സാമവേദം അനുഷ്ഠിച്ചു വരുന്നുള്ളു.

കുറുശ്ശിമല

പിരായിരി ഗ്രാമപഞ്ചായത്തിൽ കല്ലേക്കാട് എന്ന പ്രദേശത്ത് ഇപ്പോഴത്തെ 2-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഉദ്ദേശം 700 അടി പൊക്കമുള്ള ഒരു ചെറിയ മലയാണ് കുറുശ്ശിമല. പ്രകൃതി സ്നേഹികൾക്കും, വിനോദസഞ്ചാരികൾക്കും, മാനസികോല്ലാസം നൽകുന്ന പ്രകൃതിയുടെ മനോഹരഭാവം കുന്നിൻെറ മുകളിൽ നിന്നു താഴെ നോക്കിയാൽ മനം കുളിർക്കെ നോക്കിക്കാണാവുന്നതാണ്. വടക്കു ദിശയിൽ പശ്ചിമഘട്ട പർവതനിരകളും പാലക്കാടിൻെറ മുഖമുദ്രയായി ഉയർന്നു നിൽക്കുന്ന കരിമ്പനക്കൂട്ടങ്ങളും ഹരിതാഭമായ അതിർ വരമ്പുകൾ നിറഞ്ഞ കൊച്ചു കൊച്ചു പാടങ്ങളും തെങ്ങിൻ തോപ്പുകളും, കോൺക്രീറ്റ് കെട്ടിടങ്ങളും ഉയരങ്ങളിലെ കുറുശ്ശിമലയിൽ നിന്നും നോക്കിക്കാണുന്നത് നയനാഭിരാമമായ ഒരു കാഴ്ചയാണ്. പിരായിരി പഞ്ചായത്തിനെ വേർതിരിച്ചു കൊണ്ടൊഴുകുന്ന നിളാനദി, പുഴയുടെ മധ്യധാരയിൽ കൂടി കണ്ണുനീർച്ചോലയായി ഒഴുകുന്ന രംഗം പ്രകൃതിസ്നേഹികൾക്ക് വേദനാജനകമെങ്കിലും ഒരവിസ്മരണീയ കാഴ്ചയാണ്. "നിളനിറഞ്ഞാലും മെലിഞ്ഞാലും മറ്റെങ്ങും കാണാൻ കഴിയാത്ത ഒരു വശ്യഭംഗി"

കുറുശ്ശിമല ഒരു വിനോദ സഞ്ചാര കേന്ദ്രമായി മാറ്റാവുന്നതാണ്.

കല്ലുകളുടെ നാട്- കല്ലേക്കാട്

വിശാലമായി കിടക്കുന്ന കല്ലുകൾ (കറുത്ത പാറകൾ) നിറഞ്ഞ ഭൂപ്രദേശമാണ് ഈ പഞ്ചായത്തതിർത്തിയിലെ വടക്കു ദിശയിൽ കിടക്കുന്ന കല്ലുകളുടെ നാടായ കല്ലേക്കാട്. കൈക്കോട്ടിനും കൊടുവാളിനും അപ്രരോദ്ധ്യമായ പാറക്കൂട്ടങ്ങൾ മനുഷ്യജീവിതത്തിൻെറ അടിസ്ഥാന പുരോഗതിക്ക് അടിത്തറയായതോടുകൂടി കല്ലേക്കാടിൻെറ ചരിത്രം തുടങ്ങുകയായി. വളർന്നു വന്ന പാലക്കാട് പട്ടണത്തിൻെറ നിർമ്മാണ പ്രവർത്തികൾക്കാവശ്യമായ കല്ലുകൾ കല്ലേക്കാട്ടിൽ നിന്നും എടുത്തവയാണ്. കല്ലേക്കാട്ടിൽനിന്നും പൊട്ടിച്ചെടുത്ത കല്ലുകളാണ് പാലക്കാട് പട്ടണത്തിൻെറ അടിസ്ഥാനശിലകൾ, പാലക്കാടിനെ സംസ്ഥാനത്തിൻെറ നെല്ലറയാക്കി മാറ്റിയ മലമ്പുഴ അണക്കെട്ടിൻെറ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ കല്ലുകൾ കല്ലേക്കാട്ടിൽ നിന്ന് കൊണ്ടുപോയിട്ടുണ്ട്. കല്ലു പൊട്ടിച്ചെടുക്കുവാൻ പ്രത്യേകം പ്രാവീണ്യം നേടിയ വിദഗ്ദ്ധതൊഴിലാളികളെ (ബോയൻമാർ) തമിഴ് നാട്ടിൽ നിന്ന് കൊണ്ടുവരികയുണ്ടായി. അവരിൽ പല കുടുംബങ്ങളും ഇവിടങ്ങളിൽ തന്നെ പിൽക്കാലത്ത് സ്ഥിര താമസമാക്കുകയം ചെയ്തു. പഞ്ചായത്തതിർത്തിയിലെ സ്ത്രീകൾ ഉൾപ്പെടെ നിരവധി തൊഴിലാളികൾക്ക് കല്ലേക്കാട്ടിലെ കരിങ്കൽ ക്വാറികൾ, തൊഴിലവസരങ്ങൾ നൽകുന്നു.

ജില്ലയുടെ വിവിധഭാഗങ്ങളിലേക്ക് നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായി വരുന്ന കല്ലുകൾ. ഇവിടെനിന്നാണ് കൊണ്ടുപോകുന്നത്.

ഈ പഞ്ചായത്തിന്റെ ഭൗതീക പുരോഗതികൾക്ക് നിർണ്ണായക പങ്കുവഹിക്കുന്നു, കല്ലേക്കാട്ടിലെ കരിങ്കൽ ക്വാറികൾ.
വിസ്തൃതമായി കിടക്കുന്ന കല്ലേക്കാട്ടിലെ കരിങ്കൽ ക്വാറികൾ ഇപ്പോൾ അഗാധ ഗർത്തങ്ങളായി നിലനിൽക്കുന്നത് ക്വാറിക്ക് മുകളിൽ നിന്ന് നോക്കുമ്പോൾ ഭയാനകമായ ഒരവിസ്മരണീയമായ കാഴ്ചയാണ്. ഈ ക്വാറികളിൽ പലപ്പോഴായി സിനിമാ പ്രവർത്തകർ ഷൂട്ടിംഗിനായി വന്നു പോയി കൊണ്ടിരിക്കുന്നു.

പിരായിരി ഗ്രാമ പഞ്ചായത്ത്

പാലക്കാട് നഗരാതിർത്തിക്ക് തൊട്ട് പടിഞ്ഞാറായി കിടക്കുന്ന ഒരു കാർഷിക ഗ്രാമമാണ് പിരായിരി ഗ്രാമപഞ്ചായത്ത്. 18.69 സ്ക്വയർ കി.മീ. വിസ്തൃതിയും 30439 ജനസംഖ്യയും വരുന്ന ഈ പഞ്ചായത്ത് നാഗരിക ഛായയും, ഗ്രാമീണ സൗന്ദര്യവും ഇടകലർന്ന നിലയിൽ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ തെക്കുഭാഗം കണ്ണാടിപുഴയും, വടക്കുഭാഗം കല്പാത്തിപ്പുഴയും. അതിർവരമ്പിട്ട് ഒഴുകിക്കൊണ്ടിരിക്കുന്നു. പ്രധാനപ്പെട്ട രണ്ട് റോഡുകൾ പാലക്കാട് കോട്ടായി റോഡും പാലക്കാട് ഷൊർണ്ണൂർ റോഡുംആണ്. ഇവ രണ്ടും പഞ്ചായത്തിനെ മൂന്നുഭാഗമാക്കി വേർതിരിച്ച് കടന്നുപോകുന്നു. പാലക്കാട്-പൂടൂർ റോഡ് ടിപ്പുവിന്റെ പിതാവ് ഹൈദരാലി നിർമ്മിച്ചതാണെന്ന് പറയപ്പെടുന്നു. 1950 നു ശേഷമാണ് ഈ റോഡ് മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കിയത്. വിശാലമായ നെൽവയലുകളും കുന്നിൻ പ്രദേശങ്ങളും പാറക്കൂട്ടങ്ങളും കരിമ്പനക്കൂട്ടങ്ങളും പഞ്ചായത്തിന്റെ പ്രകൃതിഭംഗിക്ക് മാറ്റുകൂട്ടുന്നു.

ഭൂവുടമാസമ്പ്രദായത്തിൽ വന്ന മാറ്റം

ഈ പഞ്ചായത്തിലെ കൃഷിഭൂമിയിൽ ഭൂരിഭാഗവും, പൂവുള്ളിമന, വരിക്കാശ്ശേരി മന, കൂടലാറ്റൂർമന, ഇടമന തുടങ്ങി മനവകയും, ദേവസ്വം വകയും ആയിരുന്നു. കുടിയായ്മ കുടികിടപ്പ് കാണം, വെറുംപ്പാട്ടം എന്നീ നിലകളിൽ കാർഷികരംഗത്ത് പ്രവർത്തിച്ചിരുന്നു. മഴയെമാത്രം ആശ്രയിച്ചാണ് കൃഷിനടത്തിവന്നിരുന്നത്.
രണ്ടാംവിള മിക്കവാറും ഉണക്കം ബാധിച്ച് നഷ്ടപ്പെടുക പതിവായിരുന്നു. പാട്ടം കൊടുക്കുവാൻ കഴിയാതെയും കടബാദ്ധ്യതകൊണ്ടും കൃഷിപ്പണിയിൽ ഏർപ്പെട്ടവർ വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടി വന്നിരുന്നു. മലമ്പുഴ ജലസേചനപദ്ധതിപൂർത്തിയായതോടെ വിളയുണക്കത്തിന്റെ ഭീഷണിയിൽ നിന്നും ഈ പഞ്ചായത്തിന് മോചനം ലഭിച്ചു. ഒരുപ്പൂ നിലങ്ങളും പറമ്പുകളും കൃഷിക്കുപയുക്തമാക്കുവാൻ കഴിഞ്ഞു. കൈവശ ഭൂമിക്ക് അവകാശത്തിന് വേണ്ടിയുള്ള സമരം ഈ പഞ്ചായത്തിലും സജീവമായിരുന്നു. ശ്രീ. വി. ഗോപാലൻ, കെ.ആർ. വേലായുധൻ, കണ്ടുമാസ്റ്റർ, കൃഷ്ണൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ കർഷകസംഘത്തിന്റെ സമരം ശക്തമായി നടത്തിയിരുന്നു. 1960 കാലഘട്ടത്തിൽ ശ്രീ. വി.എ. ശേഖരൻ, ടി. വേലായുധൻ, കെ. രാജൻ, വി.കെ. കുപ്പൻ എന്നിവരുടെ നേതൃത്വത്തിൽ കിസ്സാൻ പഞ്ചായത്തിന്റെ പ്രവർത്തനവും സജീവമായിരുന്നു. സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ വന്ന മാറ്റത്തിന്റെ ഫലമായി ഭൂപരിഷ്കരണനിയമം നടപ്പിൽ വരുകയും നിലവിലുണ്ടായിരുന്ന ജൻമി സമ്പ്രദായം അവസാനിപ്പിച്ച് മണ്ണിൽ പണി എടുത്തിരുന്നവർ മണ്ണിന്റെ ഉടമകളായി മാറുവാനും കഴിഞ്ഞു.

കർക്കിടക മാസത്തിലെ ദുർഘടം കഴിഞ്ഞ് സുഭിക്ഷതയുടെ നാളായി എത്തുന്ന. പൊന്നോണമാസക്കാലത്ത് വിനോദത്തിനായി മുൻകാലങ്ങളിൽ "ഓണത്തല്ല്" ഇവിടേയും നടത്തിവന്നിരുന്നു. ഓണസദ്യ കഴിഞ്ഞ് ഈ വിനോദമത്സരം കാണുവാൻ എത്തുന്നവരുടെ എണ്ണം വളരെ കൂടുതലായിരുന്നു. മോഴിപുലം കൊറ്റു, കുട്ടായി, കുറിശ്ശാംകുളം കാസിം, പേഴുംകരനാഗപ്പൻ, വാരിയംപറമ്പ് മാധവൻ, മേപ്പറമ്പ് പി. യു. ബീരാൻ, പി.ബി. മമ്മിയപ്പ, പട്ടാളം മൊയ്തു എന്നിവർ ഈ രംഗത്ത് കേമൻമാരായിരുന്നു. ഓണത്തല്ല് നിയന്ത്രിച്ചിരുന്നത് മുഹമ്മദ്ഹാജിയായിരുന്നു. ഇപ്പോൾ ഈ വിനോദം ഓർമ്മകളിൽ മാത്രം.

കന്നുതെളി മത്സരം

കന്നിക്കൊയ്ത്തും, പണിയും കഴിഞ്ഞാൽ കന്നുതെളി മത്സരം സംഘടിപ്പിക്കുക ഇവിടെത്തെ കർഷകരുടെ മുഖ്യവിനോദമായിരുന്നു. മത്സരത്തിൽ പങ്കെടുപ്പിക്കുന്ന ഉരുക്കളെ പ്രത്യേക പരിരക്ഷനൽകി വളർത്തിയിരുന്നു. മറ്റു പ്രദേശങ്ങളിൽ പങ്കെടുപ്പിക്കുവാൻ ഇവിടെ നിന്നും ഉരുക്കളെ കൊണ്ടുപോകുക പതിവായിരുന്നു. കന്നുതെളി മത്സരത്തിൽ കമ്പക്കാരായ കൃഷിക്കാർ ഇവിടെ ഇപ്പോഴും കുറവല്ല.

കാടും പറമ്പും "നമുക്കേറ്റം പ്രിയങ്കരം"

കാട് :-
1. കല്ലേകക്കാട്
2. കറമ്പക്കാട്
3. കള്ളിക്കാട്
4. കുണ്ടുകാട്
5. തുമ്പക്കാട്
6. തുംമ്പളംകാട്
7. അണ്ടലംകാട്
8. ഏറങ്കാട്
9. നെല്ലിക്കാട്
10. ചാമക്കാട്
11. മാപ്പിളക്കാട്
12. ഇരുപ്പക്കാട്

പറമ്പ്

1. പാനപ്പറമ്പ്
2. പറയൻപറമ്പ്
3. പുളിയപ്പറമ്പ്
4. അമ്പലപ്പറമ്പ്
5. ആലയ്ക്കൽ പറമ്പ്
6. അത്തിക്കോടുപറമ്പ്
7. കളപ്പറമ്പ്

8	കരിയാട്ടുപറമ്പ്
9	ചരപ്പറമ്പ്
10	ചാവടിപ്പറമ്പ്
11	മണപ്പുള്ളിപ്പറമ്പ്
12	മുണ്ടൻപറമ്പ്
13	മേപ്പറമ്പ്
14	നെല്ലിപ്പറമ്പ്
15	നെടുംപറമ്പ്
16	വാരിയംപറമ്പ്
17	വാലിപ്പറമ്പ്
18	വേങ്ങരപറമ്പ്
19	ഞാവിളങ്കൽ പറമ്പ്
20	ഇല്ലത്തുപറമ്പ്
21	കുണ്ടുപറമ്പ്
22	ബംഗ്ലാപറമ്പ്
23	ചെരുപ്പിനിപറമ്പ്
24	ബാലൻപറമ്പ്

5-6.

കൃഷി

ആദ്യകാലങ്ങളിലെ പ്രധാനകൃഷി നെല്ലായിരുന്നു. നാടൻ വിത്തിനങ്ങളായ കഴമ, ചിറ്റേനി, വെള്ളരിക്കഴമ, ചമ്പാൻ, കരിപ്പാലി എന്നീ പ്രതിരോധശേഷിയുള്ള വിത്തിനങ്ങൾ ക്കാലാവസ്ഥയ്ക്ക് അനുസൃതമായി കൃഷിചെയ്തിരുന്നു. പിന്നീട് 1980 മുതലുള്ള കാലഘട്ടങ്ങളിൽ മദ്ധ്യകാലമൂപ്പുള്ള മസൂരി AP 1 IR 20, ജയ, IR 8 കൾച്ചർ എന്നീ വിത്തിനങ്ങൾ കൃഷിചെയ്തിരുന്നു. 1990 നു ശേഷം AST കുഞ്ഞുകുഞ്ഞ്, കൈരളി, കാഞ്ചന, ആതിര, പവിഴം സ്വർണ്ണപ്രഭ എന്നീ വിത്തിനങ്ങളും ഉപയോഗിച്ചു വരുന്നു. 1970 വരെ പരിപൂർണ്ണ കന്നുകാലികളെ ഉപയോഗിച്ചും 1975 നുശേഷം ട്രാക്ടർ, ട്രില്ലർ എന്നി ഭാഗികമായി ഉപയോഗിച്ചു നിലം ഉഴുതു 1985 നുശേഷം പരിപൂർണ്ണായും ട്രാക്ടർ, ട്രില്ലർ എന്നിവ ഉപയോഗിച്ച് കൃഷിചെയ്തു.

ഈ പഞ്ചായത്തിലെ ഭൂവിനിയോഗം

മൊത്തം വിസ്തീർണ്ണം	-	1750 Hc
കൃഷിയിടം	-	1220 Hc
കൃഷിക്ക് ഉപയോഗിക്കുന്ന തരിശുനിലം	-	50 Hc
കർഷക കുടുംബങ്ങൾ	-	3863
കർഷകർ 1 - Hector - ന് താഴെ	-	2453
കർഷകർ 1 Hector - 3 Hector ന് താഴെ	-	1278
കർഷകർ 3 Hector ന് മുകളിൽ	-	132
പട്ടികജാതി കോളനികൾ	-	14

വിള വിഭജനം

ഈ പഞ്ചായത്തിലെ ഇന്ന് മൊത്തം കൃഷിചെയ്യുന്ന വിത്തുകളും ഉല്പാദനവും ഉല്പാദനക്ഷമതയും പരിശോധിക്കുമ്പോൾ നെൽകൃഷിയുടെ കാര്യത്തിൽ കഴിഞ്ഞ അഞ്ചു വർഷം മുമ്പുണ്ടായിരുന്നതിനേക്കാൾ കുറവ് വന്നതായികാണാം. രണ്ട് പുവ്വൽ കൃഷിയിടങ്ങൾ ഒരു പുവ്വലും, ഒരു പുവ്വൽ കൃഷിയിടങ്ങൾ തരിശായും മറ്റു കൃഷികൾക്കായും ഉപയോഗിക്കുന്നുണ്ടെന്ന് കാണാം.

വിതരണക്രമം

പിരായിരി പഞ്ചായത്തിലെ കൃഷിക്കാരിൽ 70% നാമമാത്ര കർഷകരാണ്.

ആധുനികരീതികൾ, പ്രശ്നങ്ങളും സാദ്ധ്യതകളും

കൃഷി മുഖ്യ വരുമാനമല്ലാത്തതുകൊണ്ട് കൃഷിക്കാർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ താല്പര്യം കാണിക്കാറില്ല. ഭൂരിഭാഗം കർഷകരുടെയും കൃഷിയിൽ നിന്നുള്ള വരുമാനം തുലോം കുറവാണ്. ഇതുകാരണം കൃഷിക്കാർ മറ്റുമേഖലകളെ ആശ്രയിക്കുന്നു.

പഴയരീതിയിലുള്ള കൃഷി സമ്പ്രദായം മാറ്റി ആധുനിക രീതിയിലുള്ള കൃഷിരീതികൾ കർഷകർ സ്വീകരിച്ചു. രാസവളം കൂടുതലായി ഉപയോഗിച്ചു ജൈവവളത്തിന്റെ ഉപയോഗം കുറഞ്ഞുവന്നു, നിലം ഉഴുത് ഒരാഴ്ചയോളം ഇട്ടശേഷം പാകപ്പെടുത്തി നടുന്ന രീതി പാടെ നിലച്ചു. മകരച്ചാൽ പൂട്ടുന്ന സമ്പ്രദായം കുറഞ്ഞുവന്നു. കർഷകർക്ക് ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടി ഈ രീതിയിൽ

സീകരിക്കാൻ നിർബന്ധിതരായതാണ്. ഈ വഴിയ്ക്ക് നെൽകൃഷിക്ക് പല രോഗങ്ങളും കീടങ്ങളും ഉണ്ടായിത്തുടങ്ങി.

പാലക്കാട് നഗരസഭയോട് ചേർന്നുക്കിടക്കുന്ന പഞ്ചായത്തായതിനാൽ ആവശ്യമുള്ളത്ര കർഷകതാഴിലാളികളെ ലഭിക്കാത്തതാണ് കർഷകരെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. നിർമ്മാണത്തൊഴിലാളികൾക്ക് കാർഷിക മേഖലയെക്കാൾ വേതനം കൂടുതൽ കിട്ടുന്നതിനാൽ തൊഴിലാളികൾ ഇത്തരം മേഖലതേടിപോകുന്നു. കർഷകർക്ക് താരതമ്യേന കുറഞ്ഞവേതനം നൽകാനേകഴിയൂ. വിദ്യാഭ്യാസത്തിന്റെ ഫലമായി കർഷകത്തൊഴിലാളികളുടെ വളരുന്ന തലമുറയിൽപ്പെട്ടവർ പുതിയ തൊഴിൽ സാദ്ധ്യതകൾ അന്വേഷിച്ചുതുടങ്ങിയതാണ് കാർഷിക രംഗത്ത് തൊഴിലാളികളെ ലഭിക്കാതിരിക്കുന്നതിനുള്ള ഒരു പ്രശ്നം.

രാസവളത്തിന്റെയും കീടനാശിനികളുടെയും ഉപയോഗം അശാസ്ത്രീയമായ രീതിയിലുള്ള ഉപയോഗം മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെട്ടു. ആധുനിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഉല്പാദനച്ചെലവ് അല്പം കുറവ് വന്നിട്ടുണ്ട്. എങ്കിലും രാസവള വിലവർദ്ധനവും തൊഴിലാളികളുടെ വേതന വർദ്ധനവും കാലാവസ്ഥയുടെ പ്രതികൂലസാഹചര്യങ്ങളും കാരണം കൃഷി തീരെ ലാഭകരമല്ലാത്ത സ്ഥിതിയിൽ എത്തിയിരിക്കുകയാണ്. സഹകരണസംഘങ്ങളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ലോണുകളും മറ്റും കൃഷിക്കാർക്ക് തിരിച്ചടയ്ക്കാൻ പോലും വരുമാനമില്ലാത്ത രീതിയിൽ കൃഷി നഷ്ടമായിരിക്കുന്നു.

കാർഷിക പ്രശ്നങ്ങളും പരിഹാരങ്ങളും

പ്രശ്നങ്ങൾ

1. മണ്ണിന്റെ ഉല്പാദനക്ഷമതയിലുള്ള കുറവ്
2. സമയാസമയത്ത് കർഷകർക്ക് ആവശ്യമായ അത്യുല്പാദനശേഷിയുള്ള വിത്ത് ആവശ്യാനുസരണം ലഭിക്കുന്നില്ല.
3. കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും കുറഞ്ഞ ചിലവിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.
4. ഉൽപാദന ചിലവിന് അനുസരിച്ച് നെല്ലിന് വില ലഭിക്കുന്നില്ല.
5. കാർഷിക തൊഴിലാളികളെ ആവശ്യത്തിന് ലഭിക്കുന്നില്ല.
8. വളം, കീടനാശിനി മുതലായവയുടെ വില വർദ്ധനവും, അവ ഉപയോഗിക്കുന്നതിനുള്ള ചിലവും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു.
7.. വൈദ്യുതി എല്ലാവിളകൾക്കും സൗജന്യമായി ലഭിക്കുന്നില്ല.
8. ഫാം റോഡുകളുടെ അഭാവം കാരണം വിതരണരംഗത്ത് വേണ്ടത്ര പുരോഗതി ഇല്ല. കാർഷികരംഗത്ത് മൊത്തത്തിൽ ചിലവ് കൂടുന്നുണ്ട്.
9. വിള ഇൻഷൂറൻസ് പദ്ധതി. കൃഷിക്കാർക്ക് ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. ജൈവവള പ്രയോഗം പരമാവധി പ്രോത്സാഹിപ്പിക്കുക. അതിന് ആവശ്യമായ കമ്പോസ്റ്റ്വളം നിർമ്മിക്കാനും, പച്ചിലവളം (ഡെയിഞ്ച, ശീമക്കൊന്ന) ഉല്പാദിപ്പിക്കുന്ന വിത്തിനങ്ങൾ സൗജന്യമായി വിതരണം ചെയ്യണം. മണ്ണ് പരിശോധിച്ച് ആവശ്യമായ വളപ്രയോഗം നടത്താൻ വേണ്ട പ്രോത്സാഹനം നൽകണം.

2. പാടശേഖര സമിതികൾ മുഖാന്തിരം വിത്തുല്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

3. കാർഷികോപകരണങ്ങൾ ട്രാക്ടർ, ട്രില്ലർ, കളനശീകരണയന്ത്രം, കൊയ്ത്തുയന്ത്രം, മെതിയന്ത്രം, നടീൽ യന്ത്രം, പാറ്റൽയന്ത്രം, സ്പെയർ, റോക്കർസ്പ്രയർ മുതലായവ എല്ലാ പാടശേഖസമിതികൾക്കും കിട്ടത്തക്കവിധത്തിൽ സൗജന്യമായി വിതരണം ചെയ്യണം. സഹകരണ സംഘവും പഞ്ചായത്തും കാർഷികയന്ത്രങ്ങൾ വാങ്ങി കുറഞ്ഞവാടകയ്ക്ക് കർഷകർക്ക് നൽകുന്നതിനുവേണ്ട സംവിധാനം ഉണ്ടാക്കുക.

4. നെല്ലിന് കി. 1000 രൂപ തറവില നിശ്ചയിക്കണം. സഹകരണസംഘങ്ങൾ മുഖേന നെല്ല് സംഭരിച്ച് കൃഷിക്കാർക്ക് ഏറ്റവും ഉയർന്ന വിലലഭ്യക്കാൻ വേണ്ട സംവിധാനം ചെയ്യുക. പൊതുമേഖലയിൽ ഒരു മോഡേൺ റൈസ്മിൽ സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

5. പഞ്ചായത്ത് അടിസ്ഥാനത്തിൽ കർഷകതൊഴിലാളികൾ രിജസ്റ്റർ ചെയ്ത് കൃഷിക്കാർക്ക് ആവശ്യാനുസരണം തൊഴിലാളികളെ പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക. മറ്റു മേഖലകളിലെ തൊഴിലാളികളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാനാവശ്യമായ പ്രോത്സാഹനം സർക്കാർ നൽകുക.

6. വളം, കീടനാശിനി മുതലായവ സൗജന്യ നിരക്കിൽ ലഭ്യമാക്കുക. കൃഷി ഓഫീസറുടെ നിർദ്ദേശപ്രകാരം അവരുടെ നിയന്ത്രണത്തിൽ വളപ്രയോഗവും മരുന്നുതളിയും നടത്തണം. ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതിപോരായ്മകൾ പരിഹരിച്ച് കൂടുതൽ കാര്യക്ഷമമായി പ്രാവർത്തികമാക്കുക.

7. നെൽകൃഷിക്കെന്നപോലെ ജലസേചനം ആവശ്യമുള്ള എല്ലാ വിളകൾക്കും വൈദ്യുതി സൗജന്യമായി നൽകണം.

8. എല്ലാ പാടശേഖരങ്ങളിൽ നിന്ന് പ്രധാനറോഡുമായി ബന്ധിപ്പിക്കുന്ന വിധത്തിൽ ഫാം റോഡുകൾ നിർമ്മിക്കണം. നിലവിലുള്ളവ ഗതാഗതയോഗ്യമാക്കണം.

9. വ്യവസ്ഥകൾ ലഘൂകരിച്ച് കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം എളുപ്പത്തിൽ ലഭിക്കുമാറാക്കുക. അർഹതപ്പെട്ട എല്ലാവർക്കും നഷ്ടപരിഹാരം ലഭിക്കത്തക്കവിധത്തിൽ നിയമം ക്രമീകരിക്കുക.

നാണ്യവിളകൾ

1. തെങ്ങ്:- ആകെ തെങ്ങ് കൃഷി നടത്തുന്ന സ് ഥലം 208കായ് ക്കുന്ന തെങ്ങുകൾ Hc 18165. ശരാശരിവരുമാനം 4600 Hector. നാളികേരോല്പാദനം :- സംസ്ഥാനത്ത് ശരാശരിക്കും താഴെയാണ് സമീകൃത രാസവള പ്രയോഗം നടത്തണം. രാസവളങ്ങളും, കീടനാശിനി, കുമിൾനാശിനി മുതലായവയും അവ ഉപയോഗിക്കുന്നതിനുള്ള ഉപകരണങ്ങളും സൗജന്യനിരക്കിൽ വിതരണം ചെയ്യണം. രോഗബാധയേറ്റ തെങ്ങുകൾക്ക് പ്രതിരോധ നടപടിസ്വീകരിച്ചിട്ടും നശിച്ചുപോയാൽ നഷ്ടപരിഹാരം നൽകാൻ വിള ഇൻഷൂറൻസ് പദ്ധതി വേണ്ട ക്രമീകരണം നടത്തണം. കൊപ്രഡ്രയ്യർ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. ഉല്പാദനചിലവനുസരിച്ച് കൊപ്രയുടെ താങ്ങുവില ഉയർത്തണം. അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈ സൗജന്യമായി വിതരണം ചെയ്യണം.

വാഴ :- വാഴ കൃഷി ഈ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. വിപണനസൗകര്യം കുറവാണ്. കൃഷിയെക്കുറിച്ച് കർഷകർക്ക് പരിപൂർണ്ണ അറിവ് ഇല്ല.

നല്ലയിനം വാഴക്കന്ന് സൗജന്യമായി വിതരണം ചെയ്യണം. കീടനാശിനി, കുമുൾനാശിനി, രാസവളം, സ്പ്രെയർമുതലായവ സൗജന്യനിരക്കിൽ വിതരണം ചെയ്യണം. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സഹകരണ സംഘങ്ങളോ മറ്റു സർക്കാർ ഏജൻസിയോ മുന്നോട്ടുവരണം. ഉല്പാദന ചിലവിനനുസൃതമായി വില ഉറപ്പു വരുത്തണം.

ഇഞ്ചി - മഞ്ഞൾ താരതമ്യേന ഈ പഞ്ചായത്തിൽ കൃഷി കുറവാണ്. എല്ലാ തരത്തിലുള്ള പ്രോത്സാഹനങ്ങളും നൽകി ഈ കൃഷിലാഭകരമായി നടത്താൻ കർഷകരെ സഹായിക്കണം. ബോധവൽക്കരണമുൾപ്പെടെയുള്ള കാര്യങ്ങൾ ഈ കൃഷി വിജയിക്കുന്നതിന് ആവശ്യമാണ്. രാസവളം, കീടനാശിനികൾ മുതലായവ സൗജന്യനിരക്കിൽ വിതരണം ചെയ്യണം.

പച്ചക്കറികൃഷി:- പച്ചക്കറികൃഷി ഈ പഞ്ചായത്തിൽ താരതമ്യേന കുറവാണ്.

അത്യുല്പാദനശേഷിയുള്ള പച്ചക്കറി വിത്തിനങ്ങൾ സൗജന്യമായി വിതരണം ചെയ്യണം. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സഹകരണ സംഘങ്ങൾമുഖേന വിറ്റഴിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. ആഴ്ച ചന്തകളും ദിവസചന്തകളും മുഖേന പരിഹാരം കാണാവുന്നതാണ്.

ചെറി, കുരുമുളക്, കശുമാവ്, കവുങ്ങ്, മാവ്, പപ്പായ, പേര, പൈനാപ്പിൾ മുതലായ കൃഷി മുതലായ കൃഷി ഈ പഞ്ചായത്തിൽ വാണിജ്യ അടിസ്ഥാനത്തിൽ ചെയ്യുന്നില്ല.

അനുയോജ്യമായ മണ്ണും കാലാവസ്ഥയും ഈ പഞ്ചായത്തിൽ ഉണ്ട്. അത്യുല്പാദനശേഷിയുള്ള തൈകളും ആവശ്യമായ കീടനാശിനികളും സൗജന്യമായ കീടനാശിനികളും സൗജന്യമായി ലഭിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിൽ മേൽപറഞ്ഞയിനം കൃഷി വാണിജ്യാടിസ്ഥാനത്തിൽ നടത്താൻ കഴിയും.

നിർദ്ദേശങ്ങൾ

1. ജൈവവള പ്രയോഗം ശാസ്ത്രീയമായി നടത്തുന്നതിന് ബോധവൽക്കരണം കൃഷിക്കാർക്ക് നടത്തുന്നതിനാവശ്യമായ Training Centre ഉണ്ടാക്കണം.
2. പാടശേഖരസമിതി മുഖേന അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും രാസവളങ്ങളും, കീടനാശിനികളും വിതരണം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കണം.
3. കൃഷിയായുധങ്ങൾ ഉപയോഗിക്കുന്നതിന് വാടകയിനത്തിൽ സബ്സിഡി അനുവദിക്കണം.
4. കൃഷി ചിലവിന് അനുയോജ്യമായ രീതിയിൽ താങ്ങുവില നിശ്ചയിക്കുക.
5. കൃഷിക്കാവശ്യമുള്ള ജലസേചനത്തിന് വൈദ്യുതി സൗജന്യ നിരക്കിൽ നൽകണം
6. അനുയോജ്യമായ സ്ഥലങ്ങളിൽ ഫാം റോഡ് നിർമ്മിക്കണം.
7. വിള ഇൻഷൂറൻസ് ക്രമീകരിക്കുക
8. കൃഷിഭവന് സ്വന്തമായ ഒരു ഓഫീസ് കെട്ടിടം നിർമ്മിക്കണം.
9. ആവശ്യമുള്ള ഭാഗങ്ങളിൽ പുഴയിലും തോട്ടിലും തടയണകൾ നിർമ്മിച്ചു ജലസംഭരണശേഷി വർദ്ധിപ്പിക്കുക.

പിരായിരി പഞ്ചായത്തിലെ പാടശേഖര കമ്മിറ്റികളുടെ വിവരം

ക്രമ നമ്പർ	പാടശേഖരത്തിന്റെ പേര്	വിസ്തീർണ്ണം ഹെക്ടറിൽ	ഗുണഭോക്താക്കളുടെ എണ്ണം
1	കുന്നംകുളങ്ങര	20	33
2	തുമ്പക്കാട്	34	56
3	അത്താലൂർ	40	42
4	കുട്ടാടം പാടം	45	54
5	കിഴക്കുംപുറം	40.76	61
6	മണികുറ്റിപ്പാടം	36	22
7	എഴുന്നി-ഉണ്ണിരാംകുന്നം	45	63
8	കല്ലേപ്പാടം	29	33
9	പൂടൂർ	90	56
10	കാടൂർ	51	42
11	പേഴുങ്കര	33	49
12	പുള്ളിപ്പാടം	29.74	52
13	മോഴിപുലം	43.2	54
14	ചണയൻകോട്	45	48
15	പുതുക്കുഴി	42	28
16	കിളിപ്പാടം	30.81	30
17	അമ്പലപ്പറമ്പ്	46.41	45
18	ചേങ്ങോട്	49	35

7.

ജലസേചനം

പ്രകൃതിയെ മാത്രം ആശ്രയിച്ച് കൃഷിനടത്തിയിരുന്ന ഈ പഞ്ചായത്തിൽ ഒന്നാം പഞ്ചവത്സര പദ്ധതി മുതൽ സമഗ്രമായ ജലസേചനത്തിന് സൗകര്യം ലഭിച്ചുതുടങ്ങിയിട്ടുണ്ട്. മേയ് അവസാനം മുതൽ നവംബർ ആദ്യവാരം വരെ ലഭിക്കുന്ന മഴയെ ആശ്രിയച്ച് നടത്തിയരുന്ന കൃഷിരീതി ഇന്ന് ജലസേചനത്തെ ആശ്രയിച്ച് ക്രമീകരിച്ചിരിക്കുന്നു. മലമ്പുഴ ഇറഗേഷൻ, കമാൻറ് ഏരിയ ഡവലപ്പ്മെൻറ് അതോറിറ്റി എന്നീ വകുപ്പുകളുടെ നാല് ദശാബ്ദകാലത്തെ വികസനപ്രവർത്തന ഫലമായി മൂന്നു ഭാഗവും പുഴകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ പഞ്ചായത്ത് ജലസേചനത്തിൻെറ കാര്യത്തിൽ സ്വയം പര്യാപ്തമാണ്. മലമ്പുഴ ഇടതു കനാലിൽ കൽമണ്ഡപത്തു നിന്ന് ആരംഭിക്കുന്ന ബ്രാഞ്ച് കനാൽ West Fort- ൽ നിന്ന് രണ്ടായിപ്പിരിഞ്ഞ് കൊടുന്തിരപ്പുള്ളി എടത്തറ എന്നീ ബ്രാഞ്ച് കനാലായി അറിയപ്പെടുന്നു.

പ്രശ്നങ്ങൾ

1. മലമ്പുഴയിൽ നിന്നുള്ള വെള്ളം ഈ പഞ്ചായത്തിലെ എല്ലാ ഭാഗത്തേക്കും യഥാസമയം ആവശ്യത്തിന് ലഭിക്കുന്നില്ല.
2. അത്താലൂർ ലിഫ്റ്റ് ഇറിഗേഷൻ അറ്റകുറ്റ പണികൾ പൂർത്തീകരിച്ച സമിതികൾ പച്ചക്കറി കൃഷി ചെയ്യുവാനുള്ള സൗകര്യം ഇപ്പോൾ നിലവിൽ ഇല്ല.
3. പഞ്ചായത്തിലെ തോടുകൾ പലതും മഴക്കാലത്ത് പൊട്ടി കൃഷിനാശം സംഭവിക്കുന്നു.

നിർദ്ദേശങ്ങൾ

1. മലമ്പുഴ കനാലിലെ എല്ലാ ബ്രാഞ്ചു കനാലുകളും സെപ്തംബർ മാസത്തിനകം അറ്റുകുറ്റ പണി തീർത്തിരിക്കണം. സ്ഥിരം സംവിധാനമെന്ന നിലയിൽ കനാലിൽ വരുന്ന ജലം ഒരു തുള്ളി പോലും നഷ്ടപ്പെടാതിരിക്കാൻ കനാലിനകം മൂന്നു ഭാഗവും കോൺക്രീറ്റ് ചെയ്ത് സംരക്ഷിക്കണം. ഫീൽഡ് ബൂത്തുകളും കാഡാ പദ്ധതിയിൽപ്പെടുത്തിയവയും കാലാകാലങ്ങളിൽ റിപ്പയർ ചെയ്ത് ജലസേചനപ്രദമാക്കിത്തീർക്കണം.
2. പഞ്ചായത്തിൻെറ തെക്കും വടക്കും അതിർത്തിയിലുള്ള പുഴകളിൽ ചെക്ക് ഡാമുകൾ കെട്ടി വെള്ളം ലിഫ്റ്റ് ചെയ്ത് മലമ്പുഴ കനാലിൻകൂടി ജലസേചനം നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം.

   കൈച്ചാലുകൾ, തോടുകൾ എന്നിവയിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലസേചനം കാര്യക്ഷമമാക്കണം. പഞ്ചായത്തിലെ കുളങ്ങളും മറ്റു ജലസംഭരണികളും ആഴംകൂട്ടുകയോ മറ്റു അറ്റുകുറ്റ പണികൾ ചെയ്യുകയോ ചെയ്ത് ജലസേചനത്തിന് ഉപയോഗപ്രദമാക്കണം.
3. തെങ്ങ്, കവുങ്ങ്, വാഴ, ഇഞ്ചി തുടങ്ങി എല്ലാ നാണ്യവിളകൾ കൃഷിചെയ്യുന്നതിന് ജലസേചനം നടത്തുന്നതിന് ബോർവെൽ, സാധാരണ കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും ചിലവിൻെറ 80% സബ്സിഡി അനുവദിക്കണം.
4. ജലവിനിയോഗം കാര്യക്ഷമമാക്കാൻ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി എത്രയും ഉദാരവൽക്കരിക്കണം.
5. അത്താലൂർ ലിഫ്റ്റ് ഇറിഗേഷൻ അറ്റകുറ്റ പണി പൂർത്തീകരിച്ചു നൽകണം.
6. പഞ്ചായത്തിലെ തോടുകളുടെ ഇരുവശവും ബണ്ട് കെട്ടി നൽകണം.

8

മൃഗസംരക്ഷണം

ആമുഖം

പാലക്കാട് മുനിസിപ്പാലിറ്റിയോട് തൊട്ടുകിടക്കുന്ന ഒരു കാർഷിക ഗ്രാമമാണ് പിരായിരി ഗ്രാമപഞ്ചായത്ത്. ഇവിടെയുള്ളവർ ഭൂരിഭാഗവും ചെറുകിട നാമമാത്രകൃഷിക്കാരാണ്. പശു, ആട്, കാള, എരുമ, പോത്ത് എന്നിവയാണ് പ്രധാന വളർത്തു മൃഗങ്ങൾ ഇവയുടെ പരിപാലനം ജനങ്ങളുടെ സാമ്പത്തിക വളർച്ചയെ വളരെയധികം സ്വാധീനിക്കുന്നുണ്ട്.

മൃഗസംരക്ഷണമേഖല എന്നാൽ പാൽ ഉല്പാദനം മാത്രമല്ല ഈ മേഖലയിലെ ഒരു പ്രധാന ഉൽപാദനമാണ് പാൽ എന്നതുശരി. ഇറച്ചി, മുട്ട എന്നിവയും വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. വ്യവസായ മേഖലക്കാവശ്യമായ തുകൽ എല്ല്, ജലറ്റിൻ, കൊഴുപ്പ്, എന്നിവയും ഔഷധ മേഖലക്കാവശ്യമായ ഹോർമോൺ, വാക്സിൻ, എൻസൈമുകൾ തുടങ്ങിയവയും പരീക്ഷണശാലയിലേക്കാവശ്യമുള്ള വളർത്തുമൃഗങ്ങളും കാർഷിക മേഖലക്കാവശ്യമായ ജൈവവളം നിലം ഒരുക്കുന്നതിനാവശ്യമായ മൃഗ ശക്തിയും ഭാരം വലിക്കുന്നതിനുള്ള മൃഗശക്തിയും ഇന്ധനത്തിനാവശ്യമായ ബയോഗ്യാസും, പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പേവിഷബാധ നിയന്ത്രണം, ശുദ്ധമായ മാംസോൽപ്പാദനം എന്നിവയും ഈ മേഖലയിലെ വികസന സാദ്ധ്യതകളാണ്. ഈ മേഖലയിൽ ശ്രദ്ധിക്കുന്നതുകൊണ്ട് തൊഴിൽ സാധ്യതകൾ വർദ്ധിക്കുകയും സാധാരണക്കാരുടെ വരുമാനത്തിൽ വർദ്ധനവുണ്ടാവുകയും ചെയ്യുന്നു. കന്നുകാലി സമ്പത്തിന്റെ 94% വും ഗ്രാമപ്രദേശങ്ങളിൽ ചെറുകിട നാമമാത്ര കർഷകരുടെ കയ്യിലായതുകൊണ്ട് ഈ മേഖലയിലെ വികസനം ഗ്രാമീണ സമ്പദ് വ്യവസ്ഥ ശക്തമാക്കുന്നു. കൂടാതെ ഈ മേഖലയിൽ 60% അദ്ധ്വാനവും സ്ത്രീകൾ നിർവ്വഹിക്കുന്നതുകൊണ്ട് കുടുംബത്തിന്റെ വളർച്ചയും ഇതുമൂലം സാധിക്കുന്നു.

1995 വരെ ഈ പഞ്ചായത്തിൽ ഒരു സബ് സെന്ററർ മാത്രമാണു പ്രവർത്തിച്ചിരുന്നത്. കന്നുകാലികൾക്കുള്ള പ്രാഥമിക ചികിത്സാ സൗകര്യങ്ങളും കൃത്രിമ ബീജസങ്കലനവും മാത്രമാണ്. ഇതുമൂലം നടന്നിരുന്നത്. പഞ്ചായത്ത് പ്രദേശത്തെ കന്നുകാലികളുടെ എണ്ണവും ആവശ്യവും പരിഗണിച്ച് ഇപ്പോൾ ഇവിടെ ഒരു മൃഗാശുപത്രിയും പ്രവർത്തിക്കുന്നു. സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പൂർണ്ണായും പര്യാപ്തമല്ല ഇവിടുത്തെ സൗകര്യങ്ങൾ. ഇവിടെ ഇനിയും ആധുനിക സൗകര്യങ്ങൾ വരേണ്ടിരിയിരിക്കുന്നു.

മുൻ പഞ്ചവത്സര പദ്ധതിക്കാലത്ത് മൃഗസംരക്ഷണമേഖലയിൽ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ അവ അതിന്റെറതായ പൂർണ്ണരൂപത്തിൽ സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞോ എന്നകാര്യം സംശയമാണ്.

പഞ്ചായത്തുപ്രദേശത്ത് ഒരു ക്ഷീരസഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. പ്രതിദിനം 1800 ലിറ്റർ ക്രയവിക്രയശേഷിയുള്ള ഈ സംഘം ഇപ്പോൾ 1200 ലിറ്റർ പാലാണ് സംഭരിച്ച് വിതരണം നടത്തുന്നത്. 1260 ഓളം മെമ്പർമാർ ഇപ്പോൾ സംഘത്തിലുണ്ട്. വളരെ നല്ലനിലയിൽ പ്രവർത്തിക്കുന്ന

ഈ സംഘത്തിന്റെ ഒരു വർഷത്തെ ക്രയവിക്രയം എകദേശം 4½ ലക്ഷത്തോളം വരും. ക്ഷീരകർഷകർക്ക് ന്യായമായവില ലഭിക്കുവാൻ ഈ സംഘം വഴി സാധിക്കുന്നു. എങ്കിലും ഇതിന്റെ പ്രവർത്തനമേഖല കൂടുതൽ വികസിപ്പിക്കേണ്ടിയിരിക്കുന്നു.
മാംസോൽപ്പാദനത്തിൽ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള സ്ഥിതികൾ അപര്യാപ്തമാണ്.

ക്ഷീരകർഷകരെ അലട്ടുന്ന വലിയപ്രശ്നം കന്നുകാലി തീറ്റയുടെ വിലവർദ്ധനവാണ്. കൂടിയവിലക്ക് കാലിത്തീറ്റ വാങ്ങികൊടുക്കുക എന്നത് അവർക്ക് താങ്ങാവുന്നതിനുമപ്പുറത്താണ്. അതുകൊണ്ട് കറവുകളുടെയും മറ്റും ഉല്പാദന ശേഷി പരമാവധി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

ഇറച്ചിക്കോഴി വളർത്തൽ ഇവിടെ ഇപ്പോൾ ക്ഷയിച്ചുവരുന്ന ഒരു രംഗമാണ്. തീറ്റയുടെ വില കോഴിക്ക്, ന്യായമായ വില ലഭിക്കുവാനുള്ള ബുദ്ധിമുട്ട് കൃത്യമായ വിവരണം എന്നിവ ഈ രംഗത്തെ പ്രശ്നങ്ങളാണ്.

കേരളത്തിലേക്കാവശ്യമുള്ള മുട്ടയുടെ നല്ലൊരു ഭാഗം തമിഴ്നാട്ടിൽനിന്നും മറ്റുമാണ് വരുന്നത്. ഇവിടത്തെ മുട്ടയുല്പാദനം വർദ്ധിപ്പിച്ചാൽ ഒരു പരിധിവരെ ഇതിനു പരിഹാരമാകും. ഉയർന്ന ഉല്പാദന ചിലവ് ഈ മേഖലക്ക് വിനയായി വർത്തിക്കുന്നു.

മാംസത്തിനുവേണ്ടി അറുക്കുന്ന മാടുകളുടെയും ആടുകളുടെയും തുകൽ ഇന്ന് അന്യ സംസ്ഥാനത്തേക്ക് കയറ്റി അയക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇവക്ക് ന്യായമായ വില കിട്ടാതെ പോകുന്നു. ഒരു ദിവസം അറക്കുന്ന മാടുകളുടെയും ആടുകളുടെയും കണക്ക് പരിശോധിച്ചാൽ ഈ രീതിയിൽ എത്ര വരുമാനമാണ് നഷ്ടമെന്നു കാണാൻ കഴിയും.

കൃഷിക്കാവശ്യമായ ജൈവവളം പ്രധാനമായും ലഭിക്കുന്നത് കാലിവളർത്തലിലൂടെയാണ്. രാസവളങ്ങളോട് ആഭിമുഖ്യം കുറഞ്ഞുവരുന്ന ഇക്കാലത്ത് ജൈവവളത്തിന് പ്രാധാന്യം വർദ്ധിക്കുന്നു.

ഒരു സാധാരണ കുടുംബത്തിന് പാചകാവശ്യത്തിനും വെളിച്ചത്തിനുമുള്ള ബയോഗ്യാസ് ഉണ്ടാക്കുവാൻ രണ്ടു പശുവിൽ നിന്നുള്ള ചാണകം മതിയാകും. ഇന്ധനചിലവ് കൂടിവരുന്ന സാഹചര്യത്തിൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാവുന്നതാണ്. ഇപ്പോൾ ചുരുക്കം വീടുകളിലെ. ഇതുപോലുള്ള പ്ലാൻറുകൾ പ്രവർത്തിക്കുന്നുള്ളു.

ക്ഷീരകർഷകർക്ക് വേണ്ടത്ര പരിശീലനം നൽകുന്നതിനും തൻമൂലം അവരുടെ കാലിവളർത്തലിലുള്ള അറിവ് വർദ്ധിപ്പിച്ച് പരമാവധി ഉല്പാദനം ഉണ്ടാക്കുവാൻ കർഷകപരിശീലന കേന്ദ്രങ്ങൾ ഒന്നും ഇവിടെ പ്രവർത്തിക്കുന്നില്ല. പശുക്കളിൽ കാണുന്ന വന്ധ്യതയും അവമൂലമുണ്ടാകുന്ന നഷ്ടവും, നഷ്ടത്തെപ്പറ്റിയും ഇന്ന് കർഷകർ പൂർണ്ണായും ബോധവാൻമാരല്ല. കൂടാതെ ആടുമാടുകൾക്കുണ്ടാകുന്ന ആകസ്മികമായ മരണം മൂലം കർഷകർക്കക്ക് ഭീമമായ നഷ്ടം സംഭവിക്കുന്നുണ്ട്. ഇതിൽ നിന്നും പരിരക്ഷനേടുന്നതിന് കാറ്റിൽ ഈൻഷൂറൻസ് പദ്ധതി നടപ്പിലാക്കാവുന്നതാണ്, പല ഇൻഷൂറൻസ് കമ്പനികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ പ്രയോജനം ഫലപ്രദമായ രീതിയിൽ കർഷകർക്കെത്തിക്കുവാൻ സാധിച്ചിട്ടില്ല.

കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ:

1. കാലിതീറ്റയുടെ വിലവർദ്ധനവ്
2. വൈക്കോൽ വേണ്ടത്ര ഉൽപാദിപ്പിക്കപ്പെടുന്നുണ്ടെങ്കിലും കർഷകർക്ക് അവ വേണ്ടത്ര ലഭിക്കുന്നില്ല.
3. മൃഗചികിത്സാരംഗത്തെ പോരായ്മകൾ
4. കോഴിവളർത്തുന്നതിൽ വേണ്ടത്ര ശ്രദ്ധ കിട്ടുന്നില്ല.

5. ക്ഷീര കർഷകർക്ക് പാലിന് ന്യായമായ വില ലഭിക്കുന്നില്ല.
6. പേവിഷബാധ മൂലമുണ്ടാകുന്ന അപകടങ്ങൾ
7. കാലിവളർത്തുന്നതിന് വേണ്ടത്ര സാമ്പത്തികസഹായം ലഭിക്കുന്നില്ല.

മൃഗസംരക്ഷണ രംഗത്തെ സാധ്യതകൾ

വളരെ കുറഞ്ഞ പദ്ധതിവിഹിതം ഉപയോഗപ്പെടുത്തി ഏറ്റവും കൂടുതൽ വരുമാനം ഉണ്ടാക്കിത്തരുന്ന ഒരു വിഭാഗമാണ് മൃഗസംരക്ഷണമേഖല. ഇവിടത്തെ പ്രധാന ഉല്പന്നങ്ങൾ പാൽ. ഇറച്ചി, മുട്ട എന്നിവയാണ്. ഈ രംഗങ്ങളിൽ കൂടുതൽ ശ്രദ്ധിച്ചാൽ ആളോഹരി വരുമാനത്തിലും മെച്ചപ്പെട്ട ജീവിത നിലവാരം ഉണ്ടാക്കുന്നതിനും സാധിക്കും എന്നതിൽ തർക്കമില്ല. പാൽ, ഇറച്ചി, മുട്ട, ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്,, പഞ്ചായത്തുതലത്തിൽ തന്നെ വളരെയധികം സാധ്യതകളാണുള്ളത്. വികസന സാധ്യതയുള്ള ചില രംഗങ്ങൾ താഴെ കൊടുക്കുന്നു.

സാധ്യതകൾ

1. പഞ്ചായത്ത് തലത്തിൽ കാലിതീറ്റ യൂണിറ്റുകൾ സ്ഥാപിയ്ക്കുക.

പഞ്ചായത്ത് തലത്തിൽ ഉല്പാദിപ്പിയ്ക്കപ്പെടുന്ന വിഭവങ്ങൾ കാലാകാലങ്ങളിൽ ശേഖരിക്കുകയും അവ ഉപയോഗപ്പെടുത്തി കാലിതീറ്റ ഉല്പാദിപ്പിക്കുകയും ചെയ്യുക. ഇതുമൂലം ക്ഷീര കർഷകർക്ക് കുറഞ്ഞ ചിലവിൽ ഗുണനിലവാരമുള്ള കാലിതീറ്റ ലഭ്യമാക്കാൻ സാധിക്കും. തൻമൂലം ഉല്പാദന ചിലവ് ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിയും. ഇതിലൂടെ പ്രാദേശിക തലത്തിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാനും സാധിക്കും.

2. തീറ്റപുൽ കൃഷി വ്യാപകമാക്കുക.

സർക്കാർ വക ഉപയോഗിയ്ക്കപ്പെടാതെ കിടക്കുന്ന സ്ഥലങ്ങളും സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളും ഇതിലേയ്ക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. സങ്കരയിനം പുൽവിത്തുകൾ വിവിധ വകുപ്പുകൾ മുഖേന നൽകി വരുന്നു. കൃഷിക്കാവശ്യമായ സാമ്പത്തിക സഹായവും വിതരണം ചെയ്യുന്നുണ്ട്. ഇവ .ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങൾ വഴി ഫലപ്രദമായി വിതരണം നടത്താവുന്നതാണ്.

3. ക്ഷീര കർഷകർക്ക് ന്യായവില ലഭ്യമാക്കുക.

ഉല്പാദന ചിലവിന് അനുസൃതമായി ക്ഷീരകർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിന് വിപണന ശൃംഖല ശക്തമാക്കുക. ഇത് മൂലം തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയും.

4. പാൽ ഉല്പാദന യൂനിറ്റുകൾ സ്ഥാപിക്കുക.

പാലിൽ നിന്നും ഉണ്ടാക്കാവുന്ന മറ്റ് ക്ഷീരോല്പന്നങ്ങൾ ഉണ്ടാക്കുകയും വിതരണം നടത്തുകയും ചെയ്യുക. സന്നദ്ധസംഘടനകളായ മഹിളാ സമാജങ്ങൾക്ക് ഈ മേഖലയിൽ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും.

5. മൃഗ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

നിലവിലുള്ള സ്ഥാപനങ്ങൾക്ക് പുറമെ കന്നുകാലികളുടെ ആനുപാതികമായി മൃഗ പരിപാലന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഈ സ്ഥാപനങ്ങളിൽ ആധുനികരീതിയിലുള്ള ചികിത്സാ സൗകര്യങ്ങളും ഉണ്ടായിരിക്കണം. മൃഗചികിത്സാകേന്ദ്രങ്ങളിൽ വാഹനം, ഫോൺ മുതലായ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കണം.

6. ഇറച്ചിക്കോഴി യൂണിറ്റുകൾ സ്ഥാപിക്കുക.

95% മാംസഭുക്കുകളായ ഇവിടെ കോഴിയിറച്ചി ഒരു പ്രധാന ആഹാരമാണ്. ഇവിടേക്ക് ആവശ്യമുള്ള ഇറച്ചിക്കോഴികൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുകയാണ് ചെയ്യുന്നത്. ഇതുമൂലം നമ്മുടെ വരുമാനത്തിൽ നല്ലൊരു പങ്ക് അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു. ഇതു തടയാൻ താല്പര്യമുള്ള യുവാക്കൾക്ക് ഇറച്ചികൊഴി വളർത്തൽ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. ഇതിലേക്കാവശ്യമായ സാമ്പത്തിക സഹായങ്ങൾ പഞ്ചായത്തുമുഖേന ലഭ്യമാക്കണം. സാങ്കേതിക സൗകര്യങ്ങൾ മൃഗാശുപത്രികൾ മുഖേന നൽകാവുന്നതാണ്. അഭ്യസ്ഥവിദ്യരായ യുവാക്കൾക്ക് ഒരു സ്ഥിരവരുമാനമാർഗ്ഗം ഇതോടൊപ്പം ഉണ്ടാകുന്നതുകൊണ്ട് അവരുടെ ജീവിതനിലവാരവും മെച്ചപ്പെടുന്നു.

7. മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾ തുടങ്ങുക.

സർക്കാർ മുഖേനയും മറ്റ് ധനകാര്യസ്ഥാപനങ്ങൾ വഴിയും സാമ്പത്തിക സഹായം ലഭിക്കുന്ന മറ്റൊരു വികസന മേഖലയാണിത്. അഞ്ചോ, ആറോ യുവതീയുവാക്കൾ ചേർന്ന് കൂട്ടായ്മയിലൂടെ ഇവ നടത്തിക്കൊണ്ടുപോകാം. ഇവിടേക്കാവശ്യമുള്ള കോഴിക്കുഞ്ഞുങ്ങളും, തീറ്റയും ഷെഡ്ഡിലേക്കാവശ്യമുള്ള പാത്രങ്ങളും മറ്റും സർക്കാർ സാമ്പത്തിക സഹായംകൊണ്ട് ഉണ്ടാക്കണം. മുട്ടയുല്പാദനം തുടങ്ങുന്ന 5 മാസം വരെ സൗജന്യനിരക്കിൽ തീറ്റ കൊടുക്കുവാൻ കഴിയണം. ചെറിയ കാലിത്തീറ്റ യൂണിറ്റുകൾ സ്ഥാപിക്കുമ്പോൾ ഇവിടേക്ക് ആവശ്യമായ കോഴിത്തീറ്റയും കുറഞ്ഞ നിരക്കിൽ ഉൽപാദിപ്പിച്ച് ആവശ്യക്കാർക്ക് ലഭ്യമാക്കാവുന്നതാണ്.

8. മാംസോൽപാദന രംഗം.

ഇവിടേക്ക് ആവശ്യമായ മാംസത്തിന്റെ 95% വും മറ്റുസംസ്ഥാനങ്ങളിൽ നിന്നും വരുന്നതാണ്. കാളകൾ, പോത്തുകുട്ടികൾ, ആട്, കോഴി എന്നിവ കൂട്ടം കൂട്ടമായി വരുന്ന കാഴ്ച നമുക്ക് സുപരിചിതമാണ്. വരുമാനത്തിൽ ഈ മേഖലയിലേക്ക് ചിലവഴിക്കുന്ന തുകയുടെ നല്ലൊരു പങ്ക് ഇതുമൂലം നമുക്ക് നഷ്ടമാകുന്നു. ഇതിനു പരിഹാരമായി മാംസത്തിനാവശ്യമായ മൃഗങ്ങളേ ഇവിടെത്തന്നെ വളർത്തുവാൻ സാധിക്കും. പോത്തിൻ കുട്ടികളെയും ആട്ടിൻ കുട്ടികളെയും മറ്റും എറ്റവും കുറഞ്ഞ ചിലവിൽ വളർത്താനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. മേച്ചിൽപ്പുറങ്ങൾ ഇതിലേക്കായി കണ്ടെത്തുകയോ പുല്ലുവളർത്തൽ പ്രോത്സാഹിപ്പിക്കുകയോ ചെയ്താൽ ഈ ലക്ഷ്യം കൈവരിക്കാവുന്നതാണ്.

9. ലാഭകരമായ പന്നിവളർത്തൽ

പന്നിവളർത്തൽ വളരെ ലാഭകരമായി നടത്താവുന്ന ഒരു വികസന മേഖലയാണ്. ഉല്പാദനത്തിന്റെ ഏറിയ പങ്കും അപഹരിക്കുന്ന തീറ്റ ചിലവ്, ഹോട്ടലിൽ നിന്നും അറവുശാലകളിൽ നിന്നും ശേഖരിക്കുന്നു. അവശിഷ്ടം ശേഖരിക്കുന്നതിലൂടെ നികത്താവുന്നതാണ്. സങ്കരയിനത്തിൽപ്പെട്ടതും വളരെ എളുപ്പം തൂക്കം വക്കുന്നതുമായ പന്നിക്കുഞ്ഞുങ്ങൾ സർക്കാർ ഫാമുകളിൽ ലഭ്യമാണ്. ഓരോ പ്രസവത്തിലും കൂടുതൽ കുഞ്ഞുങ്ങൾ ഉണ്ടാകുന്നു. എന്നതിനാലും തീറ്റക്കനുസരിച്ച് ശരീര ഭാരം വളരെ വേഗം വർദ്ധിക്കുന്നു എന്നതിനാലും ഈ മേഖലയിൽ സാധ്യതകൾ ഏറെയാണ്.

10. മുയൽ, കാട, ടർക്കി, താറാവ് ഇവ വളർത്തുക.

മാംസത്തിനും തുകലിനും വേണ്ടി വളർത്താവുന്നവയാണ് മുയലുകൾ. എളുപ്പം ശരീരഭാരം വർദ്ധിക്കുന്ന സങ്കരയിനത്തിൽപ്പെട്ട മുയലുകൾ കേരള വെറ്റിനറി കോളേജിലെ മുയൽ വളർത്തു കേന്ദ്രത്തിലും മറ്റു സർക്കാർ കേന്ദ്രങ്ങളും ലഭ്യമാണ്. ഔഷധ വീര്യമുള്ള കാട, വീട്ടുവളപ്പിൽ

വളർത്താവുന്ന ടർക്കിക്കോഴികൾ, ജലാശയങ്ങളിലെ കുളങ്ങളിൽ വളർത്താവുന്ന താറാവ് ഇവയും ജനങ്ങളുടെ സാമ്പത്തിക ഉയർച്ചക്കുവേണ്ടി ആശ്രയിക്കാവുന്ന രംഗങ്ങളാണ്. പഞ്ചായത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന് സ്ഥലങ്ങളിൽ ഇവ വളർത്തുവാനുള്ള സഹായം നൽകാവുന്നതാണ്.

11. തുകൽ സംസ്ക്കരണ രംഗം

ഇവിടെ അറക്കുന്ന മൃഗങ്ങളുടെ തുകൽ അന്യ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോവുകയാണ് ചെയ്യുന്നത്. അവിടെ തുകൽ സംസ്ക്കരിച്ചശേഷം പല ഉൽപന്നങ്ങളായി തിരിച്ചുവരുന്നു. ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം നികത്തുന്നതിന് തുകൽ സംസ്ക്കരണ കേന്ദ്രങ്ങൾ അനുയോജ്യമായ സ്ഥലത്ത് തുടങ്ങാവുന്നതാണ്. ഇതോടൊപ്പം തന്നെ തുകലിൽ നിന്നുണ്ടാക്കുന്ന ഉല്പന്നങ്ങൾ നിർമ്മിക്കാവുന്ന യൂണിറ്റുകളും ഇവിടെ തുടങ്ങുവാൻ കഴിയും. ഈ മേഖലയിൽ മുയൽ തുകലിനുള്ള സാധ്യത വളരെ കൂടുതലാണ്.

12. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.

ഒരു വീട്ടിലേക്കാവശ്യമുള്ള ഇന്ധനത്തിനും വെളിച്ചത്തിനും വേണ്ടി വരുന്ന ബയോഗ്യാസ് ഉൽപാദിപ്പിക്കുവാൻ രണ്ടു പശുക്കളെ വളർത്തുന്നതിൽ നിന്നും ലഭിക്കുന്ന ചാണകം മതിയാകും. ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ഖാദി വികസന ബോർഡും കൃഷിവകുപ്പും നൽകിവരുന്നുണ്ട്. ഇവ കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയാൽ ഇന്ധനത്തിൻെറയും വെളിച്ചത്തിൻെറയും ഇനത്തിൽ ചിലവഴിക്കുന്ന തുക വളരെ കുറക്കുവാൻ കഴിയും.

13. അറവുശാല / മാംസ പരിശോധന രംഗം

വേണ്ടത്ര പരിശോധനയില്ലാതെ മൃഗങ്ങളെ അറക്കുന്നതുകൊണ്ട് പല രോഗങ്ങളും മനുഷ്യരിൽ ഉണ്ടാകുന്നു. തന്നെയുമല്ല, വൃത്തിഹീനമായ ചുറ്റുപാടിൽ അറവു നടക്കുമ്പോഴും നല്ല ശുദ്ധമായ മാംസം ലഭ്യമല്ലാതെ വരുന്നു. ഇവ പരിഹരിക്കാൻ പഞ്ചായത്തു തോറും ഓരോ അറവുശാലകൾ ഉണ്ടാക്കണം. അവിടെ വേണ്ടത്ര പരിശോധന നടത്തി രോഗമില്ലാത്ത മൃഗങ്ങളെമാത്രം അറക്കുന്നു എന്നുറപ്പുവരുത്താൻ സ്ഥലത്തെ വെറ്റിനറി ഡോക്ടറുടെ സേവനം ഉപയോഗപ്പെടുത്തണം. തന്നെയുമല്ല. ഇവിടത്തെ മറ്റുല്പന്നങ്ങളായ തുകൽ, എല്ല്, മുതലായവയും കുടൽ തുടങ്ങിയ വസ്തുക്കളും ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കാനും കഴിയും.

നിർദ്ദേശങ്ങൾ

1. ആശുപത്രിയിൽ ആധുനിക സൗകര്യങ്ങൾ തരപ്പെടുത്തി നവീകരിക്കുക.
2. പാൽ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. പാൽ ഉല്പാദന സഹകരണസംഘം സ്ഥാപിക്കുക.
4. ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക.
5. മെച്ചപ്പെട്ട തീറ്റക്രമത്തെക്കുറിച്ച് പരിശീലനം നൽകുക.
6. വന്ധ്യതാ നിവാരണ പദ്ധതി ഊർജ്ജിതമാക്കുക.
7. തീറ്റപ്പുൽ കൃഷിചെയ്യുന്നതിനുള്ള പദ്ധതി രൂപീകരിക്കുക.
8. ശാസ്ത്രീയമായ അറവുശാല ഉണ്ടാക്കുക.
9. വിദഗ്ദ്ധമായ മാംസ പരിശോധന ഉറപ്പുവരുത്തുക.
10. മാംസ വിപണനത്തിനായി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
11. മാംസോൽപാദനരംഗത്ത് കർഷകർക്ക് പരിശീലനം നൽകുക.

14. മേൽത്തരം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാക്കാൻ ഗാച്ചറികൾ സ്ഥാപിക്കുക.
15. വാക്സിനേഷൻ സൗകര്യം വർദ്ധിപ്പിക്കുക.
16. കോഴിവളർത്തലിൽ ശാസ്ത്രീയ പരിശീലനം നൽകുക.
17. ബ്രോയിലർ യൂണിറ്റുകൾ സ്ഥാപിക്കുക.
18. വിപണനമേഖല ശക്തമാക്കുക.
19. മുട്ടക്കോഴി വളർത്തൽ പദ്ധതികൾ നടപ്പിലാക്കുക.
20. തുകൽ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുക
21. പഞ്ചായത്തിൽ ഉല്പാദിക്കപ്പെടുന്ന ചാണകം ശേഖരിച്ച് കൃഷിക്ക് ഉപയുക്തമാക്കുന്നതിന് പദ്ധതികൾ രൂപീകരിക്കുക.
22. ഡയറി യൂണിറ്റുകൾ ഓരോ വീട്ടിലും സ്ഥാപിക്കുക.
23. ബയോഗ്യാസ് പ്ലാൻറുകൾ കൂടുതൽ വ്യാപകമാക്കുക.
24. നായക്ക് നിർബ്ബന്ധ പ്രതിരോധകുത്തിവയ്പ് നടത്തുക.
25. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായക്കളെ നശിപ്പിക്കുക.
26. പൊതുജനബോധ വൽക്കരണ ക്ലാസുകൾ നടത്തുക.

പട്ടിക - 1
വളർത്തു മൃഗങ്ങൾ

		കറവയുള്ളവ	പ്രസവിക്കാത്തവ	1 മുതൽ 2½ പ്രായമുള്ളവ	1 വയസ്സിൽ താഴെ പ്രായമുള്ളവ
1.	പശു (സങ്കരവർഗ്ഗം)	930	73	438	457
	നാടൻ പശുക്കൾ	176	47	98	101
	എരുമ	26	-	15	12
2.	കാള (സങ്കരയിനം)	21 എണ്ണം	-	34	56
	നാടൻ കാളകൾ	76 എണ്ണം	-	42	55
	വംശവർദ്ധനവിനുള്ളവ	11	-	-	-
	പോത്ത് ഉഴവിനുള്ളവ	15	-	41	3
3.	പന്നി	40 എണ്ണം			

4.	ചെമ്മരിയാട് കോലാട് (നാടൻ) മുയൽ	20 എണ്ണം 487 എണ്ണം 35 എണ്ണം	
5	വളർത്തു നായകൾ ഉടമസ്ഥനില്ലാത്തവ	890 538	
6.	കോഴി സങ്കരയിനം നാടൻ കോഴികൾ	318 5440	
7..	താറാവ് താറാവ് കുഞ്ഞുങ്ങൾ ടർക്കി കോഴി കാട	162 21 19 5	

14. വൈക്കോൽ സംഭരണം

ഉല്പാദനം കൂടുതലുള്ള കാലങ്ങളിൽ വൈക്കോൽ ശേഖരിച്ച് കേടുകൂടാതെ സൂക്ഷിയ്ക്കുവാനുള്ള ഈ സൗകര്യം ഉണ്ടാക്കണം. ഇതിന് പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്റ്റോറേജ് യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. ഇവിടെ യൂറിയയും മറ്റും ചേർത്തു സംപുഷ്ടമായ വൈക്കോൽ കൂടുതൽ സ്വാദിഷ്ടമാക്കുവാനും സാധിക്കും. പച്ചപ്പുൽ കൂടുതൽ ഉൽപാദിപ്പിച്ചാൽ സൈലേജ് പ്ലാന്റുകൾ നിർമ്മിക്കാവുന്നതാണ്. ഇങ്ങനെ ശേഖരിക്കപ്പെടുന്ന വൈക്കോലും പുല്ലും ഉല്പാദനം കുറഞ്ഞകാലത്ത് ഉപയോഗിക്കാവുന്നതാണ്.

9
മത്സ്യബന്ധനം

പിരായിരി പഞ്ചായത്തിന്റെ വടക്ക്-തെക്ക്-പടിഞ്ഞാറ് ഭാഗങ്ങൾ 20 കിലോമീറ്റർ നീളത്തിൽ പുഴയാണ്. ഈ പുഴകളിൽ വന്നു ചേരുന്ന 4 തോടുകൾ ഉണ്ട്. ഇതിനു പുറമെ പൊതുകുളങ്ങളും സ്വകാര്യ കുളങ്ങളുമാണ് പ്രധാന ജലാശയങ്ങൾ

ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് (പുഴ, തോട്, കുളം എന്നിവയിൽ നിന്ന് മത്സ്യം പിടിക്കുക) 50 പേരും മത്സ്യവിപണനവുമായി ബന്ധപ്പെട്ട് 90 പേരും പ്രവർത്തിച്ചു വരുന്നു. പുഴ, തോട് എന്നിവയിൽ നിന്ന് മത്സ്യം പിടിക്കുവാൻ വീശുവല, ചൂണ്ട എന്നിവ ഉപയോഗിക്കുന്നു. കുളങ്ങളിൽ ചെറുതും വലുതുമായ വലകൾ ഉപയോഗിക്കുന്നു.

പരൽ മീൻ, കണ്ണൻ, മൊയ്ല്, തിലോപ്പിയ തുടങ്ങിയവയാണ് പ്രധാന മത്സ്യ ഇനങ്ങൾ. ജലാശയങ്ങളിലെ വെള്ളം കുറയുന്ന ഫെബ്രുവരി, മാർച്ച്,, ഏപ്രിൽ മാസങ്ങളിലാണ് കുളങ്ങളിൽ നിന്ന് കൂടുതലായി മസ്ത്യം പിടിക്കുന്നത്. മത്സ്യം വളർത്തുന്ന പദ്ധതി വളരെ കുറവാണ്. വളരെ സ്വാദിഷ്ഠമായ കണ്ണൻ എന്ന ഇനം മത്സ്യം മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കുറവായിട്ടുണ്ട്. കഴിഞ്ഞ രണ്ട് മൂന്ന് വർഷങ്ങൾക്കിടയിൽ ഇവയ്ക്ക് ഉണ്ടായ രോഗബാധയും കൃഷിയിടങ്ങളിലെ ഇടയ്ക്കിടെയുള്ള കീടനാശിനി പ്രയോഗവും പ്രധാനകാരണമാണ്.

പട്ടിക മത്സ്യബന്ധന തൊഴിലാളികൾ

പ്രവർത്തന മേഖല	തൊഴിലാളികളുടെ എണ്ണം
ഉൾനാടൻ മത്സ്യബന്ധനം	50
മത്സ്യവിപണനം	90
മത്സ്യസംസ്ക്കരണം	ഇല്ല
ആകെ	140

ഉൾനാടൻ മത്സ്യബന്ധനമായതുകൊണ്ട് മത്സ്യത്തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന കോളനികൾ ഇവിടെ ഇല്ല. മത്സ്യ തൊഴിലുമായി ബന്ധപ്പെട്ടവർ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി താമസിക്കുന്നു. ഇവരിൽ താമസയോഗ്യമായ വീടുള്ളവർ കുറവാണ്. വല പുറമെ നിന്നു വാങ്ങുകയും സ്വന്തമായി ഉണ്ടാക്കുകയും ചെയ്യുന്നു. വിപണനത്തിന് മുഖ്യമായും സൈക്കിളാണ് ഉപയോഗിക്കുന്നത്. ഇതിൽ സ്വന്തമായി സൈക്കിൾ ഉള്ളവർ ചുരുക്കമാണ്. പഞ്ചായത്തിൽ കുളങ്ങൾ ധാരാളം ഉള്ളതിനാൽ ശുദ്ധജല മത്സ്യകൃഷിക്ക് വളരെ സാദ്ധ്യതയുണ്ട്. ആയത് പരമാവധി ഉപയോഗപ്പെടുത്തിയാൽ വലിയ സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ കഴിയും.

പ്രധാന പ്രശ്നങ്ങൾ

1 ഉൾനാടൻ മത്സ്യകൃഷിക്ക് വളരെ സാദ്ധ്യതയുണ്ടെങ്കിലും പ്രോത്സാഹനം വേണ്ടത്ര ലഭിക്കുന്നില്ല..

2. മത്സ്യത്തൊഴിലാളികൾക്ക് വല, സൈക്കിൾ എന്നിവ വാങ്ങുന്നതിന് സഹായം ലഭിക്കുന്നില്ല.

3. ഉൾനാടൻ ജലാശയങ്ങളിൽ കണ്ടുവരുന്ന മത്സ്യരോഗം തടയാൻ നടപടി വേണം.

4. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടും, പരിസരശുചീകരണ സൗകര്യവും ഇല്ലാത്തത് പ്രധാന പ്രശ്നമാണ്.

5. മത്സ്യവിപണനത്തിനുള്ള പൊതുമാർക്കറ്റിന്റെ അഭാവം.

സാദ്ധ്യതകൾ

1. പഞ്ചായത്തിലെ നിലവിലുള്ള പൊതുകുളങ്ങൾ വൃത്തിയാക്കി മത്സ്യം വളർത്തുന്ന പദ്ധതി നടപ്പിലാക്കുക. സ്വകാര്യ കുളങ്ങളുടെ ഉടമസ്ഥരിൽ താല്പര്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹനവും ആവശ്യമായ സാമ്പത്തിക സഹായവും നൽകുക.

2. മത്സ്യത്തൊഴിലാളികൾക്ക് വല വാങ്ങുന്നതിനും വിപണനത്തിനുള്ള സൈക്കിൾ വാങ്ങുന്നതിനും ധനസഹായം അനുവദിക്കുക.

3. ഉൾനാടൻ ജലാശയങ്ങളിൽ കണ്ടുവരുന്ന മത്സ്യരോഗം തടയുന്നതിന് നടപടി സ്വീകരിക്കുക.

4. മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണ വായ്പയും, കക്കൂസ് ഇല്ലാത്ത വീടുകളിൽ ആയത് നിർമ്മിക്കുന്നതിന് ധനസഹായവും നൽകുക.

10.
വിദ്യാഭ്യാസം



പാലക്കാട് നഗരസഭയോട് തൊട്ടടുത്ത് പിടിഞ്ഞാറ് ഭാഗത്ത് കണ്ണാടി പുഴയോരം ചേർന്നു കിടക്കുന്നതും, ഇടത്തരം കർഷകരും കർഷക തൊഴിലാളികളും ഭൂരിപക്ഷം പേരും വരുമാനം കുറഞ്ഞവരുമായ ഒരു ഗ്രാമ പഞ്ചായത്താണ് പിരായിരി. 1995- ൽ മാത്രമാണ് ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിലാണെങ്കിലും ഒരു ഹൈസ്ക്കൂൾ ആദ്യമായി ആരംഭിച്ചത്.

എസ്. എൻ. യു.പി. സ്ക്കൂൾ

ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് സൂക്ഷ്മമായി പരിശോധിക്കുമ്പോൾ അത്താലൂർ പരിയാരത്തെ ശങ്കരൻ നായർ 1906 - ൽ കേവലം ഒരു എഴുത്തുപള്ളിയായി തുടങ്ങിയ ഈ വിദ്യാലയമാണ് ആദ്യകാലങ്ങളിൽ ഈ പ്രദേശത്തുകാരുടെ ഏക വിദ്യാഭ്യാസ സൗകര്യത്തിനുള്ള സ്ഥാപനമായിട്ടുണ്ടായിരുന്നത്. ഇത് 1916 - ൽ അന്നത്തെ മദിരാശി ഗവൺമെൻറ് ഒരു എലിമെൻററി സ്ക്കൂളായി അംഗീകരിച്ചു കാണുന്നു. തുടർന്ന് 1937 വരെ ഈ വിദ്യാലയം മേപ്പടി സ്ഥാപകൻെറ മാനേജ്മെൻറിൽ നടന്നുവരുന്നു. 1938 - ൽ അദ്ദേഹം മരിച്ചപ്പോൾ പ്രധാന ശിഷ്യനും, വിദ്യാഭ്യാസ പ്രേമിയുമായ ശ്രീ. A. ചാമിമാസ്റ്റർ ഈ സ്ഥാപനത്തിൻെറ മാനേജ്മെൻറ് ഏറ്റെടുത്തു. തുടർന്ന് 5-ാം തരം വരെയുള്ള ഒരു ഹയർ എലിമെൻററിയായി 1950 വരെ തുടർന്നു. 1953- ൽ ഒരു പരിപൂർണ്ണ ഹയർ എലിമെൻററിയായി ഉയർന്നതോടുകൂടി അക്കൊല്ലം E.S.L.C പരീക്ഷയിൽ 100% വിജയം കൈവരിക്കുവാൻ സാധിച്ചു.

വിദ്യാഭ്യാസ ചിന്തകനും, കലാ സാംസ്ക്കാരികരംഗത്തെ പ്രധാന പ്രവർത്തകനും നാട്ടുകാരുടെ കണ്ണിലുണ്ണിയുമായ പ്രധാന അദ്ധ്യാപകൻ ശ്രീ. പി. എം.കൃഷ്ണൻകുട്ടി നായർ കേരളാ ഗവർമെൻറിൻെറ ആദ്യ അവാർഡിന് അർഹനായിമാറി. ഇദ്ദേഹത്തിൻെറ പ്രവർത്തനം ഈ വിദ്യാലയത്തിനും നാട്ടിനും ഒരു മുതൽകൂട്ടായിരുന്നുവെന്ന് പ്രത്യേകം എടുത്തു പറയേണ്ടകാര്യമാണ്. ഇന്ന് ഒരു പരിപൂർണ്ണ യു.പി.

സ്ക്കൂളായി 20 ഡിവിഷനും 26 അദ്ധ്യാപകരും 835 കുട്ടികളും ഈ സ്ഥാപനത്തിലുണ്ട്. ഒട്ടേറെ പരാധീനതകൾ ഈ വിദ്യാലയത്തിന് ഉണ്ടെങ്കിലും, കായികരംഗത്തും കലാസാംസ്ക്കാരിക രംഗത്തും സബ്ജില്ലയിൽ മുൻനിരയിൽ വർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. സബ് ജില്ലാ, ജില്ലാ കായികമേളയിൽ തുടർച്ചയായി സമ്മാനങ്ങളും ട്രോഫികളും നേടി ഒന്നാം സ്ഥാനം കരസ്ഥമാക്കാറുണ്ട്. സ്ക്കൂളിന്റെ ദൈനംദിന പ്രവർത്തനത്തിലും, പുരോഗതിയിലും ഇടപെട്ട് പ്രവർത്തിക്കുന്ന സജീവമായ പി.ടി.എ ഈ വിദ്യാലയത്തിലുണ്ട്. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിലും, വിദ്യാലയത്തിന്റെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്കും ഈ വിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകനുമായ ശ്രീ. A.P. കൃഷ്ണൻകുട്ടിയുടെ നിതാന്ത പരിശ്രമം വളരെ ശ്ലാഘനീയമാണ്.

യൂണിയൻ യു. പി. സ്ക്കൂൾ കല്ലേക്കാട്

ഈ പഞ്ചായത്തിന്റെ വടക്കുഭാഗത്ത് ഷൊർണ്ണൂർ റോഡിന്നടുത്ത് കല്ലേക്കാട് എ. ആർ. ക്യാമ്പിന്റെ സമീപത്തായി ചേർന്നു കിടക്കുന്ന മറ്റൊരു എയിഡഡ് അപ്പർ പ്രൈമറി സ്ക്കൂളാണ് യൂണിയൻ യു. പി. സ്ക്കൂൾ. 1934 - ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. കലാസാംസ്കാരിക രംഗത്ത് കഴിവുറ്റ പ്രകടനം കാഴ്ചവെക്കുന്ന ഒരു വിദ്യാലയമാണിത്.

ജി. എൽ.പി സ്ക്കൂൾ പിരായിരി

ഈ പഞ്ചായത്തിൽ പൊതുമേഖലയിൽ രണ്ട് എൽ.പി. സ്ക്കൂളുകളാണ് ഉള്ളത്. ഈ വിദ്യാലയം തറവത്ത് ഗോപാലത്തരവനാർ ആദ്യം കുടിപ്പള്ളികൂടമായിട്ടാണ് ആരംഭിച്ചത്. മലബാർ ഡിസ്ട്രിക് ബോർഡിന്റെ കീഴിലായിരുന്നു ഈ വിദ്യാലയം 1957 വരെയും. ആദ്യത്തെ പ്രധാന അദ്ധ്യാപകൻ ശ്രീ. ശങ്കുണ്ണിത്തരവനാരായിരുന്നു. പിന്നോക്കാവസ്ഥയിലായിരുന്ന ഈ വിദ്യാലയം ഇന്ന് ഒരു മാതൃക വിദ്യാലയമായി മാറിയിട്ടുണ്ട്. 1994 - ൽ പ്രധാന അദ്ധ്യാപകനായി സ്ഥാനമേറ്റ ശ്രീ. എസ്. രങ്കനാഥൻ മാസ്റ്ററുടെ നിസ്തുലമായ സേവനവും സഹ അദ്ധ്യാപകരുടെയും കൂട്ടായ പ്രവർത്തനത്തിന്റെയും ഫലമായി ഇന്ന് സംസ്ഥാനതലത്തിൽത്തന്നെ ശ്രദ്ധിക്കപ്പെടുന്ന ഒരു മാതൃകാവിദ്യാലയമായി മാറിയിട്ടുണ്ട്. ഇവിടെ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു പി.ടി. എ കമ്മറ്റിയും മാതൃസംഗമവും ഉണ്ട്. പി.ടി.എ യുടെ ആഭിമുഖ്യത്തിൽ 1993- ൽ 20 കുട്ടികളുമായി ആരംഭിച്ച പ്രീ - പ്രൈമറിയിൽ ഇന്ന് 65 കുട്ടികൾ പഠിക്കുന്നു. കുടിവെള്ളം, വൈദ്യുതി, ക്ലാസ്സ് മുറികളിൽ ഫാനുകൾ ഉച്ചഭക്ഷണത്തിനുള്ള പാത്രങ്ങൾ, എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യമായി പുറംപുസ്തകം, നോട്ടുപുസ്തകം, എല്ലാ കുട്ടികൾക്കുമുള്ള യൂണിഫോറം, 4-ാം ക്ലാസ്സിലെ കുട്ടികൾക്ക് ഡസ്ക്, ഉച്ചഭാഷിണി(മൈക്ക്) എന്നിവ സന്നദ്ധ സംഘടനകളുടെയും മഹത് വ്യക്തികളുടെയും സഹായത്തോടുകൂടി നടപ്പിൽ വരുത്തുവാൻ പ്രധാന അദ്ധ്യാപകൻ വഹിച്ച പങ്ക് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. 290 വിദ്യാർത്ഥിക്കളും, 9 അദ്ധ്യാപകരും, 8 ഡിവിഷനുകളും ഈ വിദ്യാലയത്തിൽ ഉണ്ട്. പൊതു വിദ്യാഭ്യാസമേഖലയിൽ അൺഎയ്ഡഡ്, അൺ റിഗഗ്നയ്സിഡ് വിദ്യാലയങ്ങൾ വേണ്ടത്ര ഉണ്ടായിട്ടും പൊതു വിദ്യാലയമായ പിരായിരി ജി. എൽ. പി. സ്ക്കൂളിൽ അഡ്മിഷനും, പഠന നിലവാരവും ഉയർന്ന രീതിയിൽ ഉണ്ടായിട്ടുള്ളത് ഈ വിദ്യാലയത്തിന്റെ പുരോഗതിയെ അനുസ്മരിക്കുന്നു. ഇതിന്റെയെല്ലാം അംഗീകാരമെന്ന നിലയിൽ 1995 - ൽ കേരള സർക്കാർ ശ്രീ. എസ്. രങ്കനാഥൻ മാസ്റ്റർക്ക് ഏറ്റവും നല്ല അദ്ധ്യാപകൻ എന്ന അവാർഡ് നൽകിയത് ഈ പഞ്ചായത്തിന്റെ അഭിമാനമായിട്ടാണ് കാണുന്നത്.

ജി.എൽ.പി. സ്ക്കൂൾ കൊടുന്തിരപ്പുള്ളി

പിരായിരി ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു വിദ്യാലയമാണ് ജി.എൽ.പി. സ്ക്കൂൾ കൊടുന്തിരപ്പുള്ളി. കൊടുന്തിരപ്പുള്ളി അഗ്രഹാരത്തിലെ ശ്രീ. ശാമു അയ്യർ 1930

-ാം വർഷത്തിൽ സ്ഥാപിച്ച വിദ്യാലയം പിന്നീട് അഡ്വക്കേറ്റ് ശ്രീ. K.S. രാമനാഥയ്യർ സർക്കാരിലേക്ക് 1970 - ൽ വിട്ടുകൊടുത്തു. വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമെ ആരംഭദശയിൽ ഈ വിദ്യാലയത്തിൽ ഉണ്ടായിരുന്നുള്ളു. പല സന്നദ്ധസംഘടനകളുടെയും സഹായത്തോടുകൂടി ഫർണീച്ചർ, കുടിവെള്ളം, പ്രാഥമിക സൗകര്യം എന്നിവ ഉണ്ടാക്കുന്ന കാര്യത്തിൽ ഇതിന് മുൻപ് പ്രവർത്തിച്ചിരുന്ന പ്രധാന അദ്ധ്യാപകരുടെ സേവനം പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. മാതൃസംഗമത്തിന്റെയും പി.ടി.എ യുടെയും നാട്ടുകാരുടെയും സഹകരണത്തോടുകൂടി കൂടുതൽ അഭിവൃദ്ധിയിലേക്ക് ഈ വിദ്യാലയത്തെ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. പി.ടി.എ. യുടെ നേതൃത്വത്തിലുള്ള പ്രീ - പ്രൈമറി തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 7 ഡിവിഷനും, 169 കുട്ടികളും, 7 അദ്ധ്യാപകരും ഇപ്പോൾ ഈ വിദ്യാലയത്തിലുണ്ട്.

വ്യാസവിദ്യാപീഠം കല്ലേക്കാട്

പിരായിരി ഗ്രാമപഞ്ചായത്തിന്റെ വടക്കുഭാഗത്ത്, പാലക്കാട് - ഷൊർണ്ണൂർ റോഡിൽ സ്ഥിതി ചെയ്യുന്നു. കേന്ദ്രസർക്കാരിന്റെ സിലബസ്സ് അനുസരിച്ച് പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം അ എയ്ഡഡ് അംഗീകൃത വിദ്യാലയമാണ് ഇത്.

ഇതിന്റെ നടത്തിപ്പ് വിദ്യാനികേതനക്കാരാണ്. ഇവിടെ നിർബന്ധമായും സംസ്കൃതം പഠിച്ചിരിക്കണം. 1980 - ൽ സ്ഥാപിച്ച ഈ വിദ്യാലയത്തിൽ ഒന്നു മുതൽ പ്ലസ് ടു വരെ ക്ലാസ്സുകൾ ഉണ്ട്. പൊള്ളുന്ന ഉണ്ണികൾക്ക് സൗജന്യ വിദ്യഭ്യാസം ഇവർ നൽകിവരുന്നു. 1029 വിദ്യാർത്ഥികളും 58 അദ്ധ്യാപകരും ഈ സ്ഥാപനത്തിലുണ്ട്. കുട്ടികളെ താമസിപ്പിച്ച് പഠിക്കാനുള്ള Boarding സൗകര്യങ്ങൾ ഉണ്ട്.

പുളിയപ്പറമ്പ് ഹൈസ്ക്കൂൾ

1995- ൽ സ്ഥാപിച്ച ഈ ഹൈസ്ക്കൂൾ പിരായിരി ഗ്രാമപഞ്ചായത്തിന്റെ ഒരു ചിരകാലസ്വപ്നമായിരുന്നു. 162 കുട്ടികളും 8 അദ്ധ്യാപകരും ഇവിടെ ഉണ്ട്. വിശാലമായ നെൽപ്പാടങ്ങളുടെ നടുവിൽ 6 ഏക്കറയോളം സ്ഥലമുള്ളതായി കാണുന്നു. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സാധാരണക്കാരുടെ മക്കൾക്ക് പഠിക്കുവാൻ പ്രയോജനം തന്നെയാണ്. പഞ്ചായത്തിന്റെ ഈ സ്ക്കൂളിലേക്ക് കുട്ടികൾക്ക് പോയിവരാൻ ഗതാഗതസൗകര്യമായ റോഡുകൾ ഇല്ലെന്നുള്ളതും പ്രത്യേകം ശ്രദ്ധേയമാണ്.

സലഫി ഹൈസ്ക്കൂൾ

കേരള തദ്വത്തൂർ മുജാഹിദിന്റെ മദ്രസാകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഇംഗ്ലീഷ് മീഡിയം അൺഎയ്ഡഡ് ഹൈസ്ക്കൂൾ കെരള സർക്കാരിന്റെ അംഗീകാരത്തോടെ തുടരുന്നു. 58 വിദ്യാർത്ഥികളും, 4 അദ്ധ്യാപകരും ഇവിടെയുണ്ട്. സലഫി L.P.S കുറിശ്ശാംകുളത്തിൽ 1995 - ൽ അംഗീകാരം കിട്ടി. 100 കുട്ടികളും 6 അദ്ധ്യാപകരും.

ഭൗതിക സാഹചര്യങ്ങൾ.

കഴിഞ്ഞ കുറെ വർഷങ്ങളായി പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. 1995 - 96-ാം മത് വർഷങ്ങളിലാണ് ഈ കുറവ് ഏറ്റവും അനുഭവപ്പെട്ടത്. ഈ പഞ്ചായത്തിന്റെ തൊട്ടടുത്താണ് ഏറ്റവും വലിയ ഇംഗ്ലീഷ്മീഡിയം ഹൈസ്ക്കൂളായ കാണിക്കമാതാ കോൺവെന്റ്.

സ്ഥിതിചെയ്യുന്നത്. മാത്രമല്ല പഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ള അൺ എയ്ഡഡ് അൺ റിഗഗ്നൈസ്ഡ് പ്രീ - പ്രൈമറി ഇംഗ്ലീഷം മീഡിയം വിദ്യാലയങ്ങളുടെ സ്വാധീനം ഈ കുറവിന് കാരണമായിത്തീരുന്നു. അതോടൊപ്പം വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളും അക്കാദമിക് നിലവാരങ്ങളും പരിഗണിക്കേണ്ടതായിരിക്കുന്നു.

മേൽ സൂചിപ്പിച്ച അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ ആധിക്യം ഉണ്ടായിട്ടും പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ കുറവ് അത്രതന്നെ അനുഭവപ്പെടുന്നില്ല. പൊതു വിദ്യാലയങ്ങളോട് സാധാരണക്കാരുടെ താല്പര്യവും പ്രതീക്ഷയും വ്യക്തമാണ്. ഈ സ്ഥാപനങ്ങളുടെ വികസനം ഇവിടത്തെ വിദ്യാഭ്യാസ നിലവാരത്തെ വളരെയേറെ സ്വാധീനിക്കുകതന്നെ ചെയ്തു.

സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി പഞ്ചായത്തിലെ എല്ലാ പൊതു വിദ്യാലയങ്ങളുടെയും P.T.A മാതൃസംഗമം എന്നിവ രൂപീകരിച്ച് സ്ക്കൂളുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് സജീവ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്നു. രക്ഷാകർത്തൃ സമിതിയുടെയും അദ്ധ്യാപകരുടെയും, മാതൃസംഗമത്തിന്റെയും പങ്കാളിത്തത്തോടെ കുട്ടികളുടെ പഠന നിലവാരത്തെക്കുറിച്ച് അന്വേഷണിക്കുന്നതിന് തയ്യാറാകുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമായ കാര്യമാണ്.

പഞ്ചായത്തിലെ 2 യു.പി. സ്ക്കൂളുകളിൽ നിന്നും രണ്ട് എൽ.പി. സ്ക്കൂളുകളിൽ നിന്നും ഹൈസ്ക്കൂളുകളിൽ നിന്നും കലാകായിക മത്സരങ്ങൾ, ഗണിതശാസ്ത്രമേഖലകൾ, ശാസ്ത്രസാഹിത്യ പരിഷത്തിന്റെ വിജ്ഞാനോത്സവം, പഠനയാത്രകൾ സബ്ജില്ലാ ജില്ലാ സംസ്ഥാന തല യുവജനോത്സവങ്ങൾ തുടങ്ങിയവയിൽ പങ്കെടുക്കുകയും, സമ്മാനങ്ങളും ട്രോഫികളും കരസ്ഥമാക്കുകയും ചെയ്യുന്നുണ്ട്. ഈ പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

അംഗൻവാടി

ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന 31 അംഗൻവാടികൾ ഉണ്ട്. എന്നാൽ ഇവയിൽ പലതും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

സ്വകാര്യസ്ഥാപനങ്ങൾ

രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും 3 വനിത ടെയിലറിങ്ങ് സ്ക്കൂളും, രണ്ട് അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം പ്രീ - പ്രൈമറി സ്ക്കൂളും ഈ പഞ്ചായത്തിലുണ്ട്.

സാക്ഷരത

കേരളത്തിൽ 1987 - ൽ അധികാരത്തിൽ വന്ന സർക്കാർ നടപ്പാക്കിയ സാക്ഷരതാപരിപാടിയിൽ ഒന്നാം ഘട്ടത്തിൽ പാലക്കാട് ജില്ലയിൽ പഞ്ചായത്തുകളുടെ മുൻനിരയിൽ ആയിരുന്നു പിരായിരി ഗ്രാമപഞ്ചായത്ത്. ഈ ഗ്രാമപഞ്ചായത്തിലെ നിരക്ഷരരെ മുഴുവൻ അന്ന് സാക്ഷരതാ ക്ലാസ്സുകളിൽ കൊണ്ടുവരുവാൻ കഴിഞ്ഞിരുന്നു. കൂട്ടായ്മയായ പ്രവർത്തനം കൊണ്ട് അവരെ സാക്ഷരരാക്കുവാനും കഴിഞ്ഞു. അക്ഷരജ്ഞാനമില്ലാത്തതിന്റെ അഭാവം കൊണ്ട് ഇരുട്ടിൽ കിടന്നിരുന്ന സാധാരണക്കാരെ പുതിയ വെളിച്ചത്തിലേക്ക് നയിക്കുവാൻ സാക്ഷരതാ പ്രവർത്തകർക്കും, പ്രസ്ഥാനത്തിനും കഴിഞ്ഞു.

ഈ പ്രവർത്തിനത്തിനുവേണ്ടി ഗ്രന്ഥശാലകൾ, മറ്റു സാംസ്കാരികനിലയങ്ങൾ, മഹത് വ്യക്തികൾ തുടങ്ങിയവർ ഈ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വഹിച്ചിട്ടുള്ള പങ്ക് പ്രശംസനീയമാണ്.

തുടർ വിദ്യാഭ്യാസം ഇനിയും നല്ല നിലയിൽ പ്രവർത്തിക്കേണ്ടത് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്.

പ്രശ്നങ്ങളും, പരിഹാരങ്ങളും

1. എല്ലാ വിദ്യാലയങ്ങളിലെയും പഠനനിലവാരം ഉയർത്തണം.
2. എൽ. പി. യു. പി, സ്ക്കൂളുകളിൾ ഭൗതിക സാഹചര്യം വർദ്ധിപ്പക്കണം.
3. എല്ലാ അദ്ധ്യാപകർക്കും കാലാനുസൃതമായി പരിശീലനം നൽകണം.
4. വിദ്യാലയങ്ങളിലെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും, വർഷാരംഭത്തിൽ ഒഴിവുകൾ നികത്തി സൂഷ്മമായ പരിശോധന നടത്തുകയും വേണം.
5. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കെട്ടിട സൗകര്യമില്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും, ആവശ്യമായ പഠനോപകരണങ്ങളും കളികോപ്പുകളും നൽകുക. ഇതിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കണം.
6. പ്രീ- പ്രൈമറി വിദ്യായലയങ്ങളിൽ മാതൃഭാഷയിലൂടെ വിദ്യാഭ്യാസം നൽകണം. ഇന്ന് P.T.A നടത്തുന്ന പ്രീ - പ്രൈമറി സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും, ആയമാരുടെയും ശമ്പളം സർക്കാർ നൽകണം.
7. L.P, U.P സ്ക്കൂളുകളിൽ ഒന്നാം ഭാഷ മലയാളം ആക്കുക.
8. ആവശ്യമായസ്ഥലങ്ങളിൽ പുതിയ വിദ്യാലയങ്ങൾ അനുവദിക്കണം. സാധ്യത കണക്കിലെടുത്ത് നിലവിലുള്ള വിദ്യാലയങ്ങൾ അപ് ഗ്രേഡ് ചെയ്യണം.
9. പുളിയപ്പറമ്പ് ഹൈസ്ക്കൂൾ വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂൾ ആയി ഉയർത്തുക.
10. പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ഉപരിപഠത്തിന് ഒരു കോളേജ് സ്ഥാപിക്കണം.
11. തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാല സ്ഥാപനങ്ങൾ ആരംഭിക്കണം.
12. പൊതു വിദ്യാലയങ്ങളുടെ അടുത്ത് ശിശുസംരക്ഷണ കേന്ദ്രങ്ങൾ (CRECHE) സ്ഥാപിക്കണം.
13. വായനശാലകളും ഗ്രന്ഥശാലകളും ഇല്ലാത്ത വാർഡുകളിൽ അവ പ്രവർത്തിപ്പിക്കുവാൻ മുൻകൈ എടുക്കണം.
14. ഹരിജൻ കോളനികളിലും മറ്റു പിന്നോക്ക പ്രദേശങ്ങളിലും സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കണം.
15. പഞ്ചായത്തിൽ ഒരു മൊബൈൽ ലൈബ്രറി ആരംഭിക്കണം.
16. ഉപരിപഠനത്തിന് ജില്ലാതലങ്ങളിലേക്ക് പോകുന്ന വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ബസ്സുകൾ വേണം.
17. അദ്ധ്യാപക സംഗമങ്ങൾ മാസത്തിലൊരിക്കൽ സമ്മേളിച്ച് അവരവരുടെ അനുഭവങ്ങൾ കൈമാറണം.
18. സ്ക്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തണം.
19. വിദഗ്ദ്ധരായ അദ്ധ്യാപകരേയും വിദ്യാഭ്യാസ വിചക്ഷണൻമാരെയും ജനപ്രതിനിധികളേയും ഉൾക്കൊള്ളിച്ച് വിദ്യാലയങ്ങൾ സന്ദർശിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

20. വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനം, സഹകരണ മനോഭാവം, കലാസാഹിത്യാസ്വാദനം, സംഘടനാബോധം പഠിത്തത്തിലുള്ള കഴിവ് എന്നിവ വിദ്യാർത്ഥികൾക്ക് നൽകണം.

21. അദ്ധ്യാപക വിദ്യർാത്ഥി അനുപാതം കുറക്കണം. അദ്ധ്യാപകരുടെ പഠനഭാരവും അദ്ധ്വാനവും കുറയ്ക്കണം.

22. മാതൃരാജ്യത്തോട് മാതൃസ്നേഹം പുലർത്തുവാൻ ഉതകുന്ന ദേശഭക്തി ഗാനങ്ങളും, പാഠങ്ങളും, സിലബസ്സിൽ ഉൾപ്പെടുത്തി കാലോചിതമായ മാറ്റങ്ങളും, അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സിലബസ്സ് ശാസ്ത്രീയമായി പരിഷ്കരിക്കണം.

23. 7-ാം തരം മുതൽ തന്നെ സാങ്കേതിക വിദ്യാഭ്യാസ പാഠ്യ വിഷയമാക്കണം.

അദ്ധ്യാപകരെയും, വിദ്യാർത്ഥികളേയും സംബന്ധിച്ച പട്ടിക.

Sl.No	സ്ക്കൂൾ	അദ്ധ്യാപകർ			വിദ്യാർത്ഥികൾ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	ഹൈസ്ക്കൂൾ	19	32	51	138	148	286
2.	U.P. സ്ക്കൂൾ	14	38	52	768	784	1552
3.	L.P സ്ക്കൂൾ	5	11	16	227	232	459
4.	പ്രീ - പ്രൈമറി	0	2	2	35	27	62
	ആകെ	38	83	121	1168	1191	2359

11
കുടിവെള്ളം

പിരായിരി ഗ്രാമപഞ്ചായത്തിൽ പൊതുവെ അനുഭവപ്പെടുന്ന അതിരൂക്ഷമായ പ്രശ്നമാണ് കുടിവെള്ളക്ഷാമം "വെള്ളം വെള്ളം സർവത്ര"തുള്ളി കുടിപ്പാൻ ഇല്ലത്രേ !" എന്ന അവസ്ഥയാണ് ഇരുഭാഗത്തും തഴുകിയൊഴുകുന്ന പുഴകളുള്ള ഈ പഞ്ചായത്തിന്.

ഈ പ്രദേശത്ത് മുൻകാലങ്ങളിൽ പരിമിതങ്ങളായ കിണറുകൾ മാത്രമാണുണ്ടായിരുന്നത്. ഇവ ഡിസംബർ മാസം മുതൽ ജൂൺ മാസം വരെയുള്ള കാലങ്ങളിൽ വറ്റി വരണ്ടു പോവുന്നതു കൊണ്ട് ജീവജലത്തിനായി നെട്ടോട്ടമോടുകയാണ് പതിവ്. കുറച്ച് കാലങ്ങൾക്കു മുമ്പുവരെ മറ്റു സ്ഥലങ്ങളിൽ നിന്നും വാഹനങ്ങളിൽ വെള്ളം എത്തിച്ചാണ് രൂക്ഷമായ ജലക്ഷാമം അല്പമെങ്കിലും പരിഹൃതമായത്. ജനങ്ങളുടെയും പഞ്ചായത്തിന്റെയും നിരന്തര പരിശ്രമഫലം കൊണ്ട് ഈ പഞ്ചായത്തിന്റെ കുറച്ച് ഭാഗങ്ങളിൽ മലമ്പുഴ ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും വെള്ളമെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും കൂടുതൽ പ്രദേശത്തും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.

കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ഒരു കോടിയിൽ പരം രൂപ ചിലവഴിച്ചുകൊണ്ട് പൂർത്തായാക്കി വരുന്ന ഏഴാം വാർഡിലെ കന്നംകുളങ്ങര എന്ന സ്ഥലത്തും, നാലാം വാർഡിലെ കല്ലേക്കാട് ബ്ളോക്കഫീസിന്റെ തെക്കുവശത്തും ഉള്ള ജലസംഭരണികൾ ജനങ്ങൾക്ക് കൂടുതൽ ആശ്വാസം നൽകുമെന്ന് പ്രതീക്ഷിക്കാം. അയ്യപ്പൻകാവ് പറമ്പിൽ ഇപ്പോൾ നിലവിലുള്ള കുഴൽ കിണറിലെ വെള്ളം ഏതാനും വീടുകളിൽ മാത്രമെ ലഭ്യമാവുന്നുള്ളൂ. അതിനാൽ പുതുതായി നിർമ്മിച്ചു വരുന്ന വാട്ടർടാങ്ക് പണിപൂർത്തീകരിച്ചും 45 കി.മീ. ദൂരം പൈപ്പ്ലൈൻ വലിച്ചും, കിണറുകൾ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് പമ്പ് ചെയ്തും വെള്ളമില്ലാത്ത പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

പഞ്ചായത്തിന്റെ ഇരുഭാഗത്തുകൂടെ ഒഴുകുന്ന കണ്ണാടിപ്പുഴയിലേയും, കല്പാത്തിപ്പുഴയിലേയും വെള്ളം തടയണകൾ കെട്ടിസംരക്ഷിക്കുകയാണെങ്കിൽ ഇന്നാട്ടിലെ ജലസ്രോതസ്സുകളിലെ ജലനിരപ്പ് ഉയരുന്നതിനും, കൃഷിയാവശ്യങ്ങൾക്കും വളരെയധികം ഉപകരിക്കുന്നതാണ്.

മേലതി, പടിഞ്ഞാമുറി, പൂതുക്കുളങ്ങര, കാട്ടിൽപീടിക, നാവക്കോട് എന്നീ സ്ഥലങ്ങളിലെ പൊതു കിണറുകളിൽ മോട്ടോർ സ്ഥാപിച്ച് ഉയർന്ന സ്ഥലങ്ങളിൽ ടാങ്ക് കെട്ടിയും പൈപ്പ് ലൈൻ സ്ഥാപിച്ചും , കുഴൽ കിണർ കുഴിച്ചും അവിടങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ സാധിക്കുന്നതാണ്. 10-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പുതുക്കുളങ്ങര ഭാഗത്തെ 'കുളം' പഞ്ചായത്ത് ഏറ്റെടുത്ത് ആഴംകൂട്ടി ചുറ്റുപടവുകൾ നിർമ്മിച്ചാൽ പരിസരപ്രദേശത്തെ കിണറുകലിലെ നീരുറവ വർദ്ധിക്കുന്നതിനും, കൃഷിയാവശ്യത്തിനും വളരെയധികം ഉപകരിക്കുന്നതാണ്. 6-ാം വാർഡിലെ കണ്ണുകോട്ടുഭഗവതീ ക്ഷേത്രക്കുളവും, 3-ാം വാർഡിലെ പേഴുങ്കര ഭാഗത്തെ ചിറക്കുളം, കുളവും അമ്പലപ്പറമ്പ് കക്കോട്ട് കാവ് കുളം ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ചാത്തൻകുളം, മോഴിപുലത്തെ മരുതകുളവും അറ്റകുറ്റ പണിനടത്തി സംരക്ഷിക്കുകയാണെങ്കിൽ ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും.

ഈ പഞ്ചായത്തിലെ കുളങ്ങളുടെയും കിണറുകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

	പൊതുവായ		വസ്യകാര്യവ്യക്തികളുടേത്	
	വേനൽക്കാലത്ത് വറ്റുന്നവ	വേനൽ കാലത്ത് വറ്റാത്തവ	വേനൽക്കാലത്ത് വറ്റുന്നവ	വേനൽ കാലത്ത് വറ്റാത്തവ
കുളങ്ങൾ	ഇല്ല	ഒരെണ്ണം	4 Nos	66 Nos
കിണറുകൾ	-	62 Nos	1842	1048
കുഴൽകിണറുകൾ	-	35 Nos	-	22 Nos

കണ്ണാടി പുഴയിൽ (തെക്കെപുഴ) മോഴിപുലം എന്ന സ്ഥലത്തും വടക്കെ പുഴയിൽ(കല്പാത്തി) പറക്കോട് എന്ന സ്ഥലത്തും തടയണകൾ കെട്ടി നിലവിലുള്ള ജല സംഭരണികളിലേക്ക് വെള്ളം പമ്പ് ചെയ്ത് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന പക്ഷം, കുടിവെള്ളക്ഷാമം ഒരുപരിധിവരെ പരിഹരിക്കാവുന്നതാണ്.

കേരള വാട്ടർ അതോറിറ്റി

കേരളവാട്ടർ അതോറിറ്റി വക രണ്ട് ശുദ്ധജലവിതരണ പദ്ധതികൾ പിരായിരി ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്.അവയെക്കുറിച്ചുള്ള വിവരണം താഴെ കൊടുക്കുന്നു.

1. ബോർവെൽ വാട്ടർ സപ്ലൈസ്കീം പിരായിരി

പമ്പിംഗ് സമയം - 16 മണിക്കൂർ
കമ്മീഷൻ ചെയ്തതീയതി 3/1975
പ്രോഗ്രാം - OR WSS
പൊതുടാപ്പുകൾ - 25 No
ഉറവിടം - ബോർവെൽ
പമ്പ് സെറ്റ് 10 ണഫ സബ്മേഴ്സിബിൾ പമ്പ്സെറ്റ്
ഉന്നതജലസംഭരണി - 45000 ലിറ്റർ
ജലവിതരണക്കുഴലുകൾ 200 MM AC, 80 M M AC, 75 PVC, 63 PVC, 50 PVC 6കി.മീ.

(ഇതിൽ പുതുതായി ഇരുപഞ്ചപക്കാട് ഐ. എച്ച്.ഡി.പി. കോളനിയിലേക്ക് 1.5 കി.മീ.പൈപ്പ് നീട്ടിയതും, ടാപ്പുകളും ഉൾപ്പെടുന്നു.)

2. കൊടുന്തിരപ്പുള്ളി

ഉറവിടം - ബോർവെൽ
പമ്പിംഗ് സമയം - 8 മണിക്കൂർ
പമ്പ് സെറ്റ് - 15 HP സബ്മേഴ്സിബിൾ പമ്പ് സെറ്റ് 1
കമ്മീഷൻ ചെയ്ത തീയതി 7/1985
ഉന്നതജല സംഭരണി - 4000 ലിറ്റർ
പൊതുടാപ്പുകൾ - 37 എണ്ണം
ജലവിതരണക്കുഴലുകൾ - 90 MM, 65 MM, 75 MM PVC,80 MM GI,

പൈപ്പ് മുതലായവയ്ക്ക്
6077 M(6.077 KM)

ജനസംഖ്യ - 6000

മേൽപ്പറഞ്ഞ സ്കീമിലുംകൂടി മൊത്തം ഹൗസ് കണക്ഷൻ 506 നിലവിലുണ്ട്.

3. കാടൂർ

ഉറവിടം - ബോർവെൽ

പമ്പിംഗ് സമയം - 15 HP സബ്മേഴ്സിബിൾ 1 എണ്ണം

ആ സ്ക്കീം കല്ലേക്കാട് AR ക്യാമ്പിനെ ഉദ്ദേശിച്ചുള്ളതാണ്. ഇതിനുവരുന്നചിലവ് AR ക്യാമ്പ് വഹിച്ചുവരുന്നു.

പിരായിരി പഞ്ചായത്തിലെ ഗ്രാമീണത്വരിത ശുദ്ധജലവിതരണ പദ്ധതി

പിരായിരി പഞ്ചായത്തിലെ ഗ്രാമീണ ത്വരിതശുദ്ധജല വിതരണ പദ്ധതിയ്ക്ക് 61 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. സ്ക്കീമിന്റെ പ്രവർത്തികൾ 1996 ഫെബ്രുവരി മാസത്തിൽ തുടങ്ങുകയുണ്ടായി. ഈ പദ്ധതികൊണ്ട് 2001-ാം മാണ്ടിലെ 31700 ജനങ്ങൾക്കു വേണ്ടിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. 40 ലിറ്റർ പ്രതിദിനം ഓരോരുത്തർക്കും വെള്ളം കൊടുക്കുന്നതിന് വേണ്ടിയാണ് പദ്ധതി ഡിസൈൻ ചെയ്തിരിക്കുന്നത്. ശുദ്ധജലവിതരണത്തിന്റെ ഈ പദ്ധതി കൊണ്ട് ദിനം പ്രതി ആവശ്യം 12.68 ലക്ഷം ലിറ്റർ ആണ്. ഈ പദ്ധതിയിൽ 130 എണ്ണം പൊതുവിതരണ ടാപ്പുകൾ സ്ഥാപിക്കുന്നതാണ്.

ഈ പദ്ധതിക്ക് വേണ്ടി മൊത്തം 200 MM AC, 160 MM PVC, 140 PVC, 110 PVC, 90 PVC, 75 PVC, 63 PVC, 50 PVC, 40 PVC, 32 PVC, പൈപ്പുകൾ മൊത്തം 23.29 കിലോമീറ്റർ വരും.

Zone No. III

പിരായിരി, അയ്യപ്പൻകാവ്, കൊടുന്തിരപ്പിള്ളി, പൂടൂർ, മറ്റു സമീപബ്രാഞ്ചുലൈനുകളിലേക്ക്, ശുദ്ധജല വിതരണം നടത്തുന്നതിനായി ഇപ്പോൾ നിലവിലുള്ള 45000 ലിറ്റർ സംഭരണശേഷിയുള്ള O H ടാങ്ക് ഉപയോഗിക്കുന്നതും പുതുതായി പണികഴിഞ്ഞു വരുന്ന 2,50,000 ലിറ്റർ സംഭരണശേഷിയുള്ള അയ്യപ്പൻകാവിലെ O H ടാങ്കും ഇതിനായി ഉപയോഗിക്കുന്നു. പുതിയ O H ടാങ്കിലേക്ക് മൂത്താൻതറയിൽ സ്ഥാപിച്ചിട്ടുള്ള 18 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നത ജലസംഭരണിയിൽനിന്നും 200 MM AC പൈപ്പ് 3110 മീറ്റർ സ്ഥാപിച്ച് അയ്യപ്പൻ കാവിലെ പുതിയ ടാങ്കുമായി ബന്ധിപ്പിച്ച്, ജലം സംഭരിച്ച്, ജലവിതരണകുഴലുകളിൽക്കൂടി ശുദ്ധജലം നൽകുന്നതിനാണ് പദ്ധതി.

താഴെപറയുന്ന പൈപ്പുകൾ ഈ ആവശ്യത്തിലേക്ക് സ്ഥാപിക്കുന്നതാണ്.

200MM AC പൈപ്പ്,160 MM PVC മുതൽ 32 PVC പൈപ്പ് വരെ 10.5 K.M.പൈപ്പുകൾ സ്ഥാപിക്കുവാൻ പരിപാടിയുണ്ട്. ഇതിന്റെ 75% പണികൾ പൂർത്തിയായി. ബാക്കി വരുന്ന പണികൾ ഉടനെ പൂർത്തീകരിക്കുന്നതാണ്. 72 പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതാണ്. കൂടാതെ നിലവിലുള്ള 6 കിലോമീറ്റർ പൈപ്പ് ലൈനും 25 പൊതു ടാപ്പുകളും പഴയ ടാങ്കിൽ നിന്ന് ശുദ്ധജല വിതരണം ചെയ്യുന്നതാണ്. കൊടുന്തിരപ്പുള്ളി ഭാഗങ്ങളിലെ 6 കി.മീ. പൈപ്പുകളും 37 ടാപ്പുകളും പുതിയ ടാങ്കിൽനിന്ന് വിതരണം നടത്തുന്നതാണ്. രണ്ട് ടാങ്കിൽ നിന്നുംകൂടി ആകെ 22.5 കി.മീ. പൈപ്പ് ലൈനുകളും 134 പൊതുടാപ്പുകളും ഉണ്ടായിരിയ്ക്കുന്നതാണ്. (പഴയതും +പുതിയതുകൂടിയത്)

Zone I A & IB

ഈ സോണുകൾകൊണ്ട് മേപ്പറമ്പ്, ബ്രാഞ്ചുലൈനുകൾ, കല്ലേക്കാട്, കല്ലേക്കാട് മുതൽ എടത്തറ റോഡിൽ പിരായിരി പഞ്ചായത്ത് അതിർത്തിവരെയും സമീപബ്രാഞ്ചുലൈനുകളിലേയും ശുദ്ധജലവിതരണം നടത്തുന്നതിനായി ഉദ്ദേശിക്കുന്നു.

മേപ്പറമ്പ് സമീപപ്രദേശങ്ങളിലേക്ക് നിലവിലുള്ള പാലക്കാട് ശുദ്ധജല വിതരണ പദ്ധതിയുടെ 350 ലൈനുമായി പേഴുങ്കരക്ക് പോകുന്നവഴിയിൽ വെച്ചും ബന്ധിപ്പിച്ച് ജലവിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നു. ബാക്കിവരുന്ന സ്ഥലങ്ങളിൽ കല്ലേക്കാട് ഭാഗത്ത് (പാലക്കാട് ബ്ലോക്ക് ഓഫീസിനു പിൻഭാഗത്ത്)87000 ലിറ്റർ സംഭരമശേഷിയുള്ളG.L. Tank വഴി ശുദ്ധജലം എത്തിക്കുന്നതന് 11.30 K.M. 110MM മുതൽ 32 MM PVC പൈപ്പുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഈസോണിൽ ആകെക്കൂടി 42 പൊതു ടാപ്പുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

കല്ലേക്കാട് ടാങ്കിലേക്ക് മേപ്പറമ്പ് PWD റോഡിന് സമീപം സ്ഥാപിച്ചിട്ടുള്ള ഗ്രൗണ്ട് ലെവൽ ടാങ്കിൽ പാലക്കാട് വാട്ടർ സപ്ലൈ ലൈനിൽ നിന്ന് വെള്ളം സംഭരിച്ച് 3 ഷിഫ്റ്റ് പമ്പ് ചെയ്ത് വെള്ളം നിറക്കുന്നതിന് വിതരണം നടത്തുന്നതിനും ഉദ്ദേശിക്കുന്നു.

പദ്ധതിയുടെ പ്രവർത്തന പുരോഗതി

1 ഉന്നതജലസംഭരണി 2,50,000 ലിറ്റർ
(അയ്യപ്പൻകാവ് ഭാഗം)
ടാങ്കിന്റെ പണികൾ 80% കഴിഞ്ഞു.

2 കല്ലേക്കാട് ഭാഗത്തെ 87000 ലിറ്റർ ശേഷിയുള്ള ഗ്രൗണ്ട് ലൈവൽ ടാങ്ക്.
പണികൾ മുഴുവനും പൂർത്തിയായി.

3 മൂത്താൻതറ, 18 ലക്ഷം ലിറ്റർ O H Tank ഉം, അയ്യപ്പൻകാവ് 2,50,000 ലിറ്റർ ശേഷിയുള്ള OH Tank ഉം ബന്ധിപ്പിക്കുന്ന പണികൾ.
200 M M AC Pipe 165 മീറ്റർ സ്ഥാപിച്ചിട്ടുണ്ട്.

4 ഡിസ്ട്രിബ്യൂഷൻ സിസ്റ്റം
(പൊതുവിതരണക്കുഴൽ സ്ഥാപിക്കൽ)
a Zone A B മേപ്പറമ്പ്, കല്ലേക്കാട് സമീപപ്രദേശങ്ങൾ.
പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികൾ 80 ശതമാനം കഴിഞ്ഞു ബാക്കി പ്രവർത്തികൾ നടന്നു വരുന്നു.

b അയ്യപ്പൻകാവ്, പിരായിരി, പൂടൂർ സമീപപ്രദേശങ്ങൾ
പൈപ്പുലൈനുകൾ സ്ഥാപിക്കുന്ന പണികൾ 75% കഴിഞ്ഞു.

5. ഗ്രൗണ്ട് ലെവൽ സംഭരണി

കല്ലേക്കാട് ഭാഗത്തെ ഗ്രൗണ്ട് ലെവൽ ടാങ്കിലേക്ക് വെള്ളം പമ്പുചെയ്യുന്നതിനുള്ള ഗ്രൗണ്ട് ലെവൽ സംഭരണി ഇപ്പോൾത്തന്നെ മേപ്പറമ്പ് ഭാഗത്ത് P.W.D. റോഡിനുസമീപം സ്ഥിതിചെയ്യുന്നു

6. പമ്പുസെറ്റു സ്ഥാപിക്കൽ

പണികൾ നടത്തേണ്ടിയിരിക്കുന്നു.

7. കല്ലേക്കാട് ടാങ്കിന് ചുറ്റും മതിൽ കെട്ടുന്നതിന് ടെൻറർ വിളിച്ചിട്ടുണ്ട്.

8. അയ്യപ്പൻകാവ് ഭാഗത്തെ O.H. ടാങ്കിന് ചുറ്റുമതിൽ കെട്ടുന്നതിന് ടെൻറർ വിളിച്ചിട്ടുണ്ട്.
മേൽപറഞ്ഞ സ്കീം 1997 മാർച്ച് അവസാനത്തോടെ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിലെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മേഖലകൾ - വാർഡ് അടിസ്ഥാനത്തിൽ

വാർഡ് നമ്പർ	പ്രശ്നമേഖലകൾ	ആവശ്യങ്ങൾ (പ്രശ്നങ്ങൾ)	
1	പാളയം., നൊച്ചിമാൻകുന്ന്, ചാമക്കാട് പുതിയസ്റ്റോപ്പിലെ തെക്കുമുറി, വടക്കുമുറി, പറയപ്പറമ്പ്, ഇടക്കാട്ടുപുര, കല്ലേക്കാട്ടിലെ വടക്കുമുറി, എൻ. എസ് നഗർ, ശങ്കരച്ചാൽ തൊടി	പൊതുകിണറുകൾ, ടാപ്പുകൾ എന്നിവയുടെ അഭാവം	പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പുകൾ സ്ഥാപിക്കുക, കൂടുതലായി പൊതു കിണറുകൾ കുഴിക്കുക. ലിഫ്റ്റ് ഇറിഗേഷൻ വഴി ജലവിതരണം നടത്താ വുന്നതാണ്. നിലവിലുള്ള പഞ്ചായത്ത് കിണറുകൾ Repair ചെയ്യുക.
2	പറക്കോട് SC കോളനി, കുറിശ്ശാംകുളം, ഫാത്തിമാറോഡ്, ഉണ്ണിരാംകുന്ന് കുറുക്കുമ്പാറ, ആന്ധ്രാംകുന്ന്, പാറക്കളം, കുറുശ്ശിമലക്കുന്ന്, പാറക്കോട്, മണിക്കുറ്റിക്കളം, പൊടിപ്പാറ, ആന്ധ്രാംകുന്ന് SC കോളനി, കുറിശ്ശാംങ്കുളം, കുന്നുപുറം	ശുദ്ധജലക്ഷാമം.	പൊതു കിണറുകൾ, പൈപ്പ്ലൈൻ വലിച്ച് പൊതുടാപ്പുകൾ എന്നിവ നിർമ്മിക്കുക.
III	പേഴുങ്കര, അറഫനഗർ, ചിറക്കുളം കോളനി, മേപ്പറമ്പ് കുന്നും പുറം, ഒളപ്പക്കളം, വാരിയപ്പറമ്പ്, നെല്ലിക്കാട്	പൈപ്പുലൈൻ, പൊതു ടാപ്പുകൾ ഇല്ല. രണ്ട് കുഴൽ കിണറുകളിൽ ഒന്ന് പ്രയോജനപ്രദമല്ല.	പുതിയതായി പൈപ്പുലൈൻ വലിച്ച് ടാപ്പുകൾ സ്ഥാപിക്കുക. കുഴൽ കിണർ നന്നാക്കുക.
IV	ഉണ്ണിരാംകുന്ന് ഹരിജൻ കളനി, നെല്ലിപ്പറമ്പ് ഹരിജൻകോളനി, മെട്രോനഗർ, വിളയൻകോട്, തുമ്പക്കാട്, പൊടിപ്പാറ, ഇല്ലത്തുകുളം, കുർശ്ശാംങ്കുളം, കണ്ണോട്ടുകാവ്, പാറക്കളം, മുണ്ടൻപറമ്പ് ഹരിജൻകോളനി, ഉപാസനാനഗർ	ശുദ്ധജലക്ഷാമം	പൈപ്പ്ലൈൻ നീട്ടി പൊതുടാപ്പുകൾ സ്ഥാപിക്കുക. പൊതുകിണറുകൾ കുഴിക്കുക.
V	ഇല്ലത്തുപറമ്പ്, ഉപാസന നഗർമുതൽ പിരായിരി ചുങ്കം വരെ കൃഷ്ണറോഡ് പൂഴിക്കുന്നം മുതൽ ആലക്കൽ പറമ്പ് വരെ കുറിശ്ശാംങ്കുളം ഇല്ലത്തു പറമ്പ്	ശുദ്ധജലക്ഷാമം	പൈപ്പുലൈൻ കൂടുതൽ വ്യാപിപ്പിച്ച് ടാപ്പുകൾ നിർമ്മിക്കുക. പൊതുകിണറു കൾ നിർമ്മിക്കുക. മാപ്പിളക്കാട് പാലത്തിന് സമീപം വലിയ കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് ടാപ്പുകൾ സ്ഥാപിക്കുക.

.VI	കണ്ണോട്ടുകാവ്, കുണ്ടുകാട്, മലയം . കുമരം വിശ്വകർമ്മനഗർ, വലിയമ്മക്കാവ്, പൂളക്കൽ തരവത്ത്പടി, ലക്ഷം വീട് ചേങ്ങോട് കമ്മാന്തറ, പിരായിരി മുനിക്കോട്	നിലവിലുള്ള പൈപ്പ് ലൈനിൽ നിന്നും ജലം ലഭിക്കുന്നില്ല.	പൈപ്പുലൈൻ കൂടുതൽ വ്യാപിപ്പിച്ച് ടാപ്പുകൾ നിർമ്മിക്കുക. പൊതു കിണറുകൾ നിർമ്മിക്കുക. മാപ്പിളക്കാട് പാലത്തിന് സമീപം വലിയ കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് ടാപ്പുകൾ സ്ഥാപിക്കുക.
VII	കുന്നംകുളങ്ങര, മുനിയപ്പൻ, ഇരുപ്പക്കാട്, കണ്ണൻകുളം, ആലക്കൽ പറമ്പ് മുതൽ നെടുങ്ങോട് വരെ ഗ്രീൻ ഫീൽഡ് കോളനി ഗിരീഷ് സാമില്ലിന് സമീപം, കൃഷ്ണാ റോഡ് മുതൽ നെടുങ്ങോട് വരെ, അയ്യപ്പൻ കാവ്, ഗ്രാമവും സമീപപ്രദേശവും ഐ.പി.പി. സെൻറർ നെടുംങ്ങോട് ടാങ്കും കെട്ടി നിലവിലുള്ള കിണറിൽ നിന്ന് വള്ളം പമ്പ് ചെയ്ത് വിതരണം നടത്തുക.	ശുദ്ധജലക്ഷാമം	ഈ പ്രദേശങ്ങളിലേക്ക് പുതിയലൈൻ വലിച്ച് ടാപ്പുകൾ സ്ഥാപിക്കുക. നിലവിലുള്ള വാട്ടർ ടാങ്കിൽനിന്നും എല്ലാ ഭാഗത്തേക്കും ജലം ലഭ്യമാക്കുക. പഴയ വാട്ടർ ടാങ്കിലെ മോട്ടോർ നന്നാക്കുകയും നിലവിലുള്ള ജലസംഭരണി വൃത്തിയാക്കി ഉപയോഗപ്രദമാക്കുക.
VIII	മോഴിപുലം, പുഴയ്ക്കൽ, ഗ്രാമോദയ നഗർ, കറമ്പിക്കാട്, പാണത്തറ, നെടുംപറമ്പ്, ഓരാച്ചിക്കുളം, കിഴക്കും പുറം, അണ്ടലം കാട്, ക്രിസ്ത്യൻ കോളനി	ശുദ്ധജലക്ഷാമം	അണ്ടലംങ്കാട് ഭാഗത്ത് പൊതുകിണർ സ്ഥാപിക്കുക. നിലവിലുള്ള കിണറുകളുടെ അറ്റകുറ്റപ്പണി നടത്തുക. പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പുകൾ നിർമ്മിക്കുക.
IX	പൂടൂർ ലക്ഷംവീട്, മൂത്തേടം, കുണ്ടുപറമ്പ്, അത്താലൂർ, ഏനാദി, നാവക്കോട് അമ്പലപ്പറമ്പ് കളപ്പറമ്പ്	ശുദ്ധജലക്ഷാമം	കുഴൽകിണർ നന്നാക്കുക. അതിൽ മോട്ടോർ സ്ഥാപിച്ച് വെള്ളം വിതരണം ചെയ്യുക. പൈപ്പ് ലൈൻ നീട്ടി വലിച്ച് ടാപ്പുകൾ സ്ഥാപിക്കുക.
X	കാട്ടിൽപ്പുര, നടുമുറി, മേലതി, പുളിയപ്പറമ്പ്, ഒടുകംപ്പൊറ്റ, ചക്കരപ്പുര, കാടൂർ തറ, മോച്ചംകോട്, യോഗിപ്പുര പൂടൂർ	ശുദ്ധജലക്ഷാമം	പുതിയതായി പൈപ്പ് ലൈൻ വലിച്ച് പൊതുടാപ്പുകൾ സ്ഥാപിക്കുക. നിലവിലുള്ള പഞ്ചായത്ത് കിണറിൽ (മേലതി) നിന്ന് ജലം പമ്പുചെയ്ത് ക്ഷാമമുള്ള പ്രദേശങ്ങളിൽ ലഭ്യമാക്കുക. കാടൂർ ഭാഗത്തെ കിണറുകളിൽ സ്ഥാപിച്ചിട്ടുള്ള കാറ്റാടിയന്ത്രം പ്രവർത്തനക്ഷമമാക്കി ശുദ്ധജല വിതരണം മെച്ചപ്പെടുത്തുക.

XI	കല്ലേക്കാട് . മുതൽ ചേങ്ങോട് തുമ്പളക്കാട് നെഹ്റു കോളനി, വലിയഗ്രാമം ചേങ്ങോട് പാനപ്പറമ്പ് തരുവക്കോട് പുളിയശ്ശേരി റോഡ്, കല്ലേക്കാട് കെടുന്തിരപ്പുള്ളി റോഡ്, പുതിയഗ്രാമം	ശുദ്ധജലക്ഷാമം	പുതുകുളങ്ങര ഭാഗത്തെ കുളം നന്നാക്കി ജലവിതരണത്തിന് ഉപയോഗപ്രദ മാക്കുക. പുതിയപൈപ്പ് ലൈൻ വലിച്ച് പൊതുടാപ്പുകൾ സ്ഥാപിക്കുക. ചേങ്ങോട് കിണർ ടാങ്ക് കെട്ടി മോട്ടോർ സ്ഥാപിച്ച് ജലവിതരണം നടത്തുക.
XII	കമ്മാന്തറ, തോലനൂർക്കാവ്, കാഞ്ഞിരക്കോട്, മാമ്പ്ര എം. എൽ.എ. റോഡ്, പാനപ്പറമ്പ്, തോലനൂർക്കാവ് കള്ളിക്കാട് പുതിയ സ്റ്റോപ്പ് മുതൽ മാമ്പ്രവരെ. കള്ളിക്കാട് മുതൽ പുളിയശ്ശേരി റോഡിന്റെ അവസാനഭാഗം വരെ.	നിലവിലുള്ള കുഴൽ കിണറിലെ വെള്ളം കുടിക്കാൻ യോഗ്യമല്ല. ശുദ്ധജലക്ഷാമം.	പുതിയ പൈപ്പ് ലൈൻ വലിച്ച് ടാപ്പുകൾ സ്ഥാപിക്കുക. പുതിയ കുഴൽ കിണറുകൾ നിർമ്മിച്ച് ടാങ്ക് കെട്ടി വെള്ളം വിതരണം ചെയ്യുക.

12

പൊതുജനാരോഗ്യം

"ആരോഗ്യം സർവ്വധനാൽ പ്രധാനം" എന്ന ആശയം പ്രാവർത്തികമാക്കുന്നതിനുവേണ്ടി സർവ്വതോൻമുഖമായ വികസനം ലക്ഷ്യമാക്കി കൊണ്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖ.

പാലക്കാട് ജില്ലാ ആസ്ഥാനത്തിനു തൊട്ടുകിടക്കുന്നതും സുമാർ 18.69 ചതുരശ്ര കിലോ മീറ്ററോളം വ്യാപിച്ചു കിടക്കുന്നതുമായ പിരായിരി ഗ്രാമപഞ്ചായത്തിൽ 35,000 ത്തിൽ പരം ജനങ്ങളും, 6466 ഓളം വീടുകളുമുള്ള ഈ ഗ്രാമപഞ്ചായത്തിൽ ആതുരസേവനരംഗത്ത് ഒരു ആശുപത്രി (പ്രാഥമികാരോഗ്യകേന്ദ്രം)പോലും ഇല്ല. ഈ പ്രദേശത്തെ ജനങ്ങളുടെ പ്രാഥമികാരോഗ്യം പോലും സംരക്ഷിക്കപ്പെടുന്നതിന് കിലോമീറ്ററുകൾ സഞ്ചരിക്കണം. ആരോഗ്യസംരക്ഷണം ഓരോരുത്തരുടെയും വീട്ടുപടിക്കൽ എത്തിക്കുന്നതിനായി അലോപ്പതി മേഖലയിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രമോ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറരോ സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

ജനസാന്ദ്രത കൂടിയ ഈ പഞ്ചായത്തിൽ ഇതര ചികിത്സാ മാർഗ്ഗങ്ങളായ ഒരു ആയൂർവ്വേദ ഡിസ്പെൻസറി ഒഴിച്ച് ഹോമിയോ തുടങ്ങിയ മറ്റു ചികിത്സാ സംവിധാനങ്ങളൊന്നും തന്നെയില്ല. നിലവിലുള്ള ആയൂർവ്വേദ ആശുപത്രി കിടത്തി ചികിത്സിക്കാൻ തക്കവണ്ണം ജനോപകാരപ്രദമാക്കി കൂടുതൽ വിപുലീകരിക്കേണ്ടതാണ്. അതുപോലെ രണ്ടു ഹോമിയോ ആശുപത്രിയിലും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നത് വളരെ പ്രയോജനം ചെയ്യും. പൊതുവെ ഈ പഞ്ചായത്തിൽ ഒന്നോ രണ്ടോ ക്ലിനിക്കുകളൊഴിച്ചാൽ മറ്റൊന്നും തന്നെ ആരോഗ്യരംഗത്ത് ഇല്ല എന്നത് ചിന്തനീയമാണ്.

അലോപ്പതി രംഗത്ത് ദേശീയ പരിപാടികളായ മലമ്പനി നിർമ്മാർജ്ജനം, കുടുംബക്ഷേമം, മാതൃശിശു സംരക്ഷണം, രോഗ പ്രതിരോധം, സാംക്രമിക രോഗ നിവാരണം തുടങ്ങിയ ആരോഗ്യ പ്രവർത്തനങ്ങൾ ഇപ്പോൾ പറളി പ്രാഥമികാരോഗ്യകേന്ദ്രം വഴിയാണ് നടത്തിവരുന്നത്. ഇതിനായി നമ്മുടെ പഞ്ചായത്തിൽ 6 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ മാത്രമാണുള്ളത്. ഇത് അപര്യാപ്തമാണ് കൂടാതെ 2 എണ്ണത്തിന് സ്വന്തമായി കെട്ടിടവുമില്ല. ആരോഗ്യപ്രവർത്തനം കൂടുതൽ കാര്യ.ക്ഷമ മാക്കുന്നതിന് കൂടുതൽ സബ്സെൻററുകളും പ്രവർത്തകരേയും ഉൾപ്പെടുത്തി വിപുലീകരിക്കേണ്ടതും ഇവിടെ ഒരു ആശുപത്രി സ്ഥാപിക്കേണ്ടതുമാണ്.

ചില പ്രത്യേക കാലങ്ങളിൽ പടർന്നു പിടിക്കാറുള്ള മലമ്പനി, വയറിളക്കം, മഞ്ഞപിത്തം തുടങ്ങിയ മാരകരോഗങ്ങൾ ഇവിടെയും കണ്ടു വരാറുണ്ട്. ഇവ തടയുന്നതിനായി കിണറുകളിലെ വെള്ളം രോഗാണുവിമുക്തമാക്കേണ്ടതും, രോഗപകർച്ച തടയുന്നതിനും പരിസര ശുചീകരണത്തിനുമായി ചപ്പുചവറുകൾ നീക്കം ചെയ്യേണ്ടതും കൊതുക്, ഈച്ച എന്നിവയെ നിയന്ത്രിക്കുന്നതിന് കീടനാശിനികളും മറ്റും ഉപയോഗിക്കേണ്ടതും ഇവയുടെ പ്രവർത്തനത്തിനും മേൽനോട്ടത്തിനും ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ കൂടുതൽ മറ്റു ജോലിക്കാരും പ്രവർത്തിക്കേണ്ടതാണ്. കൂടാതെ അഴുക്കുചാലുകൾ ഇല്ലാത്തിടത്ത് അവ നിർമ്മിച്ചും ശുചീകരണം ഉറപ്പുവരുത്തേണ്ടതുമാണ്. ഇതിനായി പഞ്ചായത്തിൽ കൂടുതൽ ശുചീകരണജോലിക്കാരെ വയ്ക്കുന്നത് നന്നായിരിക്കും. വ്യക്തി ശുചിത്വം, പരിസരശുചിത്വം മറ്റു സാമൂഹിക തിൻമകൾ കൊണ്ടുണ്ടാവുന്ന മാരകരോഗങ്ങൾ ജനസംഖ്യാവിസ്ഫോടനം തുടങ്ങിയ കാര്യങ്ങളിൽ ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ

ആരോഗ്യ പ്രവർത്തകർ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും കൂടുതലായി നടപ്പിലാക്കേണ്ടതുണ്ട്.

പൊതുവായി മോഴിപുലം, പറക്കോട്, ചെറുമുള്ളി, ചാമക്കാട് എന്നീ പ്രദേശങ്ങളിൽ പൊതു ശ്മശാനങ്ങളുണ്ടെങ്കിലും ഇവിടേക്ക് ചെന്നെത്തിപ്പെടാനുള്ള വഴി സൗകര്യമോ, ആരോഗ്യകരമായ രീതിയിൽ സംസ്ക്കരിക്കുവാനുള്ള സൗകര്യമോ ഇല്ലാത്തതിനാൽ ഇവ ഗ്രാമപഞ്ചായത്ത് തലത്തിൽ തന്നെ മരണനിരക്കിനനുസരണമായി വിപുലീകരിക്കേണ്ടതും വ്യാപിപ്പിക്കേണ്ടതുമാണ്. വൈദ്യുതി ശ്മശാനം വരുന്നത് പഞ്ചായത്തിൽ കൂടുതൽ ഉപകാരപ്രദമായിരിക്കും.

അംഗനവാടികളിൽക്കൂടി അമ്മമാർക്കും ഗർഭിണികൾക്കും കുട്ടികൾക്കും നൽകി വരുന്ന പോഷകാഹാരപരിപാടി കൂടുതൽ മെച്ചപ്പെടുത്തുകയും അർഹരായ എല്ലാ വൃദ്ധജനങ്ങൾക്കും കൂടി കിട്ടത്തക്ക രീതിയിൽ വിപുലീകരിക്കേണ്ടതുമാണ്. കൂടാതെ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ വൃദ്ധമന്ദിരം (Rescue Home) സ്ഥാപിച്ച് അശരണരായ അവരെ സംരക്ഷിക്കേണ്ടതാണ്.

പേപ്പട്ടി ശല്യം തടയുന്നതിനായി അലഞ്ഞുതിരിയുന്ന നായകളെ നശിപ്പിക്കുന്നതിനുവേണ്ട നടപടികൾ ഊർജ്ജസ്വലമായി നടത്തേണ്ടതും മറ്റു മൃഗങ്ങൾക്ക് വിഷബാധയേൽക്കാതിരിക്കുവാനായി സൗജന്യമായി വാക്സിൻ നൽകേണ്ടതുമാണ്. വിഷചികിത്സാ കേന്ദ്രം സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കേണ്ടതാണ്.

പഞ്ചായത്തിൽ എല്ലാവർക്കും ഹെൽത്ത് കാർഡ് സംവിധാനം നടപ്പിൽ വരുത്തേണ്ടതാണ്. ഇത് ജനങ്ങളുടെ മുൻ ആരോഗ്യനിലയെക്കുറിച്ചും രോഗനിർണ്ണയും എളുപ്പമാക്കുവാനും, കുറ്റമറ്റതാക്കുവാനും സഹായിക്കുന്നു. കൂടാതെ രക്തഗ്രൂപ്പുൾപ്പെടെ നിർണ്ണയിക്കുന്നതിനും, അവ രേഖപ്പെടുത്തുവാനും കഴിയുന്നതിനാൽ രക്തദാനം ആവശ്യമായി വരുന്ന അവസരത്തിൽ ഇത് പ്രയോജനപ്പെടുത്തുവാനും സാധിക്കുന്നു.

അന്ധതാ നിവാരണത്തിനായി കണ്ണു പരശോധനാ ക്യാമ്പുകൾ സംഘടിപ്പിച്ചും, മരുന്നുകൾ നൽകിയും, നേത്രദാനം പ്രോത്സാഹിപ്പിച്ചും പരിഹരിക്കാവുന്നതാണ്. ഇതിനായി ബോധവൽക്കരണം നടത്തേണ്ടതാണ്.

1996 ഒക്ടോബർ വരെ 166 രോഗികളെ സ്ഥിരീകരിച്ചിട്ടുള്ള ഈ പഞ്ചായത്തിൽ കുഷ്ഠരോഗികളുടെ എണ്ണം പൊതുവെ കൂടുതൽ കണ്ടുവരുന്നു. ഇവ പരിഹരിക്കുന്നതിനായി MDT ചികിത്സാ രീതിയെക്കുറിച്ചും മറ്റും ബോധവൽക്കരണ പരിപാടികളും ശുശ്രൂഷാ രംഗത്ത് കൂടുതൽ വ്യാപൃതവുമായ രീതിയിൽ പ്രവർത്തനവും ആവശ്യമാണ്.ജലജന്യരോഗം, വായുജന്യരോഗം, ജന്തുജന്യരോഗം എന്നിവ തടയാനും കുടുംബക്ഷേമം, കുട്ടികളുടെ രോഗപ്രതിരോധം മറ്റു ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനുമായി ഇവിടെ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിന്റേതായ ഒരു അറവുശാല ഇല്ലാത്തതിനാൽ അനാരോഗ്യകരമായ വിധത്തിലുള്ള മാംസവിൽപ്പന തടയുവാൻ കഴിയുന്നില്ല. അതിനാൽ ആരോഗ്യനിയമങ്ങൾ അനുശാസിക്കുന്ന ഒരു അറവുശാല സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

പഞ്ചായത്തിലെ കുട്ടികളുടെയും മുതിർന്നവരുടേയും മാനസികവും ശാരീരികവുമായുള്ള വളർച്ചക്ക് യോഗപരിശീലനകേന്ദ്രങ്ങളും ഉദ്യാനങ്ങളും കുട്ടികൾക്കുള്ള പാർക്കുകളും മറ്റും നിർമ്മിച്ച് പരിഹരിക്കേണ്ടതുണ്ട്.

ഹോട്ടലുകൾ, റസ്റ്റാറൻറുകൾ മറ്റു ശീതളപാനീയ വില്പനശാലകൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങളുടെ വില്പനക്കാർക്ക് ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും വില്പനക്കാർക്ക് ഹെൽത്ത് കാർഡ് വിതരണം ചെയ്യേണ്ടതുമാണ്.

ഈ പഞ്ചായത്തിലെ ജനന മരണ നിരക്കുകളിൽ ഗണ്യമായ കുറവുവന്നിട്ടുണ്ടെങ്കിലും ഈ സ്ഥിതി തുടർന്നും നിലനിർത്താൻ ജനപങ്കാളിത്വത്തോടുകൂടിയുള്ള പരിശ്രമം തുടരേണ്ടതുണ്ട്.

കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നവർക്കും, കുഷ്ഠരോഗം തുടങ്ങിയ മറ്റുരോഗങ്ങൾ മൂലം അവശത അനുഭവിക്കുന്ന ജനങ്ങൾക്കും പഞ്ചായത്തിൽ നിന്നും നൽകി വരുന്ന സാമ്പത്തിക സഹായം ആകർഷകമാക്കുന്നതും മെച്ചപ്പെടുത്തുന്നതും കൂടുതൽ നന്നായിരിക്കും. അതുപോലെ വികലാംഗക്ഷേമത്തിനായി പഞ്ചായത്തുതലത്തിൽ തന്നെ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ 11-ാം വാർഡിൽ പാലക്കാട് ജില്ലാ സഹകരണ ആശുപത്രിക്കായി എടുത്തിട്ടിരിക്കുന്ന 35 ഏക്കർ സ്ഥലത്ത് ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുകയാണെങ്കിൽ പഞ്ചായത്തിനും പാലക്കാട് ജില്ലയ്ക്കും തന്നെ ശുശ്രൂഷാരംഗത്ത് വലിയ അനുഗ്രഹമായിരിക്കും.

പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡുതിരിച്ചുള്ള സ്ഥിതി വിശേഷവും

വാർഡ്	പൊതുസ്ഥാപനങ്ങൾ	സ്വകാര്യസ്ഥാപനങ്ങൾ	പ്രശ്നമേഖല	പ്രധാനപ്രശ്നങ്ങൾ	മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ
I	ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഇല്ല.	സ്വകാര്യമേഖലയിൽ ഒരു ഹോമിയോ ക്ലിനിക്ക്	പാളയം, നൊച്ചിമാൻകുന്ന്, ചാമക്കാട്	80% വീടുകളിലും കക്കൂസുകൾ ഇല്ല. സ്ത്രീകളുടേയുംകുട്ടികളുടെ യും പോഷകാഹാര വിതരണം തൃപ്തികരമല്ല. ആയൂർവ്വേദം, ഹോമിയോ, സബ്സെൻറർ (IPP) ഇവയുടെ അഭാവം, അഴുക്കുചാലിൻെറ ആവശ്യകത, കിണർ ശുചീകരണമില്ലായ്മ, പകർച്ചവ്യാധി പിടിപെടൽ.	ചിലവുകുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുവാൻ വേണ്ട സാമ്പത്തിക സഹായം ഉൾപ്പെടെ മറ്റു സഹായ സഹകരണങ്ങൾ നൽകുക. അംഗനവാടികളിൽക്കൂടി നൽകി വരുന്ന പോഷാകാഹാര വിതരണം കുറച്ചുകൂടി കാര്യക്ഷമമാക്കുക. ഹോമിയോ, ആയൂർവ്വേദം, കുടുംബക്ഷേമകെന്ദ്രം തുടങ്ങുക. ഈച്ച, കൊതുക് നിവാരണം നടത്തുക. അതിനുവേണ്ടി ആവശ്യമായത്ര മരുന്നുകൾ ലഭ്യമാക്കുക.
II	ആരോഗ്യ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല.	സ്വകാര്യമേഖലയിലും ആരോഗ്യ സ്ഥാപനങ്ങൾ ഇല്ല.	കുറിശ്ശ്യാംകുളം, ഉണ്ണിരാംകുന്ന്, കുറിച്ചിമലക്കുന്ന് പറക്കോട്, പൊട്ടിപ്പാറ	കക്കൂസുകൾ മിക്ക വീടുകളിലും ഇല്ല. ആയൂർവ്വേദം, അലോപ്പതി, ഹോമിയോ ആശുപത്രികൾ ഇല്ല അഴുക്കുചാൽ ശുചീകരണ പ്രവർത്തനം എന്നിവയില്ല.	കക്കൂസുകൾ നിർമ്മിക്കുവാൻ വേണ്ട കാര്യങ്ങൾ ചെയ്യേണ്ടതാണ്. ആരോഗ്യസ്ഥാപനങ്ങൾ സ്ഥാപിക്കുകയോ, അവയുടെ എക്സ്റ്റൻഷൻ സെൻററുകൾ സ്ഥാപിക്കുകയോ ചെയ്യുക.
III	ഒന്നും തന്നെ ഇല്ല.	ഒന്നും തന്നെ ഇല്ല.	പേഴുങ്കര, ചിറക്കുളം കോളനി, വാരിയംപ്പറമ്പ്, നെല്ലിക്കാട്, ഒളപ്പക്കളം	കക്കൂസുകളുടെ അഭാവം, ഓടകൾ അഴുക്കുചാൽ ഇവയുടെ പ്രാധാന്യം. പരിസരശുചീ കരണം, കുടുംബക്ഷേമങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ബോധവൽക്കരണത്തിൻെറ പ്രാധാന്യം. കുടുംബക്ഷേമ കേന്ദ്രത്തിൻെറ അഭാവം, വയറിളക്കം തുടങ്ങിയ അസുഖങ്ങൾ കണ്ടുവരുന്നു.	കക്കൂസുകൾ നിർമ്മിക്കാൻ വേണ്ട സാമ്പത്തിക സഹകണങ്ങൾ നൽകേണ്ടതാണ്. പേഴുങ്കര ഭാഗത്ത് പൊതു കക്കൂസിൻെറ ആവശ്യം പരിഗണിക്കേണ്ടതാണ്. ഓടകൾ നിർമ്മിച്ച് മാലിന്യങ്ങൾ നിർമ്മാജ്ജനം നടത്തേണ്ടതും, വീടുകളിലെ അഴുക്കുജലം പൊതുവഴിയിൽ ഒഴുക്കുന്നത് തടയേണ്ടതുമാണ്. സന്നദ്ധ സംഘടനകൾ മുഖാന്തിരം ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതാണ്. ഓടകളിലും മറ്റും കീടനാശിനികൾ തളിക്കാവുന്നതാണ്. പേഴുങ്കര ഭാഗത്ത് ഒരു സബ്സെൻറർ സ്ഥാപിക്കാവുന്നതാണ്.

IV	ഐ.പി.പി. സബ്സെൻറർ	ഇല്ല	ഉണ്ണിരംകുന്ന് ഹരിജൻ കോളനി മാപ്പിളക്കാട് കുണ്ടുപ്പറമ്പ് കുറിച്ചാംകുളം	ഭൂരിഭാഗം വീടുകളിലും കക്കൂസുകൾ ഇല്ല	കക്കൂസുകൾ നിർമ്മിച്ചു കിട്ടുവാൻ വേണ്ട സാമ്പത്തിക സഹായങ്ങൾ നൽകാവുന്നതാണ്. തുറന്ന സ്ഥലത്ത് മലമൂത്ര വിസ്സർജ്ജനം ഇല്ലാതാക്കുവാനും മറ്റും ബോധവൽക്കരണ ക്ലാസ്സുകൾ നടത്താവുന്നതാണ്.
V	ഇല്ല	1. അലോപ്പതി ക്ലിനിക്ക് 1. ഹോമിയോക്ലിനിക്ക്	ഇല്ലത്തുപറമ്പ്, ഉപാസനാനഗർ, പിരായിരിചുങ്കം, പൂഴികുന്നം, പനംതൊടി	കക്കൂസുകൾ ഇല്ലാത്ത വീടുകൾ ധാരാളം, മലിനപ്പെട്ടുകിടക്കുന്ന കുളം.	ചിലവുകുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുവാൻ വേണ്ട ഉപദേശവും സഹായങ്ങളും നൽകാവുന്നതാണ്. മാലിന്യങ്ങൾ നീക്കി കുളം നന്നാക്കുകയും ഉപയോഗപ്രദമാക്കാവുന്നതുമാണ്.
VI	ഇല്ല	ഇല്ല	മലയംകുമരം,, മേലേകുണ്ടുകാട്, താഴെകുണ്ടുകാട്, തരവത്ത്പടി, ലക്ഷംവീട് ചേങ്ങോട്,സന്തോഷ് നഗർ, കണ്ണോട്ടുകാവ്	പരിസരമലിനീകരണവും, മാലിന്യങ്ങളും കൂടുതലായി കണ്ടുവരുന്നു. കണ്ണോട്ടുകാവിനടുത്തുള്ള ഒരു വേമ്പ്രക്കുളം വൃത്തികേടായി കിടക്കുന്നു.	പരിസര മലിനീകരണവും മറ്റും തടയുവാനായി ബോധവൽക്കരണം നടത്താവുന്നതാണ്. മാലിന്യങ്ങൾ നീക്കം ചെയ്യാൻ കമ്പോസ്റ്റ് കുഴികളുടെ പ്രാധാന്യം മനസ്സിലാക്കിപ്പിക്കാവുന്നതാണ്. വേമ്പ്രക്കുളം പായൽനീക്കി വൃത്തിയാക്കി ഉപയോഗിക്കാൻ വേണ്ട നടപടികൾ ചെയ്തു കൊടുത്താൽ പായലുകളിലും മറ്റും വളരുന്ന കൊതുകുകളെ നശിപ്പിക്കാനും കഴിയുന്നതാണ്.
VII	1 ഐ.പി.പി. സബ്സെൻറർ	ഇല്ല	-	പൂഴിക്കുന്നം ഭാഗത്തുള്ള തുറസ്സായ സ്ഥലത്തുള്ള മലമൂത്ര വിസർജ്ജനം പല ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു. കക്കൂസുകൾ കുറവ്, ആശുപത്രി സ്ഥാപിക്കണം. ആരോഗ്യ പ്രവർത്തകരുടെ സേവനം കുറവാണ്.	കക്കൂസില്ലാത്തവർക്ക് അവ നിർമ്മിക്കാൻ വേണ്ട സഹായങ്ങൾ നൽകേണ്ടതാണ്. ബോധവൽക്കരണക്ലാസ്സുകൾ സന്നദ്ധസംഘടനയും മറ്റും സഹകരിച്ച്നടത്താവുന്നതാണ്. ആ ഭാഗത്തുള്ള ജനങ്ങൾക്ക് ഡോക്ടറുടെ സേവനം ആഴ്ചയിൽ ഒരുക്കലെങ്കിലും ലഭ്യമാക്കേണ്ടതാണ്.

1	2	3	4	5	6
XI	IPP സെൻർ 2 ആയുർവേദ ആശുപത്രി അലോപ്പതി ആശുപത്രി	ഇല്ല	കല്ലേക്കാട് ചേങ്ങോട്, കൊടുന്തിരപ്പുള്ളി പാനപറമ്പ്	കക്കൂസുകൾ മിക്ക വീടുകളിലും ഇല്ല. ആയുർവേദ-അലോപ്പതി IPP സെൻറർ ഇല്ല.	കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക അംഗനവാടികളിൽകൂടി നൽകി വരുന്ന പോഷകാഹാര വിതരണം കുറച്ച് കൂടി കാര്യക്ഷമമാക്കുക. ആയുർവ്വേദ ആശുപത്രി കുടുംബ ക്ഷേമകേന്ദ്രം, അലോപ്പതി ആശുപത്രി തുടങ്ങുക. ഈച്ച കൊതുക് നിവാരണത്തിനുള്ള മരുന്ന് ലഭ്യമാക്കുക. കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള
XII	ഒന്നും തന്നെ ഇല്ല	ഒന്നുംതന്നെ ഇല്ല	കാടൂർ കളടിക്കാട് മാമ്പ്ര, തോലനൂർക്കാവ്, കൊക്കേട് തറ കാഞ്ഞിരംക്കോട്	കക്കൂസുകൾ മിക്കവീടുകളിലും ഇല്ല. ആയുർവേദം, അലോ പതി. ആസ്പത്രി ഇല്ല.	സാമ്പത്തിക സഹായം നൽകുക. ആയുർവേദ ആശുപത്രി, അലോപ്പതി ആശുപത്രി തുടങ്ങുക.

VIII	1. ഐ.പി.പി. സെൻറർ 2. ആയൂർവ്വേദ ആശുപത്രി	ഇല്ല	മോഴിപുലം, കറമ്പക്കാട്, അണ്ഡലങ്കാട്	ഒരു അലോപ്പതി ആശുപത്രിയുടെ അഭാവം, നിർധനർക്ക് സൗജന്യ ഔഷധ വിതരണം ലഭ്യമാക്കണം.	ഈ പഞ്ചായത്ത് ആസ്ഥാനമായ കൊടുന്തിരപ്പുള്ളിയിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിക്കാവുന്നതാണ്. ഡോക്ടറുടേയും, കൂടുതൽ പൊതുജനാരോഗ്യ പ്രവർത്തകരുടെയും സേവനം ലഭ്യമാക്കേണ്ടതാണ്. ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.
IX	ഇല്ല	1. ഹോമിയോ ക്ലിനിക്ക്	പുടൂർ, മൂത്തേടം, അതതാലൂർ, നാവക്കോട്, തെറ്റൻകാവ്, അമ്പലപ്പറമ്പ്	കക്കൂസിൻെറ അഭാവം, ആരോഗ്യ കുടുംബക്ഷേമ രോഗ പ്രതിരോധ നടപടികൾ കാര്യക്ഷമമാക്കണം.	ഈ വാർഡിൽ കക്കൂസില്ലാത്ത വീട്ടുകാർക്ക് അവ നിർമ്മിക്കാൻ വേണ്ട സാമ്പത്തിക മുൾപ്പെടെയുള്ള സഹായ സഹകരണങ്ങൾ നൽകേണ്ടതാണ്. പോഷകാഹാരം വിതരണം (അമ്മമാർക്കും, കുട്ടികൾക്കും, ഗർഭിണികൾക്കും) കൂടുതൽ കാര്യക്ഷമമാക്കണം. രോഗപ്രതിരോധ കുത്തിവെപ്പുകൾ ഈ ഭാഗത്ത് ലഭ്യമാക്കേണ്ടതാണ്.
X	ആരോഗ്യകേന്ദ്രങ്ങൾ ഒന്നും തന്നെ ഇല്ല.	ഇല്ല.	പുളിയപ്പറമ്പ്, ഒടുകംപ്പൊറ്റ, യോഗിപ്പുര, കാടൂർ, നടുമുറി കാട്ടിൽ പീടിക, മേലതി, പടിഞ്ഞാമുറി, പുതുകുളങ്ങര	ഒരു കുടുംബക്ഷേമ ഉപകേന്ദ്രത്തിൻെറ അഭാവം അനുഭവപ്പെടുന്നു. ഭൂരിഭാഗം വീടുകളിലും കക്കൂസുകൾ ഇല്ല. അമ്മമാർക്കും, കുട്ടികൾക്കും, ഗർഭിണികൾക്കും ഉള്ള പോഷകാഹാരപരിപാടി കൂടുതൽ വിപുലമാക്കുക. കൂടുതൽ അംഗനവാടികൾ സ്ഥാപിക്കുക. ആരോഗ്യ പ്രവർത്തകരുടെ ഗൃഹ സന്ദർശന പരിപാടി കൂടുതൽ കാര്യക്ഷമമാക്കണം.	പുതുകുളങ്ങര, മേലതി ഭാഗത്ത് ഒരു കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. ഇത് കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവെയ്പ് എളുപ്പത്തിൽ ലഭ്യമാക്കാനും, മാതൃശിശു സംരക്ഷണം കൂടുതൽ ഉറപ്പു വരുത്തുവാനും സാദ്ധ്യമാകും. പൂടൂർ ഭാഗത്തായി ഒരു ആയൂർവ്വേദ ആശുപത്രിയുടെ ശാഖ തുടങ്ങുന്നത് നന്നായിരിക്കും. അതുപോലെ കാടൂർ ഭാഗത്തായി ഒരു ഹോമിയോ ഡിസ്പെൻസറിയും സ്ഥാപിക്കേണ്ടതാണ്.

13.

വ്യവസായം

ഒരു രാജ്യത്തിന്റെ പുരോഗതിയുടെ പ്രധാനഘടകം വ്യവസായവളർച്ചയാണ്. വ്യവസായവൽക്കരണമാണ്. അമേരിക്ക, ജപ്പാൻ പോലുള്ള വികസിതരാജ്യങ്ങളുടെ പുരോഗതിയുടെ അടിസ്ഥാനം. പിരായിരി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വൻകിട പദ്ധതികളേക്കാൾ ഏറെ അഭികാമ്യമായത് ചെറികിട പദ്ധതികളാണ്.

ഇന്ന് സൈക്കിൾ റിപ്പയർ, മറ്റു റിപ്പയർപ്പണികൾ ചെയ്യുന്ന യൂണിറ്റുകളിലെ തൊഴിലാളികൾ യാതൊരു സാങ്കേതിക വിദ്യാഭ്യാസവും ഇല്ലാത്തവരാണ്. അതുപോലെ വെൽഡിംഗ് ലെയ്ത്ത് എന്നീ യൂനിറ്റുകളിൽ വളരെ കണിശമായും കൃത്യമായും ജോലിചെയ്യുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും പരിചയസമ്പന്നതമാത്രം കൈമുതലുള്ളവരാണ്. I.T.I പോളിടെക്നിക് മുതലായ സാങ്കേതിക വിദ്യാലയങ്ങളിൽ നിന്നും പഠനം കഴിഞ്ഞുവരുന്ന S S L C യും Degree യുമായുള്ള പലരുടെയും സേവനം ഗവർമെൻറ് സ്ഥാപനങ്ങളിലേക്കും വിദേശത്തേക്കുമാണ് പോകുന്നത്.

പല വൻ - കിട ഫാക്ടറികളും അവർക്കുവേണ്ടതായ യന്ത്രഭാഗങ്ങളും മറ്റും ചെറിയ തൊഴിൽ സ്ഥാപനങ്ങളിൽ ഏല്പിച്ച് അവരിൽ നിന്നും ലഭിക്കുന്ന ഉല്പന്നങ്ങൾ കൂട്ടിചേർത്ത് അവരുടെ ബ്രാൻറിൽ ഒരു പൂർണ്ണ ഉല്പന്നമായി പുറത്തിറക്കുന്നു. ഉദാഹരണമായി, പഞ്ചാബ് ഹരിയാന എന്നിവിടങ്ങളിലെ മിക്കവീടുകളും ഒരു ഫാക്ടറി കൂടിയായിരിക്കും അത്യന്താധുനിക സൗകര്യങ്ങളുള്ള വീടുകളുടെ തന്നെ ഒരു ഭാഗം പണിശാലകളാക്കി വെച്ചിരിക്കുന്നതുകാണാം. വീട്ടിലെ ഓരോ അംഗങ്ങളും അവരുടെ സൗകര്യമുള്ള സമയങ്ങളിൽ ഓരോ ഉല്പന്നങ്ങൾക്ക് രൂപം കൊടുക്കുന്നു. വീടുകളിൽ നിർമ്മിക്കുന ഉല്പന്നങ്ങൾ കരാറുണ്ടാക്കിയ സ്ഥാപനങ്ങൾക്ക് കൊടുക്കുകയോ പൊതു നിരത്തിൽ വില്പനയ്ക്ക് വയ്ക്കുകയോ ചെയ്യുന്നു. മാർക്കറ്റിൽ പച്ചക്കറികൾ കൂട്ടിയിട്ടതുപോലെ യന്ത്രസാമഗ്രികളും മറ്റു സ്പെയർ പാർട്ടുകളും പഞ്ചാബ്, ഹരിയാന എന്നിവിടങ്ങളിലെ പാതയോരങ്ങളിൽ വില്പനക്കു വച്ചിരിക്കുന്നത് ഒരു സാധാരണ കാഴ്ചയാണ്. ഇത്തരം സ്ഥലങ്ങളിലൂടെ ഏതാനും മീറ്ററുകളുടെ ദൂരയാത്രകൊണ്ട് നമുക്ക് ഒരു തുന്നൽ യന്ത്രത്തിന്റെയോ, ഒരു സൈക്കിളിന്റെയോ ഒരു ടെലിവിഷന്റെയോ മുഴുവൻ ഭാഗങ്ങളും വാങ്ങുവാൻ സാധിക്കും. ഇലക്ട്രിക് ഇലക്ട്രോണിക് ഉപകരണങ്ങളും ഏറെ സുലഭമാണീ സ്ഥലങ്ങളിൽ. സിൽക്ക് മറ്റ് കൃത്രിമനൂലുകൾ എന്നിവ കൊണ്ടുള്ള മേൽത്തരം തുണിത്തരങ്ങൾ തൂക്കിവാങ്ങാൻ പോലും കഴിയുന്നു. ഇവയെല്ലാം ആ സ്ഥലങ്ങളിൽ വെറും കുടിൽ വ്യവസായം മാത്രമാണ് എന്നറിയുമ്പോഴാണ് നാം അത്ഭുതപ്പെടുന്നത്. ഇത്തരം ഒരു വികസനത്തിന് കാരണം അവിടെ 5 H.P വരെ ഉപയോഗിച്ചുള്ള ഒരു വ്യവസായ യൂണിറ്റിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ ആരോഗ്യവകുപ്പിന്റെയോ സമീപവാസികളുടെയോ സമ്മതം കൂടാതെ തന്നെ വൈദ്യുതി കണക്ഷനും മറ്റു സാമ്പത്തിക സഹായങ്ങളും എളുപ്പം ലഭ്യമാവുന്നു എന്നതാണ്. കൂടാതെ ഗവർമെൻറ് തന്നെ പലവിധ പരിശീലന കേന്ദ്രങ്ങൾ ഏർപ്പെടുത്തുകയും അവർക്ക് വേണ്ട പണിയായുധങ്ങളും മറ്റും വിതരണം ചെയ്യുകയും ചെയ്യുന്നു.

വൻകിട വ്യവസായസ്ഥാപനങ്ങൾ ഒന്നും ഇല്ലാത്ത ഈ ഗ്രാമപഞ്ചായത്തിലെ വിരലിലെണ്ണാവുന്ന ചില ചെറുകിട വ്യവസായ സ്ഥാപനങ്ങൾ താഴെ കൊടുക്കുന്നു.

1. വെയ്റ്റിംഗ് ഉപകരണം (തുലാസ്) കല്ലേക്കാട്
2. ജാഫർ P.V.C പൈപ്പുകൾ കല്ലേക്കാട്
3. സൽജ് ഐസ് പ്ലാൻറ് പൂടൂർ
4. അക്ബർ ഓട്ടോ ബിൽഡെർസ് മാമ്പ്ര
5. റെഡിമെയ്ഡ് വനിതാസഹകരണം കുറിശ്ശാംകുളം
6. ഈയം ഉരുക്കൽ കമ്പനിസംഘം മാമ്പ്ര

ഇവ കൂടാതെ കളിമൺ പാത്രനിർമ്മാണം, പനമ്പ്, കുട്ടനിർമ്മാണം, സോഡ, പപ്പടം, പുൽപ്പായ, പ്രിൻറിംഗ്, അച്ചാർ, വയർകട്ട് ഇഷ്ടിക, നാടൻ ഇഷ്ടിക നേന്ത്രക്കായ വറുക്കൽ, ഹൽവ മറ്റു ബേക്കറി ഇനങ്ങൾ, ആനപ്പട്ടം, വെൺമ്പാമരം, വർണ്ണക്കുട നിർമ്മാണം, അലുമിനിയപാത്രം, ബീഡിതെരുപ്പ്, സ്വർണ്ണപ്പണി, തഴകൂട്, എലിക്കൂട്, ചകിരി, ബ്രഷ്, കാറി, റൈസ്മിൽ, ഫ്ലോർമിൽ ചുണ്ണാമ്പുചൂള, കാർബോർഡ് പാക്കിംഗ് പെട്ടികൾ തുടങ്ങിയ വളരെ ചെറിയതോതിലുള്ള യൂണിറ്റുകൾ മാത്രമാണീ ഗ്രാമപഞ്ചായത്തിലുള്ളത്.

നഷ്ടപ്പെട്ട പരമ്പരാഗത മനുഷ്യദ്ധ്വാനം

ഗ്രാമങ്ങളിൽ നിന്ന് മാഞ്ഞുപോയതും ഇനി തിരിച്ച് വരാൻ സാദ്ധ്യതയില്ലാത്തതുമായ ഏതാനും പരമ്പരാഗത മനുഷ്യാദ്ധ്വാനങ്ങളിൽപ്പെട്ടതാണ് അലക്ക് വാഷിംഗ് മെഷീൻറെയും ഡ്രൈക്ലീനിംഗ് സെൻററുകളുടെയും വരവോടെ അലക്കുപണി ഇല്ലാതായി. എണ്ണമില്ലുകളുടെയും എണ്ണ ഇറക്കുമതിയുടെയും ഫലമായി എണ്ണയാട്ടൽ ഇവിടെ ഇല്ലാതായി. വർക്ക്ഷോപ്പ്, വെൽഡിംഗ്, ലെയ്ത്തു ഫൗൻട്രി യൂനിറ്റുകളുടെ ആവിർഭാവം കൊല്ലപണിക്ക് സാദ്ധ്യതയില്ലാതാക്കി. കൃത്രിമ നൂലുകൾ കോട്ടൺ മില്ലുകൾ മറ്റ് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നിവ നൂൽ നൂൽപ്പും നെയ്ത്തും ഇവിടെ നിന്നും ഇല്ലാതായി. ട്രാക്ടർ, ട്രില്ലർ എന്നിവയുടെ വരവോടെ കന്നുപൂട്ടൽ ഉഴവ് ഇവ നിന്നുപോയി. നാടക ട്രൂപ്പുകൾക്കും, പാട്ടുകച്ചേരി ട്രൂപ്പുകൾക്കും സിനിമ T.V എന്നിവയുടെ വരവോടെ ജനപ്രീതി കുറഞ്ഞു.

ഇത്തരം മാറ്റങ്ങളെല്ലാം ആധുനിക സമൂഹത്തിൻെറ പുരോഗതിയുടെയും പരിഷ്ക്കാരത്തിൻെറ അളവുകോലുകളാണെങ്കിലും നമുക്ക് ബലികഴിക്കേണ്ടി വന്നത് ഗ്രാമീണ ജനതയുടെ ജീവിത മാർഗ്ഗങ്ങൾ മാത്രമല്ല അതൊടൊപ്പം ഗ്രാമങ്ങളിൽ കളിയാടിയിരുന്ന നൻമയും നിഷ്ക്കളങ്കതയും.

മുൻ സൂചിപ്പിച്ചതുപോലെ പിരായിരി ഗ്രാമപഞ്ചായത്തിന് ഇന്നത്തെ സാഹചര്യത്തിൽ ഏറെ ആഭികാമ്യം ചെറുകിട/കുടിൽ വ്യവസായങ്ങൾ തന്നെയാണ്. ഇത്തരം യൂനിറ്റുകൾ സ്ഥാപിക്കുവാൻ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു.

ഗവർമെൻറ് തലത്തിൽ തന്നെ തൊഴിലില്ലാത്ത യുവതീ യുവാക്കൾക്ക് അവരവരുടെ അഭിരുചിക്കനുസരിച്ചു വീട്ടുപകരണങ്ങളുടെ റിപ്പയർ, വെൽഡിംഗ്, ലെയ്ത്ത്, സൈക്കിൾ റിപ്പയർ എന്നീ ചെറിയ യൂണിറ്റുകളിൽ ജോലി ചെയ്യാനുള്ള പരിശീലനം നൽകണം.

പരിശീലനം നേടിയവർക്ക് പണിയായുധങ്ങൾ വായ്പയായോ, തവണവ്യവസ്ഥയിലോ പഞ്ചായത്തു മുഖാന്തിരം നൽകണം.

വൻകിട വ്യവസായ സ്ഥാപനങ്ങളുടെ Auxilary unit തുടങ്ങാനുള്ള സാദ്ധ്യതകൾ അന്വേഷിച്ച് കണ്ടെത്തുകയും ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള നിലവിലുള്ള നിയമങ്ങളും നിബന്ധനകളും ലഘൂകരിക്കുകയും സാമ്പത്തികസഹായം എളുപ്പം ലഭ്യമാക്കാൻ വേണ്ടത് ചെയ്യുകയും വേണം.

സാമൂഹ്യസംഘടനകൾ, സന്നദ്ധ സംഘടകൾ, വനിതാസംഘടനകൾ മുഖാന്തിരം നടപ്പിലാക്കാവുന്ന യൂണിറ്റുകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നടപ്പിലാക്കണം.

വായ്പകൾ യഥാസമയം അടച്ചുതീർക്കുവാനുള്ള ബോധം ജനങ്ങളിൽ ഉയർത്തണം.

പുതിയതായി തുടങ്ങുന്ന യൂണിറ്റുകൾക്ക് വൈദ്യുതിയുടെ ലഭ്യതയുടെ കാലതാമസം ഇല്ലാതാക്കണം.

സ്പെഷൽ ഗ്രാമ സഭകളിൽ നിന്നും പഠനയാത്രയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞ. സാദ്ധ്യതകളുള്ള ചില കുടിൽ ചെറുകിട വ്യവസായങ്ങൾ താഴെപറയുന്നവയാണ്.

1. ഖാദിയൂണിറ്റ്
2. ബീഡി വ്യവസായം
3. കളിമൺ പാത്രനിർമ്മാണം
4. പാക്കിംഗ് ബാഗ് നിർമ്മാണം
5. റെഡിമെയ്ഡ് വസ്ത്രം
6. ചെരിപ്പുനിർമ്മാണം
7. മെഴുകുതിരി നിർമ്മാണം
8. കുട നിർമ്മാണം
9. ചന്ദനത്തിരിനിർമ്മാണം.
10. പായ നെയ്ത്ത്
11. ഫാബ്രിക്കേഷൻ വർക്സ്
12. ക്രഷർ യൂനിറ്റ്
13. Plastic re Processing unit

ജപ്പാൻ, ഹോം കോങ്ങ് തുടങ്ങിയ രാജ്യങ്ങളിലെ പോലെ കുടിൽ വ്യവസായങ്ങൾക്കു രൂപം കൊടുക്കുകയും നിലവിലുള്ള നിയന്ത്രണങ്ങൾ ഉദാരവൽക്കരിക്കുകയും ചെയ്താൽ ചുരുങ്ങിയ ചിലവിൽ നമുക്ക് പലയന്ത്രങ്ങളുടെയും സ്പെയർ പാർട്സുകൾ നിർമ്മിക്കുവാൻ കേരളത്തിലെ ഉത്പന്നങ്ങൾക്ക് വ്യവസായ ഭൂപടത്തിൽ ഒരു സ്ഥാനം ലഭിക്കുകയും ചെയ്യും. അതുവഴി ലോക മാർക്കറ്റിൽ തന്നെ ഇവ വിറ്റഴിക്കുവാനും അവസരമുണ്ടാകും. വിദേശത്തെ തൊഴിൽ മേഖലകൾ മലയാളി കൈവശപ്പെടുത്തിയതുപോലെ തദ്ദേശ മലയാളികൾക്ക് ലോകമാർക്കറ്റ് പിടിച്ചെടുക്കുവാൻ കഴിയും. തൊഴിൽ രഹിതരായി വിദേശത്തുനിന്നും വരുന്ന അനേകായിരം മലയാളികളെ നിരാശരാക്കാതെ മാതൃകാപരമായി പുനരധിവസിപ്പിക്കാൻ ചെറിയതരം യൂനിറ്റുകൾക്ക് കഴിയും.

പിരായിരി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രധാനപ്പെട്ടതൊഴിൽ വ്യവസായ സ്ഥാപനങ്ങൾ ഏകദേശം 283 എണ്ണമാണ്. അതിൽ 2195 പുരുഷൻമാരും 3441 സ്ത്രീതൊഴിലാളികളും അടക്കം ആകെ തൊഴിലാളികൾ സ്ഥിരമായും ഭാഗികമായും ഏകദേശം 5636 ആകുന്നു.

14

ഗതാഗതം

പാലക്കാട് മുനിസിപ്പാലിറ്റിയോട് തൊട്ടുകിടക്കുന്നതും, ജനസാന്ദ്രത കൂടിയതും വരുമാനം കുറഞ്ഞതുമായ ഒരു പഞ്ചായത്താണിത്. മുനിസിപ്പൽ പ്രദേശത്തുള്ള കോൺക്രീറ്റ് റോഡ്, ടാർ റോഡ് എന്നിവയോട് സമാനമായ ഒരു റോഡ് പോലും ഇവിടെയില്ല. റോഡുകളുടെ അവസ്ഥ പലതും വളരെ ശോചനീയമാണ്. അറ്റുകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. റോഡുകൾക്ക് വേണ്ടത്ര വീതിയോ ഡ്രൈനേജോ ഇല്ലാത്തതിനാൽ റോഡുകളിൽ പല സ്ഥലത്തും വെള്ളം കെട്ടി നിൽക്കുന്നു. 8 മീറ്റർ വീതിയുള്ള റോഡുകൾ നാമമാത്രമാണ്. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുകയോ പുനരുദ്ധാരണം നടത്തുകയോ ചെയ്യുന്നതൊഴിച്ചാൽ സന്നദ്ധ പ്രവർത്തകരുടെയും സൗജന്യ മനുഷ്യാദ്ധ്വാനം വഴിയും നിർമ്മിയ്ക്കുന്ന റോഡുകൾ തുലോം വിരളമാണ്.

കോൺക്രീറ്റ് ചെയ്ത റോഡുകൾ 23.55 കിലോമീറ്ററും ടാർ റോഡുകൾ 24.450 കിലോമീറ്ററും മെറ്റൽ റോഡുകൾ 15.800 കിലോമീറ്ററും മൺറോഡുകൾ 43.950 മീറ്ററും കൂടി ആകെ 107 - 750 കിലോമീറ്ററാണ്.

അത്രയും നടവഴികൾ വികസിപ്പിച്ചെടുക്കുവാനുമുണ്ട്. ഈ പഞ്ചായത്തിൽ കൂടി പാലക്കാട് - ഷൊർണ്ണൂർ റോഡും, പാലക്കാട് - കോട്ടായി റോഡും കടന്നുപോകുന്നുണ്ട്. പ്രസ്തുത റോഡുകളിൽ പാലക്കാട് - കോട്ടായി റോഡിൽ ആവശ്യാനുസരണം ബസ്സ് സർവ്വീസ് ഇല്ല. ഇരുറോഡുകളേയും തമ്മിൽ ബന്ധിപ്പിയ്ക്കുന്ന MLA റോഡ് ഉണ്ടെങ്കിലും നിലവിലുള്ള വളവ് തിരിവുകൾ നിവർത്തി ബസ്സ് സർവ്വീസ് തുടങ്ങേണ്ടതുണ്ട്.

ഗ്രാമസഭകളിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും, നിർദ്ദേശങ്ങളും, സാദ്ധ്യതകളും താഴെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. ഉൾപ്രദേശങ്ങളിലേക്ക് വേണ്ടത്ര റോഡുകളില്ല.
2. നിലവിലുള്ള റോഡുകൾ പലതും ഗതാഗതയോഗ്യമല്ല.
3. MLA റോഡ് വഴി ബസ്സ് ഗതാഗതമില്ല.
4. കൊടുന്തിരപ്പുള്ളി - പൂടൂർ വഴിയും, MLA റോഡ് വഴിയും K.S.R.T.C ബസ്സുകൾ സർവ്വീസ് നടത്തുന്നില്ല.
5. റോഡുകൾക്ക് ഇരുവശവും അഴുക്കുചാലുകളില്ല.
6. നിലവിലുള്ള അഴുക്കുചാലുകൾ കേടുവന്ന നിലയിലാണ്.
7. പ്രധാന ജംഗ്ഷനുകളിൽ ബസ്സ് കാത്തു നിൽക്കാനുള്ള വെയിറ്റിംഗ് ഷെഡുകൾ ഇല്ല.
8. ഇലട്രിക് പോസ്റ്റ്, ടെലിഫോൺ പോസറ്റ് എന്നിവ റോഡുകളിൽ ഗതാഗത തടസ്സമുണ്ടാക്കുന്നു.
9. ചേങ്ങോട് തോട്ടിൽ കൾവർട്ടില്ല.
10. കല്ലേക്കാട് പിരായിരി റോഡിൽ കൾവർട്ട് ഇല്ല.

11. കല്പാത്തിപ്പുഴയിൽ പിരായിരി പഞ്ചായത്തിനേയും പുതുപ്പരിയാരം പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിയ്ക്കുന്ന നിലമ്പതിയില്ല.
12. കല്പാത്തിപ്പുഴയ്ക്ക് പേഴുങ്കര - പുതുപ്പരിയാരം ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന നിലമ്പതിയില്ല.
13. സ്ഥലം ഉണ്ടായിട്ടും റോഡുകൾ നിർമ്മിച്ചിട്ടില്ല.
14. കൊടുന്തിരപ്പുള്ളി - തിരുനെല്ലായ് റോഡ് ഗതാഗതയോഗ്യമാക്കി സർക്കുലർ ബസ്സ് സർവ്വീസ് അനുവദിക്കണം.
15. കല്ലേക്കാട് - കൊടുന്തിരപ്പുള്ളി റോഡ് വികസിപ്പിച്ച് ബസ്സ് സർവ്വീസ് അനുവദിക്കണം.
16. പിരായിരി പഞ്ചായത്തിനേയും മാത്തൂർ പഞ്ചായത്തിനേയും ബന്ധിപ്പിച്ച് ഗതാഗതയോഗ്യ മാക്കുന്നതിന് അത്താലൂർ ഭാഗത്ത് നിലമ്പതിപാലം നിർമ്മിക്കുക.
17. മേപ്പറമ്പു മുതൽ നെല്ലിപറമ്പ് വരെയുള്ള (മെട്രോനഗർ വഴി) റോഡ് ഗതാഗതയോഗ്യമാക്കി ബസ്സ് സർവ്വീസ് ആരംഭിക്കുക.

നിർദ്ദേശങ്ങൾ

1. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ പുതിയ റോഡുകൾ നിർമ്മിക്കണം.
2. ചപ്പുചവറുകളും, മാലിന്യങ്ങളും നിക്ഷേപിക്കാൻ റോഡരുകിൽ കുപ്പത്തൊട്ടികൾ സ്ഥാപിക്കണം.
3. റോഡിൽ അഴുക്കുചാലുകൾ ഇല്ലാത്ത എല്ലാ റോഡുകളിലും അഴുക്കുചാലുകൾ നിർമ്മിക്കുക.
4. ഗതാഗത തടസ്സങ്ങൾ ഒഴിവാക്കുവാൻ റോഡരികിലെ ഇലക്ട്രിക് പോസ്റ്റുകൾ ടെലഫോൺ പോസ്റ്റുകൾ എന്നിവ മാറ്റിസ്ഥാപിക്കുക.
5. റോഡുകളുടെ വശങ്ങളിലുള്ള അഴുക്ക്ചാലുകൾ ആഴ്ചയിലൊരിക്കലെങ്കിലും വൃത്തിയാക്കേണ്ടതാണ്.
6. പ്രധാന ജംഗ്ഷനുകളിൽ ചുങ്കം, കൃഷ്ണാറോഡ്, കണ്ണുകോട്ടുകാവ്, അയ്യപ്പൻകാവ്, ശിവൻ കോവിൽ, തരവത്ത്പടി, കൊടുന്തിരപ്പുള്ളി, അത്താലൂർ, ഞാവക്കോട്, പൂടൂർ, കല്ലേക്കാട് പുതിയ സ്റ്റോപ്പ്, മേപ്പറമ്പ്, കിഴക്കഞ്ചേരിക്കാവ്, പള്ളിക്കുളം, കനറാ ബാങ്കിനു മുൻവശം, A.R ക്യാമ്പിനു മുൻവശം, ബ്ളോക്കാഫീസിനും മുൻവശം, കല്ലേക്കാട് മില്ലിനു മുൻവശം കുറിശ്ശാംകുളം 2-ാം മൈൽ എന്നീ സ്ഥലങ്ങളിൽ ബസ്സ് വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കണം. ഇതിന് ആവശ്യമായ വിഭവങ്ങൾ സൗജന്യ സന്നദ്ധ സേവനത്തിലൂടെയും മഹദ് വ്യക്തികളുടെ സാമ്പത്തിക സഹായത്തോടെയും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും ചെയ്യാവുന്നതാണ്.
7. കല്പാത്തിപ്പുഴയിൽ പറക്കോട് - പേഴുങ്കര, അംബേദ്കർ കോളനിയുടെ ഭാഗത്തായി നിലമ്പതി നിർമ്മിക്കണം.
8. പാലക്കാട് - കോട്ടായി റൂട്ടിലും, പാലക്കാട് നിന്ന് MLA റോഡുവഴി മങ്കര ഭാഗത്തെക്കും KSRTC ബസ്സ് സർവ്വീസ് ആരംഭിക്കുക.
9. കണ്ണാടിപ്പുഴിയൽ അത്താലൂർ ഭാഗത്തായി മാത്തൂർ പഞ്ചായത്തിനേയും പിരായിരി പഞ്ചായത്തിനേയും ബന്ധിപ്പിച്ച് നിലമ്പതി നിർമ്മിക്കണം.
10. MLA റോഡ് വളവു നിവർത്തി പാലക്കാട് - ഒറ്റപ്പാലം റൂട്ടിൽ പുതിയ ബസ്സ് റൂട്ട് അനുവദിക്കണം.
11. സ്ക്കൂൾ കുട്ടികൾക്കും അംഗ. വൈകല്യമുള്ളവർക്കും ബസ്സ് യാത്രാ സൗജന്യം അനുവദിക്കണം.
12. 5-ാം മൈലിൽ നിന്ന് പൂടൂരിലേക്ക് കാടൂർ തോട്ടിൽ പാലം നിർമ്മിച്ച് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

സാദ്ധ്യതകൾ

1. റോഡുകൾ നിർമ്മിയ്ക്കുന്നതിന് സൗജന്യ സ്ഥലം ലഭ്യമാണ്.
2. MLA റോഡ് വളവു നിവർത്തി നന്നാക്കാൻ സ്ഥലം ലഭ്യമാണ്.
3. പുതിയതായി ഒറ്റപ്പാലം, കാടാമ്പുഴ, ഗുരുവായൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് അനുവദിക്കുന്ന KSRTC ബസ്സുകൾ കൊടുന്തിരപ്പുള്ളി MLA റോഡുവഴി ഓടിക്കാവുന്നതാണ്. പാലക്കാട് - കോട്ടായി റൂട്ടിൽ KSRTC ബസ്സുകൾ ഏർപ്പെടുത്താവുന്നതാണ്.

ഗ്രാമസഭയിൽ നിന്നും ലഭിച്ചതും പഞ്ചായത്തുമെമ്പർ മാരിൽ നിന്നും ശേഖരിച്ചതുമായ റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റോഡുകൾ സംബന്ധിച്ച പട്ടിക

I ടാർ ചെയ്ത റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	ഉടമസ്ഥത	നീളം	വീതി	യാത്രാസൗകര്യം
1.	പാലക്കാട് - ഷൊർണ്ണൂർ റോഡ്	PWD	5.5 കി.മീ.	12. മീ	ഉണ്ട്
2.	പിരായിരി - പൂടൂർ റോഡ്	PWD	5 കി.മീ.	10 മീ	ഉണ്ട്.
3.	അത്താലൂർ - കിഴക്കഞ്ചേരിക്കാവ് റോഡ്	PWD	2.5 കി.മീ.	8 മീറ്റർ	ഉണ്ട്
4.	മേപ്പറമ്പ് - ഉണ്ണിരാംകുന്ന് റോഡ്	PWD	2.5 കി.മീ.	8 മീ.	ഭാഗികം
5.	അംബേദ്കർ കോളനി റോഡ്	PWD	3 കി.മീ.	4 മീ.	ഭാഗികം
6.	പിരായിരി മേപ്പറമ്പ് റോഡ്	പഞ്ചായത്ത്	1.1 കി.മീ	4 മീ	ഭാഗികം
7.	കൊടുന്തിരപ്പുള്ളി അഗ്രഹാരം റോഡ്	പഞ്ചായത്ത്	600 മീ.	4 മീ	ഭാഗികം
8.	ഇരുപ്പക്കാട് കോളനി റോഡ്	പഞ്ചായത്ത്	150 മീ.	4 മീ	ഭാഗികം
9.	കളപ്പറമ്പ് റോഡ്	പഞ്ചായത്ത്	500 മീ.	4 മീ.	ഭാഗികം
10.	മോഴിപുലം തിരുനെല്ലായ് റോഡ്	പഞ്ചായത്ത്	1. കി.മീ.	5 മീ.	ഭാഗികം
11.	കൊടുന്തിരപുള്ളി - മോഴിപുലം റോഡ്	പഞ്ചായത്ത്	2 കി. മീ.	8 മീ.	ഭാഗികം
12.	പൂടൂർ - മുത്തേടം റോഡ്	പഞ്ചായത്ത്	700 മീ	4 മീ	ഭാഗികം

II കോൺക്രീറ്റ് റോഡുകൾ (പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളത്)

ക്രമ നമ്പർ	റോഡിന്റെ പേര്	നീളം	വീതി
1.	മേപ്പറമ്പ് കുന്നുംപുറം റോഡ്	300 മീ.	4 മീ
2.	ഫാത്തിമ റോഡ്	250 മീ.	3 മീ.
3.	കുറിശ്ശാകുളം - ഉണ്ണിരാംകുന്ന് റോഡ് (ഒന്നാംഘട്ടം)	180 മീ.	3 മീ
4.	പിരായിരി ചുങ്കം റോഡ്	150 മീ	3 മീ.
5.	പൂഴിക്കുന്നം റോഡ്	50 മീ	4 മീ
6.	പിരായിരി തറ റോഡ്	150 മീ	2.5 മീ
7.	വേമ്പ്രകുളം റോഡ്	200 മീ.	2.5 മീ
8.	ശാന്തി നഗർ റോഡ്	75 മീ	1 1/2 മീ
9.	തരുവക്കോട് റോഡ്	100 മീ.	2 മീ
10.	നെഹ്റു കോളനി റോഡ്	250 മീ.	2.5 മീ
11.	പൂടൂർ ഏനാതി റോഡ്	150 മീ	3 മീ
12.	പൂടൂർ മുത്തേടം റോഡ്	200 ,മീ.	4 മീ
13.	പിരായിരി കല്ലേക്കാട് റോഡ്	50 മീ	4 മീ
14.	പിരായിരി ഇരുപ്പക്കാട് റോഡ് (IHDP)	250 മീ	4 മീ

മെറ്റൽ റോഡുകൾ അടിയന്തിരമായി പുനരുദ്ധാരണം നടത്തേണ്ടവ

ക്രമ നമ്പർ	റോഡിന്റെ പേര്	നീളം	വീതി
1.	കൊടുന്തിരപ്പുള്ളി - കല്ലേക്കാട് റോഡ്	2.5 കി.മീ.	8 മീ.
2.	തുമ്പളംകാട് റോഡ്	500 മീ.	3 മീ
3.	കോടുന്തിരപ്പുള്ളി അണ്ടലംകാട്	750 മീ	4 മീ
4.	പിരായിരി കല്ലേക്കാട് റോഡ്	1 കി.മീ.	4 മീ
5.	കല്ലേക്കാട് പൊടിപ്പാറ റോഡ്	600 മീ	5 മീ

6.	നെല്ലിക്കാട് വാരിയമ്പറമ്പ് റോഡ്	1 1/2 കി.മീ	4 മീ
7.	കല്ലേക്കാട് നടുമുറി റോഡ്	1 1/2 കി.മീ	4 മീ
8.	പൂടൂർ ഏനാദി റോഡ്	150 മീ	3 മീ
9.	അത്താലൂർ തറ റോഡ്	750 മീ	4 മീ
10.	കറമ്പക്കാട്	500 മീ	3 മീ
11.	കൊടുന്തിരപ്പുള്ളി അമ്പലപ്പറമ്പ് റോഡ്	150 മീ	9 മീ
12.	കിഴക്കഞ്ചേരിക്കാവ് വാരാമ്പള്ളം റോഡ്	600 മീ	4 മീ
13.	പള്ളിക്കുളം ഇരുപ്പക്കാട് റോഡ്	600 മീ	4 മീ
14.	പടിഞ്ഞാമുറി റോഡ്	1 കി.മീ	4 മീ
15.	ഫാത്തിമ റോഡ്	250 മീ	4 മീ
16.	പൂഴിക്കുന്നം റോഡ്	400 മീ	4 മീ
17.	പിരായിരി കമ്മാന്തറ റോഡ്	300 മീ	3 മീ
18.	നെടുങ്ങോട് ഹരിജൻ കോളനി റോഡ്	200 മീ	3 മീ
19.	മേലേ കുണ്ടുകാട് റോഡ്	500 മീ	3 മീ

IV മൺറോഡുകൾ (അടിയന്തിരമായി പുനരുദ്ധാരണം നടത്തേണ്ടവ):-

ക്രമ നമ്പർ	റോഡിന്റെ പേര്	നീളം	വീതി
1.	പൂങ്ങോട് പുഴ റോഡ്	700 മീ	5 മീ
2.	നെഹ്റു കോളനി തുമ്പളംകാട് റോഡ്	300 മീ	2 മീ
3.	ഞാവക്കോട് ശ്മശാനം റോഡ്	2. കി.മീ	3.5 മീ
4.	തുമ്പളം കാട് ഗ്രാമം റോഡ്	250 മീ	3 മീ
5.	ഏറങ്കാട് റോഡ്	400 മീ	2 മീ
6.	പൂടൂർ ലക്ഷം വീട് കോളനി റോഡ്	300 മീ	4 മീ
7.	കല്ലേക്കാട് ലക്ഷംവീട് കോളനി റോഡ്	300 മീ	3 മീ
8.	കല്ലേക്കാട് ചേങ്ങോട് റോഡ്	1.5 കി.മീ	4 മീ
9.	പറക്കോട് ഹരിജൻ കോളനി റോഡ്	400 മീ	4 മീ

10.	കല്ലേക്കാട് പുതിയസ്റ്റോപ്പ് ഇടയ്ക്കാട്ടുപുര റോഡ്	700 മീ.	3.5 മീ
11.	പൂടൂർ പുഴ റോഡ്	1250 മീ	3 മീ
12.	വാരാമ്പള്ളം പുഴ റോഡ്	2. കി.മീ	8 മീ
13.	വാരാമ്പള്ളം പറയൻ പറമ്പ് റോഡ്	750 മീ.	4 മീ
14.	ഉണ്ണിരാംകുന്ന് എറയപ്പൊറ്റ റോഡ്	500 മീ	7 മീ
15.	പാളയം റോഡ്	1. കി.മീ.	4 മീ
16.	മേട്ടുപ്പാറ റോഡ്	800 മീ	3 മീ
17.	പുളിയശ്ശേരി തറ റോഡ്	600 മീ	3 മീ
18.	കല്ലേക്കാട് തെക്കുമുറി റോഡ്	500 മീ	3 മീ
19.	കല്ലേക്കാട് പറക്കോട്	1 കി.മീ	8 മീ
20	കുറിശ്ശിമല കുന്ന് റോഡ്	500 മീ	4 മീ
21.	ആന്ത്രാംകുന്ന് ഹരിജൻ കോളനി	400 മീ	3 മീ
22.	കുറുക്കൻപാറ വാരിയമ്പറമ്പ്	500 മീ	3 മീ
23.	കൊടുന്തിരപ്പുള്ളി അമ്പലപ്പറമ്പ്	400 മീ	2.5 മീ
24.	കളപ്പറമ്പ് ഹരിജൻ കോളനി	300 മീ	3 മീ
25.	അംബേദ്കർ കോളനീ വടക്കുമുറി	500 മീ	3 മീ
26.	പുളിയപ്പറമ്പ് ഹൈസ്ക്കൂൾ റോഡ്	1. കി.മീ	4 മീ
27.	മേലതി റോഡ്	750 മീ.	4 മീ
28.	പുതുക്കുളങ്ങര റോഡ്	700 മീ	4 മീ
29.	ഇരുപ്പക്കാട് മോഴിപുലം റോഡ്	1 കി.മീ.	4 മീ
30.	മോഴിപുലം - പുഴയ്ക്കൽ റോഡ്	1 കി.മീ.	4.5 മീ
31.	അത്തിക്കോട്ടുപറമ്പ്	1 കി.മീ	3 മീ
32.	പൂടൂർ ഏനാദി റോഡ്	150 മീ	2.5 മീ
33.	കാടൂർ തറ റോഡ്	1 കി.മീ.	8 മീ
34.	ഞാവക്കോട് അത്താലൂർതറ റോഡ്	700 മീ.	5 മീ
35.	കാഞ്ഞിരക്കോട്	400 മീ	3 മീ
36.	മാമ്പ്ര - കാടൂർ	1.5 കി.മീ.	8 മീ

37.	പുതിയ സ്റ്റോപ്പ് മാമ്പ്ര	500 മീ	11 മീ
38.	കള്ളിക്കാട് റോഡ്	1.5 കി.മീ	4 മീ
39.	പാനപ്പറമ്പ് കമ്മാന്തറ	1 കി.മീ	3 മീ
40.	പാനപ്പറമ്പ് തോലനിക്കാവ്	1 കി.മീ	4 മീ
41.	അത്താലൂർ തെക്കേപ്പുര	400 മീ	2 മീ
42.	പാനപ്പറമ്പ് കൊക്കോട്ടു തറ	750 മീ	4 മീ
43.	പൂടൂർ ഇടമന റോഡ്	400 മീ	4 മീ
44.	കുറിശ്ശാംകുളം - ഉണ്ണിരാം കുന്ന്	1.കി.മീ	4 മീ
45.	മുണ്ടൻ പറമ്പ് ഹരിജൻ കോളനി റോഡ്	650 മീ.	4മീ
46.	മെട്രോ നഗർ മാപ്പിളക്കാട് റോഡ്	1.കീ.മീ	4 മീ
47.	കല്ലേക്കാട് വിളയൻകോട് റോഡ്	800 മീ	4 മീ
48.	പിരായിരി കല്ലേക്കാട് റോഡ്	1. കി.മീ	4 മീ
49.	മുണ്ടൻ പറമ്പ് ഹരിജൻ കോളനി - പിരായിരി കമ്മാന്തറ റോഡ്	1 കി.മീ.	5 മീ
50	തുമ്പക്കാട് കുണ്ടുകാട് റോഡ്	1 കി:മീ	5 മീ
51.	കുറിശ്ശാം കുളം - കുറുക്കമ്പാറ	1 കി.മീ.	4 മീ
52.	വലിയമ്മക്കാവ് ഹരിജൻ കോളനി റോഡ്	400 മീ	4 മീ
53.	ചാത്തക്കുളം കുണ്ടുകാട് റോഡ്	500 മീ	6 മീ
54.	ചാത്തക്കുളം ഞാറോലി റോഡ്	400 മീ	4 മീ
55.	കിണായത്ത് തൊടി തോട്ടുംപള്ള റോഡ്	600 മീ	4 മീ
56.	പിരായിരി ലക്ഷം വീട് കോളനി റോഡ്	200 മീ	4 മീ
57.	കമ്മാന്തറ വേമ്പ്രകുളം റോഡ്	500 മീ	4 മീ
58.	ഉമാനഗർ കോളനി റോഡ്	1. കി.മീ	5 മീ

V പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ചെയ്യേണ്ട പ്രവൃത്തി
1.	കല്ലേക്കാട് - ചേങ്ങോട്	1.5 കി.മീ	3 മീ	കോൺക്രീറ്റ്
2.	നാവക്കോട് പാനപ്പറമ്പ്	500 മീ	4 മീ	ടാറിങ്ങ്
3.	കൊടുന്തിരപ്പുള്ളി അമ്പലപ്പറമ്പ്	1 കി.മീ	5 മീ	ടാറിംഗ്
4.	കള്ളിക്കാട് ചേങ്ങോട്	1 കി.മീ	4 മീ	ടാറിംഗ്
5.	മെട്രോനഗർ കല്ലേക്കാട്	3 കി.മീ.	.8 മീ	ടാറിംഗ്
6.	ന്യൂ അഗ്രഹാരം റോഡ്	400 മീ	3 മീ	കോൺക്രീറ്റ്
7.	പാനപറമ്പ് ഇടവഴി	600 മീ	2 മീ	കോൺക്രീറ്റ്
8.	കക്കോട്ടുകാവ് ചേങ്ങോട്	2 കി.മീ.	4 മീ	നിർമ്മാണം
9.	തുമ്പളംകാട് ഗ്രാമം	250 കി. മീ.	2.5 മീ	കോൺക്രീറ്റ്
10.	നെഹ്റു കോളനി തുമ്പളംകാട്	300 മീ	2 മീ	കോൺക്രീറ്റ്
11.	കള്ളിക്കാട് കനാൽ ബണ്ട്	500 മീ	8 മീ	നിർമ്മാണം
12.	ചേങ്ങോട് കള്ളിക്കാട്	-	-	റോഡിൽ കനാൽ പാലം
13.	പാനപറമ്പ് ഗ്രാമം റോഡ്	250 മീ	25.5 മീ	കോൺക്രീറ്റ്
14.	ജമാ അത്ത് കോളനി റോഡ്	300 മീ	3 മീ	കോൺക്രീറ്റ്
15.	നെല്ലിക്കാട്, വാരിയമ്പറമ്പ്, പേഴുങ്കര, ഒളപ്പക്കളം, അറഫ നഗർ, പേഴുങ്കര, പള്ളിയിറക്കം	-	-	കോൺക്രീറ്റ്
16.	അമ്പലപ്പറമ്പ് നെടുമനക്കുന്ന്	500 മീ	5 മീ	നിർമ്മാണം.
17.	കാടൂർ - മോച്ചം കോട്	1. കി.മീ.	8 മീ	ടാറിംഗ്
18.	മെട്രോനഗർ മുണ്ടൻ പറമ്പ്	1 കി.മീ.	3.5 മീ	ടാറിംഗ്
19.	മെട്രോനഗർ ബ്ളോക്കാഫീസ് റോഡ്	1 കി.മീ	5 മീ	നിർമ്മാണം
20.	മെട്രോ നഗർ നെല്ലിപ്പറമ്പ് റോഡ്	1.5 കി.മീ	8 മീ	നിർമ്മാണം
21.	മെട്രോ നഗർ മസ്ജിദ് നഗർ റോഡ്	500 മീ	5 മീ	നിർമ്മാണം

22.	പൊടിപ്പാറ - വെളയംകോട് റോഡ്	750 മീ	5 മീ	നിർമ്മാണം
23.	പന്നിക്കുളം - നെല്ലിപറമ്പ് റോഡ്	500 മീ	4 മീ	നിർമ്മാണം
	SC കോളനി			
24.	കുർശ്ശാംകുളം - കുന്നുപുറം റോഡ്	300 മീ	3 മീ	നിർമ്മാണം
25.	കുർശ്ശാം കുളം C.H. റോഡ്	400 മീ	3 മീ	നിർമ്മാണം
26.	പാറക്കളം റോഡ്	500 മീ	3 മീ	നിർമ്മാണം.
27.	എറയപ്പൊറ്റ കുന്നുംപുറം റോഡ്	500 മീ	3 മീ	നിർമ്മാണം.
28.	എറയപ്പൊറ്റ പള്ളിത്തൊടി റോഡ്	500 മീ	3 മീ	നിർമ്മാണം
29.	എറയപ്പൊറ്റ ഹംസനഗർ റോഡ്	500 മീ.	.2 മീ	നിർമ്മാണം.
30.	എറയപ്പൊറ്റ H. അബു കോളനിറോഡ്	400 മീ	4 മീ	നിർമ്മാണം
31.	എറയപ്പൊറ്റ ബ്ളോക്കാഫീസ് റോഡ്	1. കി.മീ	4 മീ	നിർമ്മാണം.
32.	ഉണ്ണിരാംകുന്ന് തെക്കെകുളം റോഡ്	500 മീ	4 മീ	നിർമ്മാണം
33.	കണ്ണുകോട്ടുകാവ് പാറക്കുളം റോഡ്	1. കി.മീ.	3 മീ	നിർമ്മാണം
34.	കണ്ണുകോട്ടുകാവ് ഇല്ലത്തുപറമ്പ്	1.5 കി.മീ	5 മീ	നിർമ്മാണം.
	കനാൽ ബണ്ട്			
35.	ഉപാസന നഗർ ഇല്ലത്തുകുളം	500 മീ	3 മീ	നിർമ്മാണം.
36.	മാപ്പിളക്കാട് തുമ്പക്കാട്	1. കി.മീ	3.5 മീ	നിർമ്മാണം.
37.	കല്ലേക്കാട് റൈസ്മിൽ മണിക്കുറ്റിക്കളം	400 മീ	4 മീ	നിർമ്മാണം.
38.	കനറാ ബാങ്ക് മുതൽ വടക്കുമുറി	1. കി.മീ	3 മീ	നിർമ്മാണം.
39.	അംബേദ്ക്കർ കോളനി റോഡ് വരെ വാരാമ്പള്ളം ചക്കാംകുന്ന്	2 കി.മീ	4 മീ	നിർമ്മാണം
40.	എടക്കാട്ടുപുര പ്രിയദർശിനി നഗർ	1.5 കി.മീ	5 മീ	നിർമ്മാണം.
41.	ചാമക്കാട് - NS നഗർ	1 കി.മീ	3 മീ	നിർമ്മാണം.
42.	ശങ്കരച്ചാം തൊടി ഹരിജൻ കോളനി	750 മീ	3.5 മീ	നിർമ്മാണം.
43.	പുതിയസ്റ്റോപ്പ് തെക്കുമുറി	900 മീ	4.5 മീ	നിർമ്മാണം.
44.	പാനപറമ്പ് ഞാവക്കോട് റോഡ്	500 മീ	4 മീ	നിർമ്മാണം
45.	കള്ളിക്കാട് - ചേങ്ങോട് റാഡ്	700 മീ	3 മീ	നിർമ്മാണം
46.	പൊടിപ്പാറ - പാളയം റോഡ്	2. കി.മീ	5 മീ	നിർമ്മാണം

47.	മേട്ടുപ്പാറ പാളയം റോഡ്	1 കി.മീ	4 മീ	നിർമ്മാണം.
48.	മല്ലമ്പാറ റോഡ്	1.5 കി.മീ	3.5 മീ	നിർമ്മാണം
49.	നൊച്ചിമാൻ കുന്ന് റോഡ്	750 മീ	3 മീ	നിർമ്മാണം
50	എടക്കാട്ടുപുര പറയൻ പറമ്പ് റോഡ്	1.5 കി.മീ	5 മീ	നിർമ്മാണം.
51.	പുതിയസ്റ്റോപ്പ് തെക്കുമുറി റോഡ്	500 മീ	4.5 മീ	നിർമ്മാണം.
52.	അമ്പലപറമ്പ് ഫാം റോഡ്	1.5 കി.മീ	6 മീ	നിർമ്മാണം
53.	പൂടൂർ കുണ്ടുപറമ്പ് റോഡ്	400 മീ	4 മീ	നിർമ്മാണം.
54.	പൂടൂർ ലക്ഷം വീട് പുഴ റോഡ്	300 മീ	4 മീ	നിർമ്മാണം.
55.	കളപറമ്പ് ഹരിജൻ കോളനി റോഡ്	500 മീ	3.5 മീ	നിർമ്മാണം.
56.	അത്താലൂർ ഹരിജൻ കോളനി റോഡ്	1. കി.മീ	4 മീ	നിർമ്മാണം.
57.	അത്താലൂർ തറ റോഡ്	750 മീ	4 മീ	നിർമ്മാണം
58.	ചര പറമ്പ് റോഡ്	500 മീ	3 മീ	നിർമ്മാണം
59	നെടുംപറമ്പ് റോഡ്	1. കി.മീ	4 മീ	നിർമ്മാണം.
60.	ഓരാചിക്കുളം റോഡ്	500 മീ	4 മീ	നിർമ്മാണം
61.	വേദാന്തശ്രമം (മോഴിപുലം) റോഡ്	60 മീ	3 മീ	നിർമ്മാണം.
62.	മോഴിപുലം നായർതറ റോഡ്	750 മീ	3 മീ	നിർമ്മാണം.
63.	ഇരുപ്പക്കാട് മോഴിപുലം റോഡ്	1.5 കി.മീ	5 മീ	നിർമ്മാണം.
64.	ചാവടിപറമ്പ് അത്തിക്കോടുപറമ്പ് റോഡ്	1 കി.മീ	4 മീ	നിർമ്മാണം.
65.	ടിപ്പുസൽത്താൻ റോഡ്	700 മീ	8 മീ	നിർമ്മാണം
66.	ആന്ത്രംകുന്ന് പാറക്കുളം റോഡ്	600 മീ	6 മീ	നിർമ്മാണം.
67.	കുറിശ്ശിമല കുന്ന് റോഡ്	400 മീ	6 മീ	നിർമ്മാണം.
68.	വാരിയം പറമ്പ് കുറുക്കൻ പാറ റോഡ്	500 മീ	4 മീ	നിർമ്മാണം.
69.	ചിറക്കുളം കറ്റക്കളം റോഡ്	250 മീ	5 മീ	നിർമ്മാണം
70.	ചിറക്കുളം കുറുക്കൻ പാറ റോഡ്	300 മീ	3 മീ	നിർമ്മാണം.
71.	വാരിയംപറമ്പ് ബാലൻ പറമ്പ് റോഡ്	250 മീ	3 മീ	നിർമ്മാണം.
72.	കുറിശ്ശാംകുളം പാറക്കുളം റോഡ്	500 മീ	5 മീ	നിർമ്മാണം.
73.	കുന്നുപുറം ഫാത്തിമാ റോഡ്	300 മീ	4 മീ	നിർമ്മാണം.

74.	ഉണ്ണിരാം കുന്ന് ഫാത്തിമാ റോഡ്	400 മീ	3 മീ	നിർമ്മാണം
75.	ഗ്രീൻ ഫീൽഡ് റോഡ്	200 മീ	3 മീ	നിർമ്മാണം.
76.	ഗിരീഷ് മിൽ റോഡ്	500 മീ	4 മീ	നിർമ്മാണം
77.	അയ്യപ്പൻ കാവ് ഗ്രാമം റോഡ്	300 മീ	3 മീ	നിർമ്മാണം
78.	ഇരുപ്പക്കാട് കണ്ണൻകുളം റോഡ്	300 മീ	4 മീ	നിർമ്മാണം.
79.	ശിവൻ കോവിൽ ഇരുപ്പക്കാട് റോഡ്	1.5 കി. മീ	4 മീ	നിർമ്മാണം.
80.	നെടുങ്ങോട് റോഡ്	600 മീ	3 മീ	നിർമ്മാണം.
81.	കറമ്പക്കാട് നെല്ലിശ്ശേരിക്കളം വഴി മോഴിപുലം	1.5 കി.മീ	3 മീ	നിർമ്മാണം.
82.	കൊടുന്തിരപ്പുള്ളി പ്രിയദർശിനി റോഡ്	1.5 കി.മീ	4 മീ	നിർമ്മാണം.
83.	ഒടുകം പൊറ്റ ചക്കരപ്പുര റോഡ്	500 മീ	3 മീ	നിർമ്മാണം.
84.	പൂടൂർ ആലംപൊറ്റ റോഡ്	500 മീ	3 മീ	നിർമ്മാണം.
85.	MLA റോഡ് (മാമ്പ്രക്കുന്ന്)	400 മീ	3 മീ	നിർമ്മാണം.
86.	മേലതി നെടുമുറി മദ്രസ റോഡ്	500 മീ	3 മീ	നിർമ്മാണം.
87.	കല്ലേക്കാട് കൊടുന്തിരപ്പുള്ളി പിരായിരി കല്ലേക്കാട് റോഡ്	1. 3/4 കി.മീ	4 മീ	നിർമ്മാണം.
88.	മുണ്ടൻപറമ്പ് HC കോളനി പള്ളിക്കുളം	1 1/2 കി.മീ	6 മീ	നിർമ്മാണം.
89.	മോഴുപുലം ശ്മശാനം റോഡ്	200 മീ	4 മീ	നിർമ്മാണം.
90.	മോഴിപുലം പുഴ റോഡ്	250 മീ	3 മീ	നിർമ്മാണം.
91.	ചാവടിപ്പറമ്പ് കൃസ്ത്യൻ കോളനി റോഡ്	400 മീ	3 മീ	നിർമ്മാണം.
92.	മോഴിപുലം കിഴക്കുമ്പുറം റോഡ്	400 മീ	3 മീ	നിർമ്മാണം.
93.	മോഴിപുലം ആശാരിത്തറ റോഡ്	200 മീ	3 മീ	നിർമ്മാണം.
94.	എറയപ്പൊറ്റ സലാര റോഡ്	400 മീ	2 1/2 മീ	നിർമ്മാണം.
95.	പൊടിപ്പാറ എഴുന്നിമലകുന്ന് റോഡ്	1 കി.മീ	5 മീ	നിർമ്മാണം.
96.	മാപ്പിളക്കാട് കനാൽ ബണ്ട് ഉമ്മർ ലൈൻ കോളനി	1 കി. മീ	5 മീ	നിർമ്മാണം.

97.	മെട്രോനഗർ മുണ്ടൻ പറമ്പ് റോഡിൽ പാലം	-	-	-
98.	ഇല്ലത്തുപറമ്പ് കണ്ണോട്ടുകാവ് കനാൽ ബണ്ട് റോഡിൽ പാലം	-	-	-
99.	ഉണ്ണിരാംകുന്ന് ഹരിജൻ കോളനിയിൽ പാലം	-	-	-
100.	കറ്റക്കളം ഫാത്തിമ റോഡ്	0.400 മീ	3 മീ	നിർമ്മാണം.
101.	പാറക്കളം - പുഴ റോഡ്	0.400 മീ	3 മീ	നിർമ്മാണം.
102.	ഇല്ലത്തുപറമ്പ് - മെതിക്കളം	0.300 മീ	3 മീ	നിർമ്മാണം.
103.	ആന്ധ്രാം കുന്ന് H.C റോഡ്	500 മീ	4 മീ	നിർമ്മാണം.
104.	നെല്ലിക്കാട് - മലയാളി റോഡി	300 മീ	4 മീ	നിർമ്മാണം.
105.	എടക്കാട്ടുപുര - പ്രിയദർശിനി നഗർ	300 മീ	3 മീ	നിർമ്മാണം.
106.	ഉപാസനാനഗർ - ചുങ്കം	500 മീ	4 മീ	നിർമ്മാണം.
107.	മെഴീസെൻറർ - കൃഷ്ണാ റോഡ്	500 മീ	3 മീ	നിർമ്മാണം.
108.	മിഷ്യൻ കോമ്പൗണ്ട് റോഡ്	300 മീ	3 മീ	നിർമ്മാണം.
109.	നെല്ലിക്കാട് റോക്ക് റോഡ്	50 മീ	3 മീ	നിർമ്മാണം.
110	മേപ്പറമ്പ് MAK കോളനി റോഡ്	300 മീ	5 മീ	നിർമ്മാണം.
111.	മന്ദം - പേഴുംകര റോഡ്	250	3 മീ	നിർമ്മാണം.
112.	ചാവക്കാട് - NS നഗർ റോഡ്	300 മീ	3 മീ	നിർമ്മാണം.
113.	ശങ്കരച്ചാം തൊടി HC റോഡ്	300 മീ	3 മീ	നിർമ്മാണം.
114.	കല്ലേക്കാട് ലക്ഷം വീട് റോഡ്	200 മീ	3 മീ	നിർമ്മാണം.
115.	കുറിശ്ശാം കുളം യൂസഫ് റോഡ്	75 മീ	3 മീ	നിർമ്മാണം.
116.	വേലദി ഇടവഴി റോഡ്	150 മീ	2 മീ	നിർമ്മാണം.
117.	മൂന്നേടം ഡ്രൈനേജ്	300	1 മീ	നിർമ്മാണം.
118.	ഇരപ്പക്കാട് IHDP പുത്തൻപുര	100 മീ	2 മീ	നിർമ്മാണം.
119.	പൊടിപ്പാറ - യൂനുസ് കോളനി റോഡ്	750 മീ	4 മീ	നിർമ്മാണം.

15
ഊർജ്ജം

നമ്മുടെ ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ഘടകമാണ് ഊർജ്ജം. ഊർജ്ജം എന്നാൽ വെറു വൈദ്യുതിമാത്രമല്ല. മണ്ണെണ്ണ, പെട്രോൾ, ഡീസൽ, പാചകഗ്യാസ്, വിറക്, വിറകുകരി എന്നിവ ഊർജ്ജ സ്രോതസ്സുകളാണ്. വൈദ്യുതി ഉപയോഗിച്ച് ആഹാരം പാകം ചെയ്യുന്നത് നമ്മുടെ പഞ്ചായത്തിൽ വളരെകുറവാണ്. എന്നാൽ മണ്ണെണ്ണ, പാചകഗ്യാസ്, വിറക്, വിറകുകരി എന്നിവ ദൈനംദിന ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. വൈദ്യുതിയുടെ ഉപയോഗവും ഗുണഭോക്താക്കളും ദൈനംദിനം വർദ്ധിച്ചുവരികയാണ്. ഗാർഹിക ഉപഭോക്താക്കൾ 1867 പേരും, കച്ചവടക്കാർ 210 ഉം വ്യവസായികൾ 48 ഉം കാർഷിക ഉപഭോക്താക്കൾ 78 ഉം എന്നതാണ് നിലവിലുള്ള കണക്ക്. 72 പേർക്ക് കണക്ഷൻ നൽകാൻ ഇനിയും ബാക്കിയാണ്. 40 സോഡിയം വേപ്പർ ലാബുകളും, 35 ട്യൂബ് ലൈറ്റുകളും 475 സാധാരണ ബൾബുകളും പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുണ്ട്. തെരുവുവിളക്കുകളുടെ കറൻറ് ചാർജ് ഇനത്തിൽ 89,556 രൂപ ഒരു വർഷം പഞ്ചായത്ത് നൽകിവരുന്നുണ്ട്. 11 ഇലക്ട്രിക് ട്രാൻസ് ഫോർമറുകളാണ് പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ളത്. 18 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

11 ട്രാൻസ് ഫോർമറുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ദൈനംദിനം പുതിയ കണക്ഷനുകൾ നൽകുന്നതിനാൽ വീടുകളിലെ വോൾട്ടേജ് കുറഞ്ഞു വരികയാണ്. വൈദ്യുതി ലൈനിൽ മരക്കൊമ്പുകളും മറ്റും വീണ് മിക്കപ്പോഴും പ്രത്യേകിച്ച് വർഷകാലങ്ങളിൽ വൈദ്യുതി വിതരണത്തിൽ തടസ്സം സൃഷ്ടിക്കുന്നു. മിക്കതെരുവുവിളക്കുകളും കൃത്യമായി കത്തുന്നില്ല. വോൾട്ടേജ് കുറവുനിമിത്തം കത്തുന്നവയ്ക്ക് പ്രകാശവും ഇല്ല. പലതെരുവുവിളക്കുകളുടെയും ബൾബും, ഹോൾഡറും നഷ്ടപ്പെട്ട് ഉപയോഗശൂന്യമായി നിൽക്കുന്നു. പലസമ്പന്ന വീടുകളിലും സ്റ്റെപ് - അപ്പ് ഉപയോഗിക്കുന്നതുകൊണ്ട് സമീപ വീടുകളിലെ വോൾട്ടേജ് കുറയുന്നുണ്ട്.

ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങൾ

1. പാചകഗ്യാസ് കണക്ഷൻ ആവശ്യാനുസരണം ലഭ്യമല്ല.
2. ട്രാൻസ് ഫോർമറുകളുടെ കുറവ്.
3. തെരുവു വിളക്കുകൾ കത്തുന്നില്ല.
4. കാർഷിക മേഖലയിലേക്ക് വൈദ്യുതിലഭിക്കാൻ കാലതാമസം നേരിടുന്നു.
5. വൈദ്യുതിചാർജ്ജ് അടയ്ക്കുന്നതിനു പ്രായോഗികബുദ്ധിമുട്ട്.
6. വൈദ്യുതി എല്ലായിടത്തും എത്തിയിട്ടില്ല.
7. പുകയില്ലാത്ത അടുപ്പുകൾക്കുള്ള ബോധവൽക്കരണം ഇല്ല.
8. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
9. സോഡിയം ബൾബുകൾ കുറവാണ്.

നിർദ്ദേശങ്ങൾ

1. പാചകഗ്യാസ് എളുപ്പം ലഭ്യമാക്കുന്നതിന് കൂടുതൽ ഏജൻസികൾ പഞ്ചായത്തുകളിൽ ആരംഭിക്കണം.
2. നിലവിലുള്ള പഴയ ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയവ സ്ഥാപിക്കുകയും എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക.
3. വൈദ്യുതി എത്താത്ത എല്ലാ ഭാഗത്തേക്കും പുതിയ ലൈൻ വലിച്ച് വൈദ്യുതിയും, തെരുവു വിളക്കുകളും ഏർപ്പെടുത്തുക.
4. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 100 സോഡിയം വേപ്പർലാബുകൾ അടിയന്തിരമായി സ്ഥാപിക്കുക. സ്ഥിരമായി കത്താത്ത വിളക്കുകളുടെ ഹോൾഡർ മാറ്റി പുതിയ ബൾബുകൾ സ്ഥാപിച്ച് കത്തിക്കുക.
5. കാർഷിക മേഖലയിലേക്ക് വൈദ്യുതികണക്ഷൻ നൽകുന്നത് എളുപ്പമാക്കുക.
6. വൈദ്യുതി എത്താത്ത പട്ടികജാതി കോളനിയിലേക്ക് വൈദ്യുതി എത്തിക്കണം.

സാദ്ധ്യതകൾ

1. കുറഞ്ഞ വോൾട്ടേജിൽ പ്രവർത്തിക്കുന്ന ബൾബുകളെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.
2. വൈദ്യുത ലൈനിന്റെ പാർശ്വഭാഗങ്ങളിൽ നില്ക്കുന്ന വൃക്ഷകൊമ്പുകൾ മുറിച്ചുമാറ്റുക.
3. കറൻറ് ചാർജ് അടയ്ക്കുന്നതിന് പഞ്ചായത്തതിർത്തിയിൽ 2 കലക്ഷൻ സെൻറർ തുടങ്ങുക.
4. ഇന്ധനക്ഷാമം കുറക്കുന്നതിനുവേണ്ടി പുകയില്ലാത്ത അടുപ്പ് ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുക.
5. ബയോഗ്യാസ് പ്ലാൻറുകളും, സൗരോർജ്ജത്തിൽ നിന്ന് ഗാർഹിക ആവശ്യങ്ങൾക്കുള്ള ഇന്ധനം ഉണ്ടാക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ പരിപാടികൾ തയ്യാറാക്കുക.
6. കറൻറ്ചാർജ്ജിനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന ഭീമമായ ചോർച്ച തടയുന്നതിന് മീറ്റർ ഘടിപ്പിക്കുകയോ, വൈദ്യുതിവിതരണവും, മേൽനോട്ടവും പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരികയും വേണം.
7. ഗുണമേൻമയുള്ള ബൾബുകൾ തെരുവു വിളക്കുകൾക്കായി ഉപയോഗിക്കണം.
8. പുതിയ ലൈനുകൾ കിട്ടേണ്ട സ്ഥലവും തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യേണ്ട സ്ഥലങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

വാർഡ് നമ്പർ . 1

ക്രമ നമ്പർ	ലൈനുകൾ വലിക്കേണ്ടതും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതുമായ സ്ഥലം	നീളം
1.	മണിക്കുറ്റിക്കളം മുതൽ പാളയം വരെ	2K.M.
2.	മേട്ടുപ്പാറ മുതൽ പാളയം വരെ	1.K.M.
3.	ചാമക്കാട് N.S. നഗർ	1 K.M.
4.	മല്ലൻപാറ	K.M
5.	കല്ലേക്കാട് മുതൽ വടക്കുമുറിവരെ	1 K.M.
6.	നൊച്ചിമാം കുന്ന്	1K.M
7.	ശങ്കരച്ചാൻ തൊടി	500 M
8.	കനറാബാങ്കുമുതൽ തെക്കെമുറി	500 M
9.	ഇടയ്ക്കാട്ടുപുര	1K.M.
10	കല്ലേക്കാട് ലക്ഷം വീട്	1 K.M.
11.	വാരാമ്പള്ളം, വടക്കുമുറി, പറയൻ പറമ്പ്	2K.M
12.	5 സോഡിയം വേപ്പർ ലാബുകൾ 1-ാം വാർഡിൽ സ്ഥാപിക്കുക	

ചെറുകിട വൈദ്യുത പദ്ധതി

1. കല്ലേക്കാട്ടിലെ ഉയർന്ന ഭൂപ്രദേശത്ത് കാറ്റാടിയന്ത്രം സ്ഥാപിച്ച് ചെറുകിട വൈദ്യുതിപദ്ധതി ആരംഭിക്കൽ.

വാർഡ്. 2

ക്രമ നമ്പർ		നീളം
1.	ഉണിരാംകുന്ന് മുതൽ കുന്നുംപുറം വരെ	1. k.m.
2.	പൊടിപ്പാറ മുതൽ മണിക്കുറ്റികളം വരെ	750 m
3.	പാറക്കളം മുതൽ പുഴറോഡിൽ	750 m
4.	കുറിശ്ശിമല കുന്നിൻ വിളക്കുകൾ സ്ഥാപിക്കണം	1. k.m.
5.	കുറിശ്ശാംകുളം - ഉണിരാംകുന്ന് റോഡിൽ	2 k.m.
6.	ഫാത്തിമാ റോഡ് - കുന്നും പുറം	500 m
7.	ഇല്ലത്തുപറമ്പ് - കറ്റക്കളം	750 m

വാർഡ് . 3

ക്രമ നമ്പർ	ലൈനുകൾ വലിക്കേണ്ടതും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതുമായ സ്ഥലം	നീളം
1.	പേഴുംകര - ഒളപ്പക്കുളം	5 എണ്ണം 250 മീറ്റർ
2.	പേഴും കര അംഗൻവാടി - വാരിയം പറമ്പ് റോഡ്	5 എണ്ണം 250 മാറ്റർ
3.	അറഫാനഗർ ഭാഗത്തേക്ക്	10 എണ്ണം 500 മീറ്റർ
4.	പേഴുംകര ചിറക്കുളം	10 എണ്ണം 500 മീറ്റർ
5.	പേഴുംകര - റഹ്മത്ത് കോളനി	4 എണ്ണം 200 മീറ്റർ
6.	വാരിയം പറമ്പ് - അമ്പലത്തിന്റെ പിൻഭാഗം	5 എണ്ണം 250 മീറ്റർ
7.	വാരിയം പറമ്പ് - കുറിശ്ശാംകുളം	6 എണ്ണം 300 മീറ്റർ
8.	വാരിയം പറമ്പിൽ നിന്നും ഒളപ്പക്കുളത്തേക്കു പോകുന്ന ഇടവഴി.	

വാർഡ് - 3

1. പേഴുംകര വാരിയം പറമ്പ് അമ്പലത്തിന്റെ മുൻവശം കൃസ്ത്യൻ ശ്മശാനത്തിന്റെ മുൻവശം, നെല്ലിക്കാട് ജംഗ്ഷൻ, മേപ്പറമ്പ് ജംഗ്ഷൻ എന്നിവിടങ്ങളിൽ സോഡിയം വേപ്പർലാബുകൾ സ്ഥാപിക്കൽ.

വാർഡ് - 4

ക്രമ നമ്പർ		നീളം
1.	കല്ലേക്കാട് - പൊടിപ്പാറ - വെളയംകോട്ടിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ	½ k.m.
2.	മാപ്പിളക്കാട് - തുമ്പക്കാട് ഭാഗത്തേക്ക് തെരുവുവിളക്കുകൾ സ്ഥാപിക്കൽ	1½ k.m.
3.	എറയപ്പൊറ്റയിൽ H അബുകോളനി റോഡിൽ തെരുവു വിളക്കുകൾ സ്ഥാപിക്കൽ	½ k.m.
4.	കുറിശാം കുളം C.H. റോഡിൽ തെരുവു വിളക്കുകൾ സ്ഥാപിക്കൽ	½ k.m.
5.	ഉണ്ണിരാകുന്ന് - തെക്കെക്കുളം റോഡിൽ റോഡിൽ വിളക്കുകൾ സ്ഥാപിക്കൽ	½ k.m.
6.	ഉപാസന നഗർ - കനാൽ ബണ്ടിൽ	300m
7.	ഇല്ലത്തു കുളം ഭാഗത്ത്	½ k.m.
8.	എറയപ്പൊറ്റ P.K. ഹംസ നഗർ റോഡിൽ തെരുവു വിളക്ക്	400m
9.	എറയപ്പൊറ്റ പള്ളിറോഡിൽ	
10.	എറയപ്പൊറ്റ സ്റ്റെപ്പ് റോഡിൽ	400m
11.	പൂങ്കുളം ഭാഗത്തേക്ക്	600m

12.	മെട്രോനഗർ രണ്ടാംഘട്ടം	600m
13.	മുണ്ടംപറമ്പ് ഹരിജൻ കോളനിയിൽ	700m

വാർഡ് - 6

ക്രമ നമ്പർ	ലൈനുകൾ വലിക്കേണ്ടതും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതുമായ സ്ഥലം	നീളം
1.	ഇല്ലത്തു കുളത്ത് തെരുവുവിളക്കുകൾ സ്ഥാപിക്കൽ	½ k.m.
2.	ഉപാസന നഗറിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ	½ k.m.
3.	ചാത്തൻകുളം - കുന്നുകാട് റോഡ് സ്ട്രീറ്റ് 4 ലൈൻ സ്ഥാപിക്കണം. 8 സാധാരണ ബൾബ് സ്ഥാപിക്കണം.	
4.	ഉമാനഗർ കോളനി സ്ട്രീറ്റ് മൈൻ വലിച്ച് 15 ലൈറ്റ് സ്ഥാപിക്കണം.	
5.	ചാത്തൻകുളം ഞാറൊലി റോഡ് 7 പോസ്റ്റ് സ്ഥാപിച്ച് 7 ലൈറ്റ് സ്ഥാപിക്കണം.	
6.	കിണായത്ത് തൊടി - തോട്ടിൻ പള്ള പുതിയതായി 15 പോസ്റ്റ് സ്ഥാപിക്കണം 15 ലൈറ്റ്	
7.	കറമ്പക്കാട് - കണ്ണൻ കുളം റോഡ് 6 പോസ്റ്റ് സ്ഥാപിക്കണം. 6 ലൈറ്റ്	
8.	മേലെ കുണ്ടുകാട് റോഡ് 16 പോസ്റ്റ് സ്ഥാപിക്കണം 12 ലൈറ്റ്.	
9.	ഏറംകാട് പൂളക്കൽ റോഡ് 10 പോസ്റ്റ് സ്ഥാപിച്ച് 10 ലൈറ്റ് സ്ഥാപിക്കണം.	
10.	കമ്മാന്തറ വേമ്പർകുളം റോഡ് 4 പോസ്റ്റ് സ്ഥാപിച്ച് 4 ലൈറ്റ് ഇടണം.	

വാർഡ് 7

ക്രമ നമ്പർ		നീളം
1.	ഇരുപ്പക്കാട്ടിൽ നിന്നും പൊട്ടക്കുളം ഭാഗത്തേക്ക് പുതിയതായി ലൈൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കൽ	450 m
2.	കുന്നം കുളങ്ങര - മുനിയപ്പൻ റോഡിൽ പുതിയതായി ലൈൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കൽ	250 m
3.	ഇരുപ്പക്കാട് -കണ്ണൻകുളം റോഡിൽ നിലവിലുള്ള പോസ്റ്റുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കൽ.	
4.	കുന്നംകുളങ്ങര ജംഗ്ഷനിൽ നെടുങ്ങോട് ഹരിജൻ കോളനിയിൽ ഒരു സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കൽ (കടയുടെ മുൻവശം)	

5.	ആലയ്ക്കൽ പറമ്പിൽ, ഇരുപ്പക്കാട്, എന്നീ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കൽ.
6.	പൂഴികുന്നം ജംഗ്ഷനിൽ ഒരു സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കൽ

വാർഡ് - 8

ക്രമ നമ്പർ	ലൈനുകൾ വലിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം	നീളം
1.	കൊടുന്തിരപ്പുള്ളി മോഴിപുലം റോഡിൽ	1. k.m.
2.	ചാവടിപറമ്പ് - ചാല് വരമ്പ് ശ്മശാനം വരെ	600m
3.	ചാവടിപറമ്പ് കൃസ്ത്യൻ കോളനിയിലേക്ക്	200 m
4.	കിഴക്കും പുറം ഭാഗത്തേക്ക്	400m
5.	ചാവടിപറമ്പ്, മോഴിപുലം, പാളയം. ബ്രഹ്മോദയം വായനശാല എന്നിവിടങ്ങളിലും.	
6.	ആണ്ടലംകാട് -നെടുംപറമ്പ്, ചരപ്പറമ്പ്, ഓരാച്ചിക്കുളം, മോഴിപുലം പുഴക്കൽ എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കൽ	

വാർഡ് 9

ക്രമ നമ്പർ		നീളം
1.	കുണ്ടുപറമ്പ് ഹരിജൻ കോളനിയിൽ നിലവിലുള്ള പോസ്റ്റിൽ സ്ട്രീറ്റ് മെയിൻ വലിച്ച് 15 ലൈറ്റ് സ്ഥാപിക്കൽ	600m.
2.	കളപ്പറമ്പ് പട്ടികജാതി കോളനിയിൽ നിലവിലുള്ള പോസ്റ്റിൽ സ്ട്രീറ്റ് ലൈൻ വലിച്ച് 17 ലൈറ്റ് സ്ഥാപിക്കൽ	1. K.M
3.	അമ്പലപറമ്പ് നിലവിലുള്ള പോസ്റ്റിൽ സ്ട്രീറ്റ് ലൈൻ വലിച്ച് 20 ലൈറ്റുകൾ സ്ഥാപിക്കൽ.	250 m
4.	പൂടൂരിൽ 6 പോസ്റ്റുകൾ പുതിയതായി സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	25 m
5.	അത്താലൂർ നിലവിലുള്ള പോസ്റ്റിൽ സ്ട്രീറ്റ് ലൈൻ വലിച്ച് 10 ലൈറ്റ് സ്ഥാപിക്കുക.	700m
6.	അണ്ടലം കാട്ടിൽ നിലവിലുള്ള പോസ്റ്റിൽ സ്ട്രീറ്റ് ലൈൻ വലിച്ച് 4 ലൈറ്റുകൾ സ്ഥാപിക്കൽ	200m
7.	അയലോടിയിൽ പുതിയ ലൈൻ വലിച്ച് 6 ലൈറ്റുകൾ സ്ഥാപിക്കൽ	

വാർഡ് - 12

ക്രമ നമ്പർ	പുതിയതായി ലൈൻ വലിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കൽ	നീളം
1.	തോലനിക്കാവ് ഭാഗത്തേക്ക് പുതിയതായി ലൈൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കൽ	700 മീറ്റർ
2.	കമ്മാന്തറ ഭാഗത്തേക്ക് പുതിയതായി ലൈൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കൽ	350 മീറ്റർ
3.	പുതിയ സ്റ്റോപ്പിൽ നിന്നും മാമ്പറ ഭാഗത്തേക്ക് പുതിയതായി ലൈൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കൽ	300 മീറ്റർ
4.	സോഡിയം വേപ്പർ ലാമ്പുകൾ പാനപ്പറമ്പ്, കൊക്കോട്ടുതറ, കള്ളിക്കാട്, മാമ്പറ, കമ്മാന്തറ, തോലനിക്കാവു എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കൽ	

പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് വാഹന സൗകര്യമില്ലാ എന്നുള്ള ഒരു വീഴ്ചയാണ്. പഞ്ചായത്തിന്റെ ദൈർഘ്യവും പ്രവർത്തനവും പരിഗണിച്ച് ഒരു ജീപ്പ് അത്യന്താപേക്ഷിതമാണ്.

5-16
പാർപ്പിടം

പാലക്കാട് നഗരാതിർത്തിയോട് തൊട്ടുകിടക്കുന്ന പിരായിരി പഞ്ചായത്തിൽ ഇടത്തരം കൃഷിക്കാരും, കാർഷിക തൊഴിലാളികളും മറ്റ് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളും കൂടുതലായി താമസിക്കുന്നു. ചെറുതും വലുതുമായ ഓടിട്ട പുരകളാണ് കൂടുതൽ. 1985 ന് മുൻപ് പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന ഓലപ്പുരകളുടെ എണ്ണത്തിൽ സാരമായ കുറവ് ഉണ്ടായിട്ടുണ്ട്. എങ്കിലും 700 ഓളം താമസയോഗ്യമല്ലാത്ത വീടികൾ ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. പൂടൂർപ്പുഴ പാലം നിലവിൽ വന്നതോടുകൂടി ഗതാഗത സൗകര്യം വർദ്ധിച്ചു. പട്ടണപ്രദേശത്തുനിന്നും, സമീപ പഞ്ചായത്തുകളിൽ നിന്നും ധാരാളം പേർ ഇവിടെ താമസം തുടങ്ങിയതിന്റെ ഫലമായി കോൺക്രീറ്റ് കെട്ടിടങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. ഗൾഫ് പണത്തിന്റെ ചെറിയ സ്വാധീനവും ഇതിന് സഹായകമായിട്ടുണ്ട്.

1980 ന് ശേഷം പാർപ്പിട പ്രശ്നത്തിൽ വളരെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹരിജൻ കോളനികളിൽ വീടുകൾ നിർമ്മിച്ചു. ജവഹർ തൊഴിൽദാന പദ്ധതി, മില്ല്യൻ വെൽ, ഇന്ദിര ആവാസ് യോജന, ഹരിജൻ വെൽഫയർ, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം എന്നിവ വഴിയാണ് ഇത് സാധ്യമായത്. കൂടാതെ പുനരധിവായ ഭവന നിർമ്മാണ പദ്ധതിയിൽ സബ്സിഡി നൽകി 50 വീടുകളും പാലക്കാട് ഡവലപ്പ്മെൻറ് അതോറിറ്റി, രാജീവ് ദശലക്ഷം, ഭവന നിർമ്മാണ പദ്ധതി എന്നിവ വഴി ധനസഹായം നല്കിയും വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഈ പഞ്ചായത്തിൽ ആകെയുള്ള 6597 വീടുകളിൽ 676 എണ്ണം കോൺക്രീറ്റ് കെട്ടിടങ്ങളും 5130 എണ്ണം ഓടിട്ട വീടുകളുമാണ്. നിർമ്മാണ പ്രവർത്തി നടന്നു വരുന്ന വീടുകൾ ഇവയ്ക്കു പുറമേയാണ്.

വീടുകളുടെ തരം തിരിച്ച പട്ടിക

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലകളുള്ളവ	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1	659	-	15	484	108	12
2.	457	-	13	296	73	75
3.	433	-	47	331	48	7
4.	549	6	37	398	106	8
5.	465	-	88	357	11	9
6.	557	-	99	396	32	30
7.	688	-	83	509	74	22
8.	573	2	33	495	37	8
9.	622	-	65	502	45	10
10	439	5	24	384	22	9
11.	533	6	51	436	39	7
12.	622	3	59	542	12	9
ആകെ	6597	22	654	5130	607	206

വയൽ നികത്തി വീടുകൾ വെയ്ക്കുന്ന പ്രവണത ഈ പഞ്ചായത്തിലും കുറവല്ല. കാർഷിക മേഖലയെ സാരമായി ബാധിക്കുന്ന ഇത്തരം പ്രവർത്തികൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിൽ പിരായിരി, പൂങ്കുളം, പൂടൂർ, കല്ലേക്കാട് ഭാഗങ്ങളിലായി ലക്ഷം വീട് കോളനികൾ 4 എണ്ണം ഉണ്ട്. ഇവയിൽ പിരായിരി ഭാഗത്ത് 2620 കല്ലേക്കാട് 420 വീടുകളാണ് നിർമ്മിച്ചിട്ടുള്ളത്. മറ്റു ഭാഗങ്ങളിൽ സ്ഥലം ലഭിച്ചവർ സ്വന്തമായി താമസിച്ചു വരുകയാണ്. ഇവയിൽ ഭൂരിഭാഗവും താമസയോഗ്യമല്ലാത്തവയാണ്. 1985 - ൽ സർക്കാർ ധനസഹായം ഉപയോഗിച്ച് പഞ്ചായത്ത് തുമ്പക്കാട് ഭാഗത്ത് രണ്ട് ഏക്കർ സ്ഥലം വാങ്ങി 40 പേർക്ക് 4 സെൻറ് ഭൂമി വീതം വിതരണം ചെയ്തിട്ടുണ്ട്. ഇവിടെ നിലവിലുള്ള വീടുകളിൽ 50% താമസയോഗ്യമല്ലാത്തതാണ്. കൂടാതെ പരിസര ശുചീകരണ ആവശ്യമായി, കക്കൂസ് അഴുക്ക്ചാൽ എന്നിവ ഇല്ലാത്തത് പ്രധാന പ്രശ്നങ്ങളാണ്.

ഇടത്തരം വരുമാനക്കാർക്ക് വീടുകൾ റിപ്പയർ ചെയ്യുന്നതിനും അറ്റകുറ്റ പ്രവർത്തികൾ നടത്തുന്നതിനും ആവശ്യമായ വായ്പ സൗകര്യം ലഭിക്കുന്നില്ല. ഭവന നിർമ്മാണ വായ്പകൾ സാധരണക്കാർക്ക് ലഭിക്കത്തക്കരീതിയിൽ വായ്പാവ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതുണ്ട്. കുടിലുകളിലും, താമസയോഗ്യമല്ലാത്ത വീടുകളിലും താമസിക്കുന്നവർക്ക് ഭവനിർമ്മാണത്തിന് വായ്പ ലഭ്യമാക്കണം. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി വിലയ്ക്കെടുത്തോ, മിച്ചഭൂമി കണ്ടെത്തിയോ ഭൂമി നൽകാൻ നടപടി വേണം.

പഞ്ചായത്തിൽ കുടിലുകൾ മാറ്റിയെടുക്കലും ഭവനരഹിതർക്ക് വീട് നിർമ്മിച്ചു നൽകുവാനും സർക്കാർ വിവിധ ഏജൻസികളോട് ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായ പുരോഗതി ഉണ്ടാവില്ല എന്ന് അനുഭവം നമ്മെ അറിയിക്കുന്നു.

പാർപ്പിടത്തെ സംബന്ധിച്ച് സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിവൂടെ സപ്ലൈ ചെയ്യുക.
2. സർക്കാരിൽ നിന്നും ലഭിക്കുന്ന വായ്പകൾ ഉദാരമാക്കുകയും വ്യവസ്ഥകൾ ലളിതമാക്കുകയും ചെയ്യുക.
3. അപേക്ഷകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുക.
4. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം അതാതു ഗ്രാമ പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.
5. സർക്കാർ നൽകുന്ന ഭവനനിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.
6. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം നൽകുന്ന സംഖ്യ 50.000/ ക ആയി ഉയർത്തുക.
7. ലക്ഷംവീട് കോളനികളുടെ താമസം ആരോഗ്യകരമാക്കുക.
8. പുറംപോക്ക് ഭൂമിയിൽ ഇപ്പോൾ താമസിച്ചുവരുന്ന ഭൂരഹിതർക്ക് പ്രസ്തുത സ്ഥലം അനുവദിച്ച് പട്ടയം കൊടുക്കുക.
9. പാടങ്ങൾ നികത്തുന്ന പ്രവണത ഒഴിവാക്കുന്നതിന് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്ന സംവിധാനം കൊണ്ടുവരിക.
10. നിർദ്ധനരായ കുടുംബങ്ങൾക്ക് വീടിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം നൽകുക.
11. ദരിദ്രരായ കുടുംബങ്ങളുടെ വീടിന്റെ കെടുവന്ന മേൽപ്പുര പുതുക്കിപണിയുന്നതിന് ധനസഹായം നൽകുക.
12. കുമ്പാര കോളനികളിൽ താമസിക്കുന്നവർക്ക് താമസയോഗ്യമായ വീടുകൾ പണിത് നൽകുക.
13. പട്ടികജാതി / വർഗ്ഗ ഗ്രാന്റുകൾ നൽകി നിർമ്മിച്ച വീടുകൾക്ക് പൂർത്തീകരിക്കുന്നതിനുള്ള ധനസഹായം നൽകുക.

നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായില്ലെങ്കിലും പരമാവധി പരിഹരിക്കലാവട്ടെ. അതിനുള്ള കൂട്ടായ്മക്കായി നമുക്ക് ഒന്നിക്കാം പ്രവർത്തിക്കാം.

5-17
സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പദ്ധതികൾക്കായി ഒട്ടേറെ പ്രവർത്തികൾ നടത്തിയിട്ടുണ്ടെങ്കിലും പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ പോലും കഴിഞ്ഞിട്ടില്ല. ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം തുടങ്ങിയവ പരിപൂർണ്ണമായി ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ആരോഗ്യമുള്ള ജനതയെ വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ ഏറെക്കുറെ തൃപ്തികരമായി നടന്നുവരുന്നു. കുഷ്ഠരോഗം പൂർണ്ണമായി ഉൻമൂലനം ചെയ്യാൻ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും 100 ശതമാനം പേരെയും പരിശോധനാ വിധേയമാക്കാനോ, രോഗബാധിതർക്ക് മരുന്നുകഴിക്കാനുള്ള ബോധവൽക്കരണം ഉണ്ടാക്കാനോ കഴിഞ്ഞിട്ടില്ല.

ഈ പഞ്ചായത്തിൽ 31 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. പുതുകുളങ്ങര, മോഴിപുലം, പാളയം ഉപാസനനഗർ, പൂടൂർ എന്നിവയ്ക്ക് സ്വന്തമായികെട്ടിടങ്ങളുണ്ട്. സൗജന്യമായി സ്ഥലം ലഭിച്ചിട്ടുള്ള പേഴുങ്കര, വാരിയപറമ്പ്, പറക്കോട്, ഇരുപ്പക്കാട് എന്നീ നാലു അംഗൻവാടികൾക്ക് ഡിപ്പാർട്ടുമെൻറ് മുഖേന സ്വന്തം കെട്ടിടം നിർമ്മിക്കാനുള്ള ഫണ്ട് അനുവദിച്ചു കിട്ടിയിട്ടുണ്ട്. ലഭിച്ചിട്ടുള്ള തുക അപര്യാപ്തമാണെങ്കിലും പൊതുജന പങ്കാളിത്തത്തോടുകൂടി പ്രവർത്തിപൂർത്തീകരിക്കാൻ കഴിയും. മാപ്പിളക്കാട്, കല്ലേക്കാട്, കറമ്പക്കാട്, അണ്ഡലങ്കാട്, ചെങ്ങോട് എന്നിവക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കാൻ സ്ഥലം ലഭിക്കുകയും 96- 97 വർഷത്തെ JRY പദ്ധതിയിൽ 45,000 ക വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തികവർഷം ഇത് പൂർത്തിയാക്കാൻ കഴിയും. മാപ്പിളക്കാട് അംഗൻവാടിക്ക് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ലഭിച്ച 25,000 ക അപര്യാപ്തമാണ്. കെട്ടിട നിർമ്മാണത്തിന് അശാസ്ത്രീയമായി തുക അനുവദിക്കുന്നത് നിർമ്മാണപ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. സ്ഥലം ലഭ്യമല്ലാത്ത മറ്റ് അംഗനവാടികൾക്ക് കൂടി സൗജന്യമായി സ്ഥലം ലഭിക്കാനുള്ള പ്രവർത്തനം തുടർന്നു വരുന്നു. താല്ക്കാലിക ഷെഡ്ഡുകൾ കെട്ടി മേയുന്നതിന് ഓരോ അംഗൻവാടിക്കും 500 ക വീതം പഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്. സ്ഥിരം കെട്ടിടങ്ങളില്ലാത്ത അംഗൻവാടികളുടെ പ്രവർത്തനം പരിതാപകരമാണ്. ഈ സ്ഥാപനങ്ങൾ വളർത്തിയെടുക്കേണ്ടത് കുട്ടികളുടെയും ഗർഭിണികളുടെയും ആരോഗ്യപരിപാലനത്തിന് അത്യന്താപേക്ഷിതമാണ്. മറ്റ് അംഗൻവാടികൾക്ക് കൂടി സൗജന്യമായി സ്ഥലം ലഭിക്കാനുള്ള പ്രവർത്തനം തുടർന്നു വരുന്നു.

വികലാംഗരുടെ കാര്യത്തിലും നമ്മുടെ പഞ്ചായത്ത് പുറകിലല്ല. ആകെയുള്ള 295 വികലാംഗരിൽ 157 പുരുഷൻമാരും, 138 സ്ത്രീകളും ഉണ്ട്. ഇവരുടെ പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്.

44 പേർക്ക് വാർദ്ധക്യകാല പെൻഷനും 141 പേർക്ക് വിധവ പെൻഷനും പഞ്ചായത്ത് മുഖേന നൽകി വരുന്നു. വികലാംഗർ, കർഷകതൊഴിലാളികൾ അവശത അനുഭവിക്കുന്ന . മറ്റുവിഭാഗങ്ങൾ എന്നിവർക്കുള്ള പെൻഷൻ പദ്ധതി പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകൾ പഞ്ചായത്തിൻെറ പരിഗണനയിലാണ്.

വ്യാവസായികമായി വളരെ പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണിത്. തൊഴിൽ സാധ്യതകൾ വളരെ കുറവാണ്. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ 2630 ആണ്. ഇതിൽ 253 കുടുംബങ്ങൾക്ക് നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 117 പേർ പട്ടികജാതി കുടുംബങ്ങളാണ്. ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങളുടെ എണ്ണം 460 ആകുന്നു. തൊഴിൽ പരിശീലനം നേടിയവർ ഇലക്ട്രോണിക്സ് 5, സൈക്കിൾ മെക്കാനിസം - 2, വയർമാൻ - 1, പ്രിൻറിംഗ് - 6, മേശൻറി - 2, എന്നിങ്ങനെയാണ്.

സ്വാശ്രയഗ്രാമപദ്ധതിപ്രകാരം 150 ഗുണഭോക്താക്കൾ കക്കൂസ് നിർമ്മിക്കാൻ ഒന്നരലക്ഷം രൂപ പഞ്ചായത്ത് സബ്സിഡി ഇനത്തിൽ ഇതിനകം ചിലവ് ചെയ്തിട്ടുണ്ട്. 2367 കുടുംബങ്ങളിൽ സാനറ്ററി കക്കൂസ് ഇല്ലെന്ന് കണക്കുകളിൽ കാണുന്നു. IRDP സർവ്വേ പ്രകാരം സാമൂഹ്യ വനവൽക്കരണം പൂന്തോട്ട നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കണം. വയോജന വിദ്യാഭ്യാസം അംഗൻവാടികളുമായി സംയോജിപ്പിച്ച് നടത്താവുന്നതാണ്. ഉത്തരവാദിത്വങ്ങൾ കണക്കിലെടുത്ത് അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം കാലാനുസൃതം പരിഷ്ക്കരിക്കേണ്ടതാണ്. ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങളും നിർദ്ദേശങ്ങളും സാധ്യതകളും താഴെ പറയുന്നവയാണ്.

പ്രശ്നങ്ങൾ

1. പെൻഷൻ വിതരണത്തിലെ അപാകതകൾ.
2. ശ്മശാനങ്ങളുടെ അപര്യാപ്തത.
3. ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം.
4. വൃദ്ധമന്ദിരങ്ങൾ ഇല്ല.
5. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെകുറിച്ചുള്ള അവബോധം.
6. സൗജന്യ ചികിത്സാ സൗകര്യങ്ങളുടെ കുറവ്.

നിർദ്ദേശങ്ങൾ

1. അർഹരായ എല്ലാവർക്കും പെൻഷൻ നല്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.
2. സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തുക.
3. വൃദ്ധമന്ദിരങ്ങൾ ഏർപ്പെടുത്തുക.
4. ശ്മശാനങ്ങൾ ഏർപ്പെടുത്തുക.
5. പാർപ്പിടം, സൗജന്യ ചികിത്സാ പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ ഏർപ്പെടുത്തുക.
6. സാമൂഹ്യക്ഷേമത്തെ പറ്റിയുള്ള ബോധവൽക്കരണം സംഘടിപ്പിക്കുക.
7. എല്ലാവാർഡുകളിലും കുട്ടികൾക്കായുള്ള പാർക്ക്, നീന്തൽകുളം, കളിസ്ഥലം എന്നിവ ഏർപ്പെടുത്തുക.
8. പൊതുസ്ഥലങ്ങളിൽ ഭിക്ഷാടനം നടത്തുന്നവരെയും, അഗതികളെയും, രോഗികളെയും പുനരധിവസിപ്പിക്കുക.
9. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന അവിവാഹിതർക്കും മന്ദബുദ്ധിക്കാർക്കും ധനസഹായം ലഭ്യമാക്കുക.

10. അംഗൻവാടികളിൽ കളിക്കോപ്പുകൾ ഏർപ്പെടുത്തണം. പ്രീ - പ്രൈമറി വിദ്യാഭ്യാസം നിർബന്ധമാക്കുക.

11. അംഗനവാടി കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ തുക അനുവദിക്കുക.

12. വികലാംഗക്ഷേമ പ്രവർത്തനങ്ങളായ പെട്ടിക്കട, പബ്ലിക് ടെലിഫോൺ ബൂത്ത് എന്നിവ ഏർപ്പെടുത്തുക.

13. സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയനങ്ങളിൽ കൂടുതൽ പ്രാതിനിധ്യം വികലാംഗർക്ക് കൊടുക്കുക.

സാദ്ധ്യതകൾ

1. പുനരധിവാസ കേന്ദ്രങ്ങൾ പഞ്ചായത്ത് മുഖേന തുടങ്ങാവുന്നതാണ്.

2. അംഗൻവാടികൾ കേന്ദ്രമാക്കി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടത്താവുന്നതാണ്. തരിശായി കിടക്കുന്ന പുറംമ്പോക്ക് ഏറ്റെടുത്തു സ്വന്തമായി കെട്ടിമില്ലാത്ത ആഫീസുകൾക്ക് കെട്ടിടം പണിയുക. കുട്ടികൾക്കുള്ള പാർക്ക്, ലൈബ്രറി, ശിശുമന്ദിരം എന്നിവ നിർമ്മിക്കാവുന്നതാണ്.

3. കൃഷിഭവൻ പൊതുകുളം ഏറ്റെടുത്ത് സംരക്ഷണം നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുക

18

സംസ്ക്കാരം

മതമൈത്രി കാത്തു സൂക്ഷിച്ചു പോരുന്ന ഒരു പഞ്ചായത്താണ് ഇത്. ഹിന്ദുക്കളും, മുസ്ലീങ്ങളും ഇടകലർന്ന് താമസിക്കുന്ന ഈ പഞ്ചാത്തിൽ ക്രിസ്ത്യ.ൻ മതസ്ഥരും കുറവല്ല. കേരളത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികളും സജീവമായി പ്രവർത്തിച്ചു വരുന്ന ഒരു പഞ്ചായത്ത് കൂടിയാണ് ഇത്. ഈ സാഹചര്യങ്ങളൊന്നും ഇവിടത്തെ സാംസ്ക്കാരിക വളർച്ചയ്ക്ക് വിലങ്ങുതടിയായിട്ടില്ല. സ്വാതന്ത്രസമര സേനാനികളായിരുന്ന സർവ്വശ്രീ. പി.എ.ബി. കുഞ്ഞിമോൻ, എസ്.എം. ഹനീഫ സാഹിബ്, പി. വി. ബീരാൻ സാഹിബ്, എം. പി. കെ. നായർ, ബാലകൃഷ്ണൻ നായർ, പരമേശ്വര തരവനാർ എന്നിവർ പിരായിരി പഞ്ചായത്തിന്റെ സംഭാവനകളാണ്. ദേശീയ സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ച പലരും നമ്മുടെ പഞ്ചായത്തിന്റെ പാരമ്പര്യത്തിലുണ്ട്. കലാ സാംസ്ക്കാരിക രംഗത്തും മോശമല്ലാത്ത അവസ്ഥയിലാണ്.

ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അതിപ്രസരം ഉണ്ടായത് സംസ്ക്കാരത്തിന് വിലങ്ങുതടിയായി നിൽക്കുന്നു. യുവതലമുറയെ വഴിതെറ്റിക്കുന്ന അശ്ലീല സംസ്ക്കാരം വ്യാപകമാകുന്നു. നാടൻകലകൾ പലതും നാമാവശേഷമായി വരികയാണ്. പാരമ്പര്യ ഉത്സവങ്ങൾ സാംസ്ക്കാരിക അഭിവൃദ്ധിക്ക് സഹായകരമായി നിലനിൽക്കുന്നുണ്ട്. വായനാശീലം പൊതുവെ കുറഞ്ഞു വരുന്നു. അന്തമായ അനുകരണവും വികലമായ ജീവിതരീതിയും എല്ലായിടത്തും കണ്ടുവരുന്നു. ആര്യമാല,പൊറാട്ടുകളി, കോൽക്കളി, മലമക്കളി എന്നിവ നാമാവശേഷമായി കൊണ്ടിരിക്കുകയാണ്. ഇവയെല്ലാം പരിരക്ഷിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

1995-ൽ ഒരു സാംസ്ക്കാരിക കേന്ദ്രം പഞ്ചായത്തിൻ കീഴിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഒരു താല്ക്കാലിക ലൈബ്രേറിയന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ബഹു. കേരളഗ്രാമവികസന വകുപ്പു മന്ത്രിയായിരുന്ന ശ്രീമതി പത്മ അവർകളാണ് കെട്ടിടത്തിന്റെ ഉൽഘാടനം നിർവ്വഹിച്ചത്. ഗാന്ധിസ്മാരക വായനശാല, സന്തോഷ് കലാസമിതി, സോഷ്യലിസ്റ്റ് യുവജന വായനശാല, മഹാത്മജി സ്മാരക വായനശാല എന്നീ സ്വകാര്യ വായനശാലകളിലും ഗ്രന്ഥശാലകൾ പ്രവർത്തിച്ചു വരുന്നു.

വായനശാലകളും, ഗ്രന്ഥശാലകളും, കലാ സാംസ്ക്കിക കായിക സമിതികളും

1 ചിയേഴ്സ് ക്ലബ്ബ് - പാനപ്പറമ്പ്
2 സോഷ്യലിസ്റ്റ് യുവജന വായനശാല - പൂടൂർ
3 ഗാഗ്ഓഫ് സെവൻ - പിരായിരി
4. യുവശക്തി ആർട്ടസ് ക്ലബ്ബ് - പിരായിരി
5 യുവ ചൈതന്യ ആർട്സ് & സ്പോർട്ട്സ് ക്ലബ്ബ് - പിരായിരി
6 ഉദയ ആർട്സ് &സ്പോർട്സം ക്ലബ്ബ് - അയ്യപ്പൻ കാവ്
7 സന്തോഷ് കലാസമിതി - ശിവൻകോവിൽ
8 പുലരി ആർട്സ് &സ്പോർട്ട്സ് ക്ലബ്ബ് - തരവത്തപടി
9 ഹാപ്പി ഹോം - പിരായിരി
10 ഹരിശ്രീ ആർട്സ്&സ്പോർട്ട്സ് ക്ലബ്ബ് - പുതിയ സ്റ്റോപ്പ്
11 വിന്നേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് - കല്ലേക്കാട്
12 ബ്ലൂസ്റ്റാർ ആർട്സ് & സ്പോർട്ട്സ് ക്ലബ്ബ് - ഉണ്ണിരാംകുന്ന്

13 ഗാന്ധിമെമ്മോറിയൽ ഗ്രന്ഥശാല - പിരായിരി
14 മഹാത്മജി വായനശാല - പിരായിരി
15 സോളോ ആർട്സ് & സ്പോർട്സ് ക്ലബ്ബ് - പിരായിരി
16 ബ്രദേഴ്സ് ആർട്സ് &സ്പോർട്സ് ക്ലബ്ബ് - കൊടുന്തിരപ്പുള്ളി
17 കാർപോ കാസ്ക് എ.ആർ. ക്യാംപ് - കല്ലേക്കാട്
18 ഫ്രാൻസ് സ്പോർസ് ക്ലബ്ബ് - മേപ്പറമ്പ്

പല ക്ലബ്ബുകളും കലാസാംസ്ക്കാരിക രംഗത്ത് മികച്ച പ്രകടനം കാഴ്ചവെക്കുന്നവരാണ്. ഇതിൽ യുവശക്തി ആർട്സ് ക്ലബ്ബ്, സന്തോഷ് കലാ സമിതി, മഹാത്മാജി സ്മാരക വായനശാല, ഗാന്ധിജി സ്മാരക വായനശാല, സോഷ്യലിസ്റ്റ് യുവജന വായനശാല എന്നിവയ്ക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്.

മലയാള മനോരമ, മാതൃഭൂമി, ഇന്ത്യൻ എക്സ്പ്രസ്സ്, ഇന്ത്യ ടുഡേ, കേരളാ കൗമുദി എന്നീ പത്രമാസികകൾ പഞ്ചായത്തിന്റെ വകയായി ചില വായനശാലകൾക്ക് നല്കി വരുന്നുണ്ട്. 91-92 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 5,781 രൂപയും 95-96 സാമ്പത്തിക വർഷത്തിൽ 8,488. രൂപയും ചെലവ് ചെയ്തിട്ടുണ്ട്.

കലാരംഗം

കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ നാടകം, നൃത്തം, നാടൻകലകൾ തുടങ്ങിയ കലാരൂപങ്ങൾ പ്രശ്നങ്ങൾ നേരിട്ടു കൊണ്ടിരിക്കുന്നു. ഇവയ്ക്കു പ്രചാരം കുറഞ്ഞു വരികയാണ്.

നാടൻകലകൾ

പുള്ളുവൻപാട്ട്, അയ്യപ്പൻപാട്ട്, പൊറാട്ട് നാടകം എന്നീ പരമ്പരാഗത കലകൾക്ക് പ്രചാരം കുറവാണ്. ഈ മേഖലയിൽ ഉണ്ടായിരുന്നവർ മറ്റു മേഖലകളിലേക്ക് പോയതും ആസ്വാദകരുടെ കുറവും ഇതു നാശത്തിലേക്ക് എത്തിക്കാൻ കാരണമായിട്ടുണ്ട്. ഈ കലകളെ പരിരക്ഷിച്ച് സാംസ്ക്കാരിക തനിമ വീണ്ടെടുക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ക്ഷേത്രകലകൾക്ക് മുൻകാലങ്ങളിൽ തന്നെ ഇവിടെ പ്രചാരം കുറവായിരുന്നു.

ഉൽസവങ്ങൾ

മഹാനവരാത്രി ആഘോഷം പ്രമാണിച്ച് കൊടുന്തിരപ്പുള്ളി ഗ്രാമങ്ങളിലെ ഉത്സവം പ്രസിദ്ധമാണ്. കണ്ണോട്ട് കാവ് ഭഗവതി ക്ഷേത്രത്തിലെ ക്ഷേത്രോത്സവം വൃശ്ചിക മാസത്തിൽ ആഘോഷിക്കുന്നു. മേടമാസത്തിലെ വിഷുവേല ആഘോഷം ക്ഷേത്രോത്സവങ്ങളിൽ പ്രസിദ്ധമാണ്. കൂടാതെ കല്ലേക്കാട് പാളയത്തുള്ള മാരിയമ്മൻ ക്ഷേത്രത്തിൽ മാരിയമ്മൻ പൂജയും നടത്തിവരുന്നു.

കായികരംഗം

കായികരംഗത്ത് നാം വളരെ പിന്നിലാണ്. കളിസ്ഥലങ്ങളുടെ അഭാവമാണ് ഇവിടത്തെ പ്രധാന പ്രശ്നം. കായിക സംസ്ക്കാരം വളർത്തിയെടുക്കാൻ വർഷം തോറും കേരളോത്സവം, ഓണം, സ്പോർട്ട്സ് എന്നിവ നടത്തി വരുന്നുണ്ടെങ്കിലും കളിസ്ഥലങ്ങളുടെ അഭാവവും, പരിശീലന സാദ്ധ്യതകളും കുറവാ യതിനാൽ ഉദ്ദേശിച്ചത്ര ഫലപ്രാപ്തി കാണുന്നില്ല.

സന്നദ്ധ സംഘടനകൾ

ക്ലബ്ബുകൾ, മഹിളാ സമാജങ്ങൾ, ശാസ്ത്ര സാഹിത്യ പരിഷത്ത് മഹിള അസോസിയേഷൻ തുടങ്ങിയ സംഘടനകൾ സന്നദ്ധ പ്രവർത്തനം നടത്തുന്നുണ്ട്.

പ്രശ്നങ്ങൾ

1 സാംസ്ക്കാരിക രംഗത്ത് മൂല്യശോഷണം സംഭവിക്കുന്നു.

2 യുവതലമുറക്ക് സാമൂഹ്യ ബോധം കുറഞ്ഞു വരുന്നു.

3 കലാകായിക രംഗത്ത് വേണ്ടത്ര പ്രോത്സാഹനം ഇല്ല.

4 നാടൻകലകളുടെ സംരക്ഷണക്കുറവ്

5 അന്ധവിശ്വാസങ്ങളിലും, അനാചാരങ്ങളിലുംപെട്ട ജീവിതരീതി

6 വാർത്താ മാദ്ധ്യമങ്ങളിലും, മറ്റു പ്രസിദ്ധീകരണങ്ങളിലും അശ്ലീല പ്രചരണം എന്നിവ മൂലം സാംസ്ക്കാരിക മൂല്യശോഷണം.

7 സ്ത്രീധന സമ്പ്രദായം

8 സാംസ്ക്കാരിക ഉന്നമനത്തിന് സർക്കാർ തലത്തിൽ നല്കുന്ന പ്രോത്സാഹനത്തിന്റെ കുറവ്.

നിർദ്ദേശങ്ങൾ

1 സാംസ്ക്കാരിക ബോധവൽക്കരണം നടത്തുക

2 കുടുംബപ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുക.

3 കലാകായിക രംഗത്ത് മികച്ച പ്രവർത്തനം നടത്തുന്നവർക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ അർഹമായ സഹായവും പ്രോത്സാഹനവും നല്കുക.

4 നാടൻ കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുക.

5 ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുക, സാമ്പത്തിക സഹായം നല്കുക.

6 ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

7 മദ്യപാനം, മയക്കുമരുന്ന്, പുകവലി ഇവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക.

8 പഞ്ചായത്തിന് സ്വന്തമായി അനുയോജ്യമായ സ്ഥലങ്ങളിൽ കളിസ്ഥലങ്ങൾ സ്ഥാപിക്കുക.

9 കലാകായിക തലങ്ങളിൽ വിദഗ്ദ്ധമായ പരിശീലനം നല്കുനതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുക.

കാരംസ് മത് സരങ്ങളിൽ സംസ് ഥാനതല ജോതാക്കൾ ഈ പഞ്ചായത്തിന്റെ സംഭാവനയാണ് ഒരു സിനിമാ തിയേറ്ററും കൊടുന്തിരപ്പുള്ളിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

19
വനിതാക്ഷേമം

നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളേക്കാൾ കുറവാണ് പുരുഷൻമാർ എന്നാണ് 1991-ലെ സെൻസസ് പ്രകാരമുള്ള കണക്ക് സൂചിപ്പിക്കുന്നത്. 15,241 സ്ത്രീകളും 15,198 പുരുഷൻമാരും. സ്ത്രീകളിൽ 50% ഓളം പേരും കാർഷിക മേഖലയിലും, നിർമ്മാണ മേഖലയിലുമാണ് ജോലി നോക്കി വരുന്നത്. വ്യവസായ മേഖലയിൽ സ്ത്രീകൾ തീരെ ഇല്ലെന്ന് പറയാം. STD ബൂത്തുകൾ, തുണിക്കടകൾ, പ്രസ്സുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ അത്യാവശ്യം ജോലി ചെയ്യുന്നവരുമുണ്ട്. യന്ത്രവൽക്കരണം വന്നതോടുകൂടി കാർഷിക മേഖലയിൽ സ്ത്രീ പങ്കാളിത്തം കുറഞ്ഞു. പകരം കെട്ടിടം, റോഡ് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് മാറി. പട്ടണത്തോട് തൊട്ടടുത്തുള്ള പഞ്ചായത്ത് ആയതുകൊണ്ട് കൂടുതൽ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പുരുഷനും, സ്ത്രീക്കും തുല്യവേതനം നല്കി വരുന്നില്ല. തുല്യ ജോലിക്ക് തുല്യവേതനം എന്ന തത്വം ഇവിടെ പ്രായോഗികമായി നടപ്പാക്കിയിട്ടില്ല. ഏകദേശം 20% ഓളം സ്ത്രീകൾ കാർഷിക മേഖലയിലും നിർമ്മാണജോലികളിലുമായി ഏർപ്പെട്ടിട്ടുണ്ട്. പുരുഷൻമാരേക്കാൾ സ്ത്രീകളുടെ ആരോഗ്യസ്ഥിതി കൂടുതൽ മോശമാണ്. കഠിനാദ്ധ്വാനവും വിശ്രമമില്ലായ്മയും ഇതിനു കാരണമാണ്. പിരായിരി ഗ്രാമ പഞ്ചായത്തിൽ തിരഞ്ഞെടുക്കപ്പെട്ട 4 വനിതാ മെമ്പർമാരുണ്ട്. 3 ൽ ഒന്ന് സംവരണം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണിത്. പുരുഷൻമാരോടൊപ്പം നില്ക്കാനുള്ള ബുദ്ധിയും, കഴിവും സ്ത്രീകൾക്ക് ഉണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗത്തും, അദ്ധ്യാപനരംഗത്തും കൂടുതൽ സ്ത്രീകൾ ജോലി നോക്കുന്നു.

DWCRA യുടെ കീഴിൽ ഈ പഞ്ചായത്തിൽ 2 തൈലറിങ്ങ് സൊസൈറ്റികൾ പ്രവർത്തിച്ചു വരുന്നു.

വിദ്യാലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ കുറവാണ്. മഹിളാ സംഘടനകളുടെ പ്രവർത്തനങ്ങൾ ഉണ്ടെങ്കിലും സമൂഹത്തോടുള്ള പ്രതിബദ്ധത കുറവാണ്. സ്ക്കൂളുകളിൽ മാതൃസംഗമങ്ങളിൽപോലും പങ്കാളിത്തം തൃപ്തികരമല്ല. പൊതുധാരയിലേക്ക് സ്ത്രീകൾ കടന്നു വരുന്നില്ല. വ്യാവസായിക മേഖലയിലേക്കും, സാമൂഹ്യമേഖലയിലേക്കും സ്ത്രീകളുടെതായ പങ്കാളിത്തം കുറവാണ്. അവകാശങ്ങളെക്കുറിച്ചുള്ള ബോധമില്ലായ്മയും ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും സ്ത്രീകളെ പിന്നോക്കാവസ്ഥയിലേക്ക് നയിക്കുന്നു.

ചാരായ നിരോധനം നടപ്പിലായതിനുശേഷം കുടുംബങ്ങളിൽ കുറെയേറെ സമാധാന അന്തരീക്ഷം ഉണ്ടായിട്ടുണ്ട്. സമ്പൂർണ്ണമദ്യനിരോധനം ഏർപ്പെടുത്തിയാൽ ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കാൻ ഒരു പരിധിവരെ സഹായകമാകും. സ്ത്രീധനപീഡനം അനുഭവിക്കുന്നവർ ഈ പഞ്ചായത്തതിർത്തിയിലുണ്ട്. സ്ത്രീകളോടുള്ള അക്രമവാസനയും പൂർണ്ണമായി നാമാവിശേഷമായിട്ടില്ല. ഉല്പാദന മേഖലയുമായി സ്ത്രീകളെ ബന്ധപ്പെടുത്തിയാലെ സ്വയം പര്യാപ്തതയും, കുടുംബക്ഷേമവും ഉറപ്പുവരുത്താൻ കഴിയൂ. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇതിനു വളരെ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ 31 അംഗൻവാടികളിലായി 62 വനിതകൾ ജോലി ചെയ്യുന്നുണ്ട്. തൊഴിൽ ചെയ്യുന്നവരുടെ മേഖല തീരെ സുരക്ഷിതമല്ല. സ്ത്രീകളുടെ തൊഴിൽ

അംഗീകരിക്കപ്പെടുന്നില്ല എന്നതും പ്രശ്നമാണ്. പഞ്ചായത്തിന്റെ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങളും, നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1 സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം പൊതുരംഗത്തേക്ക് കടന്നുവരാനുള്ള താല്പര്യക്കുറവ്.

2 പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

3 വേതന നിരക്കിലുള്ള അന്തരം.

4 ക്രഷിന്റെ അപര്യാപ്തത.

5 സേവന മേഖല സുരക്ഷിതമല്ല.

6 മഹിളാ സംഘടനകളുടെ കുറവും, പ്രവർത്തന മാന്ദ്യതയും.

7 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രാഥമിക സൗകര്യങ്ങളുടെ കുറവ്.

8. തൊഴിൽ പരിശീലന സൗകര്യങ്ങളുടെ അഭാവം.

9. കുടുംബ പ്രാരാബ്ധത.

10 വനിത തൊഴിൽ യൂണിറ്റുകളുടെ അഭാവം.

നിർദ്ദേശങ്ങൾ.

1 സ്ത്രീകൾക്കും, പുരുഷൻമാർക്കും തുല്യജോലിക്ക് തുല്യവേതനം നല്കുക.

2 പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് തൊഴിൽ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക. വിദഗ്ദ്ധ പരിശീലകരുടെ സേവനം ലഭ്യമാക്കുക.

3 ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സെമിനാറുകളും ബോധവൽക്കരണവും നടത്തുക.

4 സ്വയം തൊഴിൽ കണ്ടെത്തലിലൂടെയോ, വനിത സഹകരണസംഘം രൂപീകരണത്തിലൂടെയോ തൊഴിൽ യൂണിറ്റുകൾ പഞ്ചായത്ത് മുൻകൈയെടുത്ത് ആരംഭിക്കുകയും, ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ നല്കുകയും ചെയ്യുക.

5 ആരോഗ്യ കേന്ദ്രങ്ങളിൽ വനിത ഡോക്ടർമാരെ നിയമിക്കുക.

6 പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ ക്രഷും, നേഴ്സറി സ്ക്കൂളുകളും ആരംഭിക്കുക.

7 മഹിളാ സമാജങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുക, കൂടുതൽ സമാജങ്ങൾ രൂപീകരിക്കുകയും ഇവയുടെ പ്രവർത്തനം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആക്കുകയും ചെയ്യുക.

8 വനിതയൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പഞ്ചായത്തിൽ തന്നെ വിറ്റഴിക്കുന്നതിനുള്ള വിപണി ഉണ്ടാക്കുക. ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക.

9 സ്ത്രീപങ്കാളിത്തം എല്ലാ മേഖലയിലും ഉണ്ടാകുന്നതിന് പുരുഷൻമാർ ശ്രദ്ധിക്കുകയും സഹായങ്ങൾചെയ്യാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും വേണം.

10 മഹിളാ സമാജം പ്രവർത്തകരെയും, പൊതു പ്രവർത്തകരെയും അംഗങ്ങളാക്കികൊണ്ട് ഒരു വനിത വികസന കമ്മിറ്റി രൂപീകരിക്കുക.

11 DWCRA ട്രൈസം തുടങ്ങിയവയുടെ ഉല്പന്നങ്ങൾ ശേഖരിച്ചു വില്ക്കാൻ മാർക്കറ്റിങ്ങ് ഗ്രൂപ്പ് തുടങ്ങുക.

12 സ്ത്രീ വിദ്യാഭ്യാസത്തന് ഊന്നൽ നല്കുക.

13 സ്ത്രീകളുടെ സേവന മേഖല മെച്ചപ്പെടുത്തുക.

14 ഗ്രന്ഥശാലകളിൽ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം വനിതകൾക്ക് മാത്രമായി മാറ്റിവെക്കുക.

15 സ്ത്രീധന സമ്പ്രദായത്തിനെതിരായും സ്ത്രീപീഢനത്തിനെതിരായും ബോധവൽക്കരണം നടത്തുക.

സാദ്ധ്യതകൾ

1 പൊതു രംഗത്ത് സ്ത്രീകളെ എത്തിക്കുവാൻ ബോധവൽക്കരണ നടപടിയിലൂടെ കഴിയും.

2 പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറികൃഷി, ഔഷധസസ്യങ്ങൾ, കൂൺകൃഷി, ആട്, കോഴി, പശു എന്നീ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായവും പ്രോത്സാഹനവും നല്കാൻ കഴിയും.

3 വനിതകൾ നിർമ്മിക്കുന്ന റെഡിമേയ്ഡ് വസ്ത്രങ്ങൾ, അച്ചാറുകൾ, പപ്പടം, മെഴുകുതിരി, ചോക്ക് തുടങ്ങിയ ഉല്പന്നങ്ങൾ പഞ്ചായത്ത് കേന്ദ്രീകരിച്ച് അർഹമായ വില ലഭിക്കുവാനുള്ള വിപണന സൗകര്യങ്ങൾ ഉണ്ടാക്കുക.

4 സ്ത്രീകൾക്ക് മാത്രമായുള്ള സാംസ്ക്കാരിക സംഘടന രൂപീകരിക്കാവുന്നതും, സഞ്ചരിക്കുന്ന വായനശാലകൾ ആരംഭിക്കാവുന്നതുമാണ്.

20

സഹകരണം

പിരായിരി ഗ്രാമപഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1 പാലക്കാട് സർവ്വീസ് സഹകരണ ബാങ്ക് - പിരായിരി ബ്രാഞ്ച്.
2 പിരായിരി ക്ഷീര വ്യവസായ സഹകരണസംഘം.
3 പട്ടികജാതി സർവ്വീസ് സഹകരണ സംഘം.
4 റെഡിമേയ്ഡ് ഗാർമെൻറ്സ് സഹകരണസംഘം
5 നിർമ്മാണ കേന്ദ്രവ്യവസായ സഹകരണ സംഘം.
6 S.N.U.P. സ്ക്കൂൾ സഹകരണസംഘം.

പാലക്കാട് സർവ്വീസ് സഹകരണബാങ്ക് അംഗങ്ങളിൽ നിന്നും പലതരം നിക്ഷേപങ്ങൾ സ്വീകരിക്കുകയും കടം കൊടുക്കുകയും, തിരിച്ചുവാങ്ങുകയും ചെയ്യുന്നു. മെമ്പർഷിപ്പ്, ഫിക്സ്ഡ് ഡെപ്പോസിറ്റ്, സേവിംഗ്സ് അക്കൗണ്ട് എന്നിവയിലൂടെ സമാഹരിക്കുന്ന തുക, കാർഷിക വായ്പ, ആശ് ജാമ്യ വായ്പ, സ്വർണ്ണാഭരണത്തിൻമേൽ വായ്പ തുടങ്ങിയ വിവിധയിനം വായ്പകൾക്കായി വിതരണം ചെയ്യുന്നു. ഈ ബ്രാഞ്ചിൻെറ പരിധി പിരായിരി ഗ്രാമ പഞ്ചായത്ത് പ്രദേശം മുഴുവനാണ്. ഈ സ്ഥാപനം 1956 മുതൽ പ്രവർത്തിച്ചു വരുന്നു. 'A' ക്ലാസ്സ് 1020, 10583 'C' ക്ലാസ്സ് മെമ്പർമാരും ഉണ്ട്. ഒരു ഓഹരിയുടെ വില 10 രൂപയാണ്. അംഗീകൃത ഓഹരി മൂലധനം 45,00,000 (നാല്പത്തിയഞ്ചു ലക്ഷം)രൂപയാണ്. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 38 ലക്ഷം രൂപയും ആകുന്നു.'B'ക്ലാസ്സ് സർക്കാർ ഓഹരിയിൽ 1,30,555 രൂപയും ആകുന്നു. പൊതു ജനങ്ങളിൽ നിന്ന് സ്ഥിരം നിക്ഷേപം വകയിൽ 1,26,77,994 രൂപയും ഹ്രസ്വകാല വായ്പ 22,82,632 രൂപയും കാർഷികവായ്പയിനത്തിൽ പാക്കേജ് ലോൺ 695145 രൂപയും മൾബറി ലോൺ 2625 രൂപയും സ്പ്രേയർ ലോൺ 2224 രൂപയും, മറ്റു വായ്പകളിൽ വിദ്യാഭ്യാസലോൺ 450 രൂപയും N.A.S.T. ലോൺ 310035 രൂപയും, ഗോൾഡ് ലോൺ 1507409 രൂപയും ഡെപ്പോസിറ്റ് 5,88,760 രൂപയും ആകുന്നു. കെട്ടിടനിർമ്മാണ വായ്പയായി 57,50,000 രൂപ സ്വീകരിച്ചിട്ടുണ്ട്. (കാലാവധി കഴിഞ്ഞിട്ടും തിരിച്ചു കിട്ടാത്ത വായ്പകൾ 30,036,38 രൂപയാകുന്നു.)ഓഫീസ് കെട്ടിടം 93-94 വർഷത്തിൽ 5,50,000 രൂപ ചെലവിൽ 10 സെൻറ് സ്ഥലത്ത് നിർമ്മിച്ചിട്ടുള്ളതാണ്. 5 ജീവനക്കാരാണ് ഇവിടെ ഉള്ളത്. ശ്രീ. രാജകൃഷ്ണനാണ് ബാങ്കിൻെറ പ്രസിഡൻറ്.

ക്ഷീരവ്യവസായ സഹകരണസംഘം

കൊടുന്തിരപ്പുള്ളി കേന്ദ്രീകരിച്ച് സഹകരണ മേഖലയിൽ ഒരു ക്ഷീരവ്യവസായ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്.

1975 വർഷത്തിലാണ് പ്രസ്തുത സ്ഥാപനം ആരംഭിച്ചത്. കന്നുകാലികളെ വളർത്തി പാല് ഉല്പാദിപ്പിക്കുന്നവരും സ്വന്തമായി 5 സെൻറ് സ്ഥലമെങ്കിലും ഉള്ളവരും തൊഴുത്ത് ഉണ്ടാക്കുവാൻ സൗകര്യമുള്ളവരും ഈ സംഘത്തിലെ അംഗങ്ങളാണ്. സംഘത്തിൻെറ ആഭിമുഖ്യത്തിൽ 18 കലക്ഷൻ സെൻററുകളുണ്ട്. ഉല്പാദകർക്ക് പ്രസ്തുത കലക്ഷൻ സെൻററുകളിൽ പാൽ എത്തിച്ചു കൊടുത്താൽ മതിയാകും. പ്രതിദിനം 1800 ലിറ്ററോളം പാൽ സംഭരിക്കാനുള്ള ശേഷി സഹകരണ സംഘത്തിനുണ്ട്. എന്നാൽ 1200 ലിറ്റർ പാൽ മാത്രമേ സംഘത്തിന് സംഭരിക്കുവാൻ കഴിയുന്നുള്ളു. വിൽക്കുന്ന പായ്ക്കറ്റ് പാലും ഇവിടെ യഥേഷ്ടം വിറ്റു വരുന്നു. അസാധാരണമായ കടുത്തമത്സരം നടക്കുന്ന ഈ രംഗം അത്യാധുനിക വിദ്യയിലൂടെ ദൈനംദിനം പരിരക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ സംഘത്തിൻെറ

ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. കെ.കെ. വേലായുധൻ ആണ്. ഇതിനുപുറമേ പട്ടിക ജാതിക്കാരുടേയും നിർമ്മാണ വ്യവസായ തൊഴിലാളികളുടേയും ഉന്നമനത്തിനുള്ള സഹകരണ സംഘങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്. പാലക്കാട് ജില്ലാ സഹകരണ ആശുപത്രിക്കുവേണ്ടി കല്ലേക്കാട് 32 ഏക്കർ സ്ഥലം വിലയ്ക്കു വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥലം എത്രയോ വർഷങ്ങളായി യാതൊരു ഉപയോഗവുമില്ലാതെ തരിശിട്ടിരിക്കുകയാണ്.

ജനനൻമയെ അടിസ്ഥാനമാക്കി രൂപീകൃതമായിട്ടുള്ള സഹരണ സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചു വരുന്നു. കൊടുന്തിരപ്പുള്ളിയിൽ ഖാദി ഗ്രാമ വ്യവസായ വകുപ്പിൻെറ ആഭിമുഖ്യത്തിൽ ഒരു നൂൽനൂൽപ്പ് കേന്ദ്രം പണിതിട്ടുണ്ട്. പക്ഷേ പ്രസ്തുത നൂൽനൂൽപ്പ് കേന്ദ്രം ഇപ്പോൾ യാതൊരു പ്രവർത്തനവുമില്ലാതെ കിടക്കുകയാണ്. അൻപതോളം സ്ത്രീകൾക്ക് പ്രത്യക്ഷമായി സ്ഥിരം തൊഴിൽ ലഭിക്കുന്ന ഈ സ്ഥാപനം കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി വീണ്ടും പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. പരമ്പരാഗതമായി കൊട്ട, വട്ടി, പുല്ലുപായ, മൺപാത്രങ്ങൾ എന്നീ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് സഹകരണസംഘങ്ങൾ രൂപീകരിച്ച് തകർന്നു കൊണ്ടിരിക്കുന്ന പരമ്പരാഗത തൊഴിലുകളെ രക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1 സഹകരണ സംഘങ്ങളിൽ അംഗത്വം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
2 മുഴുവൻ ക്ഷീരകർഷകരും അംഗങ്ങളായിട്ടില്ല.
3 പട്ടികജാതി സഹകരണ സംഘത്തിന് സ്വന്തം കെട്ടിടം ഇല്ല.
4 സഹകരണ കൺസ്യൂമർ സ്റ്റോർ ഇല്ല.
5 പരമ്പരാഗത തൊഴിലുകൾ സഹകരണ മേഖലയിൽ അല്ല.
6 ക്ഷീരവ്യവസായ സഹകരണ സംഘത്തിന് വാർഡുകൾ തോറും ബ്രാഞ്ചുകളില്ല.
7 വനിതാ സഹകരണ തൊഴിൽ ശാലകൾ ഒന്നും തന്നെ ഇല്ല.

പട്ടിക

	ബാങ്ക്	മെമ്പർ മാരുടെഎണ്ണം	ഓഹരി സംഖ്യ	ജീവനക്കാരുടെ എണ്ണം	നിക്ഷേപം	വായ്പ പിരിഞ്ഞു കിട്ടാനുള്ളത്
1	നിർമ്മാണ കേന്ദ്ര വ്യവസായസഹകരണ സംഘം	40	1,70,000	2	ഇല്ല	ഇല്ല
2	ക്ഷീരവ്യവസായ സഹകരണസംഘം	1061	52,600	19	3,01,625	1,50,666
3	പാലക്കാട് സർവ്വീസ് സഹകരണബാങ്ക് പിരായിരി ബ്രാഞ്ച്	1020	6,50,000	5	1,26,77,994	30,03,638
4	പിരായിരി റെഡി മേയ്ഡ് വ്യസായ സഹകരണ സംഘം.	10	3 ലക്ഷം	11	85,350	166287

നിർദ്ദേശങ്ങൾ

1 സഹകരണ സംഘത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നടത്തി കൂടുതൽപേരെ അംഗത്വം നല്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

2 ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ ബ്രാഞ്ച് എല്ലാവാർഡുകളിലും സ്ഥാപിക്കുക.

3 പഞ്ചായത്തിൽ ഒരു ചില്ലിംഗ് യൂണിറ്റ് ആരംഭിക്കുക.

4 പാലിന്റെ ചിലവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംഘത്തന്റെ നേതൃത്വത്തിൽ നാടൻ ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.

5 സഹകരണാടിസ്ഥാനത്തിൽ രാസവളങ്ങളും, കീടനശിനികളും വിതരണം നടത്തുവാനുള്ള സംവിധാനം വർദ്ധിപ്പിക്കുക.

6 ആവശ്യാനുസരണം സഹകരണസംഘത്തിന്റെ ബ്രാഞ്ചുകളുടെ എണ്ണം.

7 വനിതാ വ്യവസായ സഹകരണ സംഘം ആരംഭിക്കുക.

8 മൺപാത്ര നിർമ്മാണ വിപണന സഹകരണസംഘം

9 അച്ചാർ നിർമ്മാണ വിപണന സഹകരണസംഘം

10 സഹകരമമേഖലയിൽ ഒരു സ്പിന്നിംഗ്മിൽ ആരംഭിക്കുക.

11 സഹകരണാടിസ്ഥാനത്തിൽ പുളി സംഭരിച്ച് വിൽക്കുക.

12 കാലിത്തീറ്റ നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക.

13 ഒരു വൈക്കോൽ സംരക്ഷണ യൂണിറ്റ് ആരംഭിക്കുക.

സാദ്ധ്യതകൾ

1 പഞ്ചായത്ത് പരിധിയിൽ ചെറുകിട വ്യവസായ ശാലകൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഉണ്ട്.

2 പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള മൺപാത്രനിർമ്മാണം, പുല്ലുപായ നെയ്ത്ത്, ഈറ്റ, മുള എന്നിവയുടെ ഉല്പന്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ആവശ്യമായ വിഭവങ്ങൾ ലഭ്യമാണ്.

3 പാലക്കാട് റയിൽവേസ്റ്റേഷനും പഞ്ചായത്തിന്റെ മൂന്നു ഭാഗത്തും വ്യവസായത്തിന് ആവശ്യമായ വെള്ളം ലഭ്യമാക്കുന്ന പുഴകളും ഉണ്ട്.

4 ഉല്പന്നങ്ങൾക്ക് പഞ്ചായത്തിലും, പട്ടണത്തിലും വിപണന സാദ്ധ്യതയുണ്ട്.

5 സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു മെഡിക്കൽ കോളേജ് കല്ലേക്കാട്ടിൽ സഹകരണാശുപത്രിക്കുവേണ്ടി വാങ്ങിച്ച സ്ഥലത്ത് സ്ഥാപിക്കാവുന്നതാണ്.

6 മണ്ണ് സുലഭമായതിനാൽ ഇഷ്ടികനിർമ്മാണത്തിന് അനുയോജ്യമായ സഹകരണാടിസ്ഥാനത്തിൽ ഇഷ്ടിക നിർമ്മാണ യൂണിറ്റ് (Wire cut Bricks) സ്ഥാപിക്കാവുന്നതാണ്.

21
പട്ടികജാതി/വർഗ്ഗക്ഷേമം

നമ്മുടെ പഞ്ചായത്തിൽ ആകെ ജനസംഖ്യയിൽ 10% ഓളം പട്ടികജീതികഞകാരാണ്. താഴെപ്പറയുന്ന 26 അംഗീകൃത പട്ടികജാതി കോളനികളാണ് ഇവിടെയുള്ളത്.

കോളനികളുടെ പേര്	വീടുകളുടെ എണ്ണം	വൈദ്യുതി	വെള്ളം	റോഡ്
ചാമക്കാട്	47	ഉണ്ട്	ഉണ്ട്	ഉണ്ട്
മല്ലമ്പാറ	16	ഇല്ല	ഇല്ല	ഇല്ല
കാഞ്ഞിരക്കോട്	18	ഉണ്ട്	ഇല്ല	ഇല്ല
മാമ്പറ	12	ഭാഗികം	ഇല്ല	ഭാഗികം
തെക്കേപ്പുര	18	ഉണ്ട്	ഭാഗികം	ഇല്ല
തോലനിക്കാവ്	25	ഇല്ല	ഇല്ല	ഭാഗികം
കുണ്ടുപറമ്പ്	28	ഭാഗികം	ഭാഗികം	ഭാഗികം
അത്താലൂർ	20	ഉണ്ട്	ഭാഗികം	ഭാഗികം
കളപ്പറമ്പ്	38	ഭാഗികം	ഭാഗികം	ഉണ്ട്
മോഴിപുലം	24	ഉണ്ട്	ഭാഗികം	ഭാഗികം
കറമ്പക്കാട്	25	ഭാഗികം	ഭാഗികം	ഭാഗികം
വലിയമ്മക്കാവ്	20	ഭാഗികം	ഭാഗികം	ഭാഗികം
മണിക്കുറ്റിക്കളം	18	ഭാഗികം	ഭാഗികം	ഭാഗികം
അത്തിക്കോട് പറമ്പ്	25	ഭാഗികം	ഭാഗികം	ഭാഗികം
ഇരുപ്പക്കാട്	33	ഉണ്ട്	ഉണ്ട്	ഉണ്ട്
കുറുക്കമ്പാറ	44	ഭാഗികം	ഭാഗികം	ഭാഗികം
ആന്ത്രാംകുന്ന്	15	ഉണ്ട്	ഭാഗികം	ഭാഗികം
നെല്ലിപ്പറമ്പ്	15	ഭാഗികം	ഭാഗികം	ഭാഗികം
ഉണ്ണിരാംകുന്ന്	25	ഭാഗികം	ഭാഗികം	ഭാഗികം
കിണായത്തുതൊടി	11	ഇല്ല	ഭാഗികം	ഭാഗികം
മുണ്ടൻപറമ്പ്	22	ഭാഗികം	ഭാഗികം	ഭാഗികം

ശങ്കരച്ചാം തൊടി	20	ഭാഗികം	ഭാഗികം	ഭാഗികം
ഉപാസനാ നഗർ	12	ഭാഗികം	ഭാഗികം	ഭാഗികം
ചരപ്പറമ്പ്	15	ഭാഗികം	ഭാഗികം	ഭാഗികം
പറക്കോട്	20	ഉണ്ട്	ഭാഗികം	ഉണ്ട്
കള്ളിക്കാട്	35	ഭാഗികം	ഭാഗികം	ഉണ്ട്
പാറക്കളം	12	ഭാഗികം	ഭാഗികം	ഭാഗികം
തരുവക്കോട്	11	ഭാഗികം	ഭാഗികം	ഭാഗികം
നെടുങ്ങോട്	20	ഭാഗികം	ഭാഗികം	ഭാഗികം
പൊട്ടക്കളം	12	ഭാഗികം	ഭാഗികം	ഭാഗികം
കണ്ണംകുളം	12	ഭാഗികം	ഭാഗികം	ഭാഗികം

പഞ്ചായത്ത് അങ്കതിർത്തിയിലെ എല്ലാ സ്ക്കൂളുകളിലുമായി പട്ടികജാതി വിഭാഗത്തിൽ 213 ആൺകുട്ടികളും 206 പെൺ കുട്ടികളും കൂടി ആകെ 419 പേർ പഠിക്കുന്നുണ്ട്. 14 ആൺകുട്ടികളും, 11 പെൺകുട്ടികളും ഉൾപ്പെടെ 25 പേർ തോറ്റു പഠിക്കുന്നവരാണ്. ഒരു ആൺകുട്ടിയും, ഒരുപെൺകുട്ടിയും ഈ അദ്ധ്യയന വർഷത്തിൽ പഠിപ്പ് നിർത്തിയവരിൽ ഉൾപ്പെടും.

പട്ടികജാതിക്കാരിൽ ചിലർക്ക് പുരോഗതി ഉണ്ടായിട്ടുണ്ട്. ഉച്ചനീചത്വം ഈ പഞ്ചായത്തിൽ തീരെ ഇല്ലെന്ന് തന്നെ പറയാം. വിദ്യാലയങ്ങളിൽ പോകാൻ പല കുട്ടികൾക്കും ഇപ്പോഴും കഴിയുന്നില്ല. രക്ഷിതാക്കളുടെ സാമ്പത്തിക പരാധീനതയും, ബോധവൽക്കരണത്തിന്റെ കുറവുമാണ് ഇതിനുള്ള പ്രധാന കാരണം. നല്ലൊരു ശതമാനം കാർഷികമേഖലയിലും, നിർമ്മാണപ്രവർത്തനങ്ങളിലും ജോലിനോക്കുന്നു. കെട്ടിട നിർമ്മിക്കുന്ന പ്രവൃത്തിയിൽ കൂലികൂടുതൽ ലഭിക്കുന്നുണ്ട്. പാറപൊട്ടിക്കുന്ന തൊഴിലിൽ ഏർപ്പെടുന്നവരുമുണ്ട്. ഇവരുടെ പാർപ്പിട പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. I.H.D.P കോളനികളുടെ ആവിർഭാവത്തോടെ ചാമക്കാട് കോളനി, ഇരുപ്പക്കാട്കോളനി എന്നിവ സ്വയം പര്യാപ്തമാവാൻ കഴിഞ്ഞിട്ടുണ്ട്. അത്തിക്കോട് പറമ്പ് കോളനിയിൽ ഈ പ്രവൃത്തികൾ നടന്നുവരുന്നു. മഹാ ഭൂരിഭാഗം കോളനികലിലും അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്.J.R.Y. അൺടൈഡ് ഫണ്ട് IAY എന്നീ പദ്ധതികൾ ഏറെ പ്രയോജനം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

പ്രശ്നങ്ങൾ

1 അടിസ്ഥാന ആവശ്യങ്ങളായ വെള്ളം, വെളിച്ചം, റോഡ് എന്നിവ പല കോളനികലിലും അപര്യാപ്തമാണ്

2 പട്ടികജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.

3 പലകോളനികൾക്കും അംഗീകാരം ഇല്ല.

4 കൈവശ ഭൂമികൾക്ക് പട്ടയം ഇല്ല.

5 നിരക്ഷരത

6 വീടുകളിൽ കക്കൂസ് ഇല്ലായ്മ

7 വീടുകളുടെ പുനർനിർമ്മാണത്തിന് സാമ്പത്തിക സഹായം ഇല്ല.

8 തൊഴിൽ ഇല്ലായ്മ.

9 വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായത്തുക അപര്യാപ്തമാണ്.

നിർദ്ദേശങ്ങൾ

1 പട്ടികജാതി സഹകരണ സംഘം പ്രവർത്തനം കാര.ക്ഷമമാക്കണം. പഞ്ചായത്ത് തല സമിതി ക്രമീകരിക്കണം.

2 . ഹരിജൻ കോളനികൾക്ക് മുഴുവൻ അംഗീകാരം നൽകണം.

3 പട്ടയം ലഭിക്കാത്തവർക്ക് അനുവദിക്കണം.

4 സാക്ഷരതാ പ്രവൃത്തി തുടർന്ന് നടത്തണം

5 വീടുകളുടെ പുനർ നിർമ്മാണ സഹായം വർദ്ധിപ്പിക്കണം.

6 പഞ്ചായത്തു വക വൃദ്ധ മന്ദിരങ്ങൾ ഏർപ്പാടു ചെയ്യണം.

7 വിവാഹധനസഹായത്തിനുള്ള തുക വർദ്ധിപ്പിക്കണം.

8 കൂടുതൽ തൊഴിൽ സൗകര്യങ്ങൾ ഉണ്ടാക്കണം.

സാദ്ധ്യതകൾ

1 കോളനികളിൽ സഹകരണ തൊഴിൽ യൂണിറ്റ് തുടങ്ങാം.

2 കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉല്പാദന യൂണിറ്റുകൾ ആരംഭിക്കാം.

3 വനിതകൾക്ക് മുൻതൂക്കം നല്കി പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ സഹകരണസംഘം തുടങ്ങാം.

22

വിഭവസമാഹരണം

പാലക്കാട് മുനിസിപ്പാലിറ്റിയുടെ പടിഞ്ഞാറെ അതിർത്തിയിൽ നിന്ന് ആരംഭിക്കുന്ന പിരായിരി ഗ്രാമപഞ്ചായത്ത് വരുമാനത്തിലും വിസ്തൃതിയിലും മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് പിന്നിലാണ്. പട്ടണത്തോട് സാമീപ്യമുള്ള പഞ്ചായത്ത് എന്ന നിലക്ക് ടൗൺ പ്രദേശത്തെ ജനങ്ങൾ പഞ്ചായത്ത് പ്രദേശത്തേക്ക് താമസമാക്കാൻ തുടങ്ങിയതോടെ ഇടത്തരം ഉയർന്ന വീടുകൾ അടുത്തകാലത്തായി ഉണ്ടാവാൻ തുടങ്ങി. അതോടെ കെട്ടിട നികുതിയിനങ്ങളിൽ ചെറിയ വർദ്ധനവുണ്ടായി. വളരെയേറെ സർക്കാർ ആഫീസുകളോ വ്യവസായ സ്ഥാപനങ്ങളോ ഇല്ലാത്തതിനാൽ തൊഴിൽ നികുതി ഇനത്തിൽ വരുമാനം കുറവാണ്. ചന്ത, ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങിയവയും ഈ പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തതിർത്തിയിലൂടെ ഒഴുകുന്ന കല്പാത്തിപ്പുഴയിലേയും, കണ്ണാടിപ്പുഴയിലേയും മണൽ റവന്യൂ അധികൃതരാണ് ലേലം ചെയ്തു വിൽക്കുന്നത്. ലേലസംഖ്യയുടെ 50% മാത്തൂർ പഞ്ചായത്തിലേക്ക് വിഹിതം വെച്ച് നല്കുന്നതിനാൽ ഈ ഇനത്തിൽ ലഭിച്ചു കൊണ്ടിരുന്ന വരുമാനം പകുതിനഷ്ടമായിട്ടുണ്ട്. കല്പാത്തിപ്പുഴയിലെ മണൽ ലേലം വകയിൽ യാതൊരു വിഹിതവും പുതുപ്പരിയാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്നുമില്ല. ആയതിനാൽ ഈ ഇനത്തിൽ ലക്ഷക്കണക്കിന് ഉറുപ്പിക വരുമാനത്തിൽ കഴിഞ്ഞ 3 വർഷമായി നഷ്ടപ്പെട്ടുവരികയാണ്. തുച്ഛമായ കാർഷിക, തൊഴിൽ നികുതിയും, കെട്ടിട നികുതിയും ഏക സിനിമാശാലയിൽ നിന്ന് ലഭിക്കുന്ന വിനോദനികുതിയും ആണ് പ്രധാന വരുമാനമാർഗ്ഗങ്ങൾ 1991-92 വർഷത്തെ കെട്ടിട നികുതി 2 ലക്ഷത്തിൽ താഴെയായിരുന്നത് 95-96 വർഷത്തിൽ 1 1/2 ലക്ഷത്തോളം രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തൊഴിൽ നികുതി ഇനത്തിൽ ഒരു ലക്ഷത്തോളം രൂപയും വിനോദനികുതി, പലവകവരുമാനം എന്നിവയിലും വർദ്ധനവുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ജവാഹർ റോസ്കാർ യോജനയിൽ 1 1/2 ലക്ഷം രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. സ്വാശ്രയ ഗ്രാമപദ്ധതി പ്രകാരം 93-94 മുതൽ 95-96 വർഷംവരെ പ്രത്യേക ധനസഹായം സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്. വിവിധയിനങ്ങൾക്കായി ലഭിച്ച ഗ്രാൻറുകൾ യഥാസമയം ചിലവഴിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 1991-92, 95-96 കാലങ്ങളിലെ നികുതി വരുമാന വ്യത്യാസവും. ചിലവുകളിൽ ഉണ്ടായിട്ടുള്ള വർദ്ധനവും താഴെ പറയും പ്രകാരമാണ്.

വരവിനം

പട്ടിക 1

ഇനം	91-92	95-96	വ്യത്യാസം
കെട്ടിടനികുതി	1,96,980.00	3,40,811.00	(+),43,831.00
തൊഴിൽനികുതി	1,11,020.0	02,03,410.00	(+)92,390.00
വിനോദനികുതി	41,206.05	68,875.60	(+)27,669.55
ഉപാധിരഹിതഫണ്ട്	1,47,500.00	1,95,000.00	(+)47,500.00
ഉപാധിരഹിതഫണ്ട് SCP	51,400.00	1,16,000.00	(+)64,600
J R Y	4,80,600.00	3,37,500.00	(-)1,43,100.00
ഗ്രാൻറുകൾ	3,57,416.00	6,54,877.00	(+)2,97,461.00
പലവക	1,07,964.58	2,36,448.25	(+)1,28,483.67

ചെലവിനം
പട്ടിക II

ക്രമമ്പർ	ഇനം	91-92	95-96	വ്യത്യാസം
1	ശമ്പളം	2,00,532.00	2,61,865.00	(+)61,333.00
2	കറൻറ് ചാർജ്	67,483.00	1,98,123.00	(+)1,30,670.00
3	പൊതുമരാമത്ത് പ്രവൃത്തികൾ	54,912.00	4,06,000.00	(+)3,51,178.00

പുഴമണൽ ലേലവരവിലും JRYപദ്ധതി വിഹിതത്തിലൊഴികെ മറ്റ് വരവിനത്തിലും ചിലവിനത്തിലും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തെരുവുവിളക്കുകൾക്കും പൊതുമരാമത്ത് പ്രവർത്തികൾക്കും കൂടുതൽ തുക ചെലവ് ചെയ്തിട്ടുണ്ട്. ശുദ്ധജലവിതരണ പദ്ധതിക്ക് 4,65,333 രൂപ കുടിശ്ശിക ഇനത്തിൽ അടക്കാൻ ബാക്കിയുണ്ട്. ടാപ്പ് ഒന്നിന് 850 രൂപ നിരക്കിൽ വാട്ടർ അതോറിറ്റിക്ക് അടയ്ക്കണമെന്ന നിബന്ധന അശാസ്ത്രീയാണ്. പഞ്ചായത്തതിർത്തിയിലെ സ്വകാര്യ കണക്ഷനുകളിൽ നിന്ന് ലഭിക്കുന്ന പിരിവ് സംഖ്യ പഞ്ചായത്തിൻെറ വരവായി ചേർക്കേണ്ടതുണ്ട്. കത്താത്ത തെരുവുവിളക്കുകൾക്കും നല്ലൊരു തുക കറൻറ് ചാർജ്ജായി അടച്ചു വരുന്നു. മേപ്പടി രണ്ട് ചെലവുകളും പഞ്ചായത്തിൻെറ സാമ്പത്തിക നിലയെ ബാധിക്കുന്നുണ്ട്.

1995-96 സാമ്പത്തിക വർഷത്തിൽ ഓഫീസിൻെറ നടത്തിപ്പിലേക്ക് 4,81,751 രൂപ 80 പൈസയും പൊതുമരാമത്ത് പ്രവൃത്തികൾക്കായി 4,06.090 രൂപയും വിദ്യാഭ്യാസ ചിലവുകൾക്കായി 38,265 രൂപയും സ്വാശ്രയ ഗ്രാമ പദ്ധതിപ്രകാരം 1,40,000 രൂപയും അൺടൈഡ് ഫണ്ട് ഇനത്തിൽ 7 ലക്ഷം രൂപയും ശുദ്ധജല വിതരണത്തിനായി 15,874 രൂപയും സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കായി 31,993 രൂപയും ഉൾപ്പെടെ 30,42,170 രൂപയും 38 പൈസയും പഞ്ചായത്ത് ചിലവ് ചെയ്തിട്ടുണ്ട്.

പ്രശ്നങ്ങൾ

1 കെട്ടിട നികുതിയിൽ കുമ്മി നിലനില്ക്കുന്നു.

2 ഷോപ്പിംഗ് കോംപ്ലക്സ് ആവശ്യമാണ്.

3 വൻകിട, ചെറുകിട വ്യവസായങ്ങൾ ഇല്ല.

4 ആഴ്ച ചന്തയോ ദിവസ ചന്തയോ ഇല്ല.

5 കല്യാണമണ്ഡപം ഇല്ല.

6 ആവശ്യമായ സംഭാവനയോ ശ്രമദാനമോ ഇല്ല.

7 മണൽ ലേല വരുമാനത്തിലുണ്ടായിട്ടുള്ള കുറവ്

8 തോടുകൾ, പുഴകൾ, പുറമ്പോക്ക് സ്ഥലങ്ങൾ എന്നിവയിൽ വരുമാനം ലഭ്യമല്ല.

നിർദ്ദേശങ്ങൾ

1 കൂടുതൽ വ്യവസായികളെ ആകർഷിപ്പിച്ച് പഞ്ചായത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ വ്യവസായങ്ങൾ ആരംഭിക്കണം.

2 പുഴയോരങ്ങളിൽ വ്യവസായത്തിനുള്ള സാഹചര്യങ്ങളുണ്ട്.

3 ഇഷ്ടിക നിർമ്മാണത്തിലൂടെ ഉണ്ടാവുന്ന വരുമാനം വർദ്ധിപ്പിക്കുക.

4 ഓട് വ്യവസായവും ഹോളോബ്രിക്സ് നിർമ്മാണവും കാലിത്തീറ്റ എന്നിവയുടെ യൂണിറ്റും തുടങ്ങാവുന്നതാണ്. കൊടുന്തിരപ്പുള്ളിയിൽ മുടങ്ങിക്കുടക്കുന്ന ഖാദിഗ്രാമ വ്യവസായ യൂണിറ്റ് പുന പ്രവർത്തനം ആരംഭിക്കണം.

5 ഒഴിഞ്ഞു കിടക്കുന്ന പുറമ്പോക്ക് പ്രദേശങ്ങളിലും, പള്ളിക്കുളം, മേപ്പറമ്പ്, കല്ലേക്കാട്, പൂടൂർ ഭാഗങ്ങളിലും ആഴ്ച ചന്തയും ദിവസ ചന്തയും ഏർപ്പെടുത്താവുന്നതാണ്.

6 നിർമ്മാണത്തിലിരിക്കുന്ന കല്യാണമണ്ഡപത്തിന്റെ പ്രവൃത്തി പൂർത്തിയാക്കിയാൽ വാടക ഇനത്തിൽ നല്ലൊരു സംഖ്യ വരുമാനമായി ലഭിക്കും.

7 പഞ്ചായത്തതിർത്തിയിൽ താമസിക്കുന്ന മഹത്വ്യക്തികളിൽ നിന്നും വിവിധ തരങ്ങളിലായി വിഭവസമാഹരണം നടത്താവുന്നതാണ്.

8 രക്ഷിതാക്കളുടെ കാരണവൻമാരുടെ ഓർമ്മക്കായി ബസ് വെയിറ്റിങ്ങ് ഷെഡ്ഡുകൾ ആരോഗ്യകേന്ദ്രങ്ങൾ നഴ്സറി സ്ക്കൂളുകൾ, ഹാളുകൾ, ചെറുകിട വാട്ടർ സപ്ളൈ സ്കീമുകൾ എന്നിവ സംഭാവനയായി സ്വീകരിക്കാവുന്നതാണ്.

9 പുഴയോരങ്ങളിലും തോടുകളുടെ പുറമ്പോക്കുകളിലും നിൽക്കുന്ന വൃക്ഷങ്ങളിലെ കായ് ഫലങ്ങൾ ലേലം ചെയ്ത് പഞ്ചായത്തിന് മുതൽ കൂട്ടാക്കാം.

10 ഉദാരമനസ്കരായ വ്യക്തികളിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ സാമ്പത്തിക സഹായം തേടാവുന്നതാണ്.

സാദ്ധ്യതകൾ

1 പഞ്ചായത്തതിർത്തിക്കുള്ളിൽ ലഭ്യമായ സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കണം.

2 വിനോദനികുതി പിരിവ് ശാസ്ത്രീയമായി പുനസംഘടിപ്പിക്കുന്ന പക്ഷം വരുമാനം വർദ്ധിപ്പിക്കാം.

3 കത്താത്ത തെരുവുവിളക്കുകൾക്ക് ചാർജ് കൊടുക്കുന്നതു ഒഴിവാക്കണം. മീറ്റർ റീഡിംഗ് രീതിയിൽ ബില്ല് അടയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

4 പൊതു ടാപ്പുകൾക്കുള്ള വാട്ടർ ടാക്സ് ഒഴിവാക്കുക.

5 വാട്ടർ ചാർജ് റീഡിംഗ് അടിസ്ഥാനത്തിൽ ഈടാക്കാൻ നടപടിയുണ്ടാകണം. വീടുടമകളിൽ നിന്നും ശുദ്ധജലവിതരണത്തിന്റെ പേരിൽ പിരിക്കുന്ന തുക പഞ്ചായത്തിന്റെ വരുമാനത്തിൽ ചേർക്കേണ്ടതാണ്.

6 ഉപാധികളില്ലാതെ എസ്റ്റാബ്ളിഷ്മെൻറ് ഗ്രാൻറ് 100 ശതമാനം ലഭ്യമാക്കുക.

7 മണൽ ലേലം വകയിൽ നഷ്ടപ്പെട്ടു വരുന്ന തുക തിരികെ ലഭ്യമാക്കണം. പുതുപ്പരിയാരം പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട മണൽ ലേലസംഖ്യ ലഭിക്കാൻ നടപടിയുണ്ടാകണം. പൂടൂർ പാലത്തിന്റെ ടോൾ വകയിൽ പിരിച്ചു കൊണ്ടിരിക്കുന്ന ലേലതുകയുടെ പകുതി സംഖ്യ പഞ്ചായത്തിന് ലഭ്യമാക്കണം.

8 കൃഷിഭൂമികൾ നികത്തി വീട് നിർമ്മിക്കുമ്പോൾ ആയതിന് പ്രത്യേകം നികുതി ചുമത്താവുന്നതാണ്.

ഉപസംഹാരം

ആസൂത്രണവും ആവിഷ്ക്കരണവും ഗ്രാമങ്ങളിലൂടെ

താഴെതട്ടിലുള്ള വികസനം കൊണ്ടുമാത്രമേ ഗ്രാമങ്ങളുടേയും, ഗ്രാമീണ ജനവിഭാഗങ്ങളുടേയും സമഗ്രപുരോഗതി എന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളു എന്ന സത്യം വരൻ പോകുന്ന 9-ാം പഞ്ചവത്സര പദ്ധതിയിലൂടെ നമ്മുടെ രാജ്യത്ത് നടപ്പാക്കുവാൻ പോകയാണ്.

9-ാം പഞ്ചവത്സര പദ്ധതിയുടെ അടങ്കൽ തുക 35 മുതൽ 40% വരെ താഴെതട്ടിലുള്ള ആസൂത്രണത്തിനായി മാറ്റിവെക്കണമെന്നാണ് പ്ലാനിംഗ് ബോർഡ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വർദ്ധിച്ച ഉത്തരവാദിത്തങ്ങളാണ് നിർവ്വഹിക്കാനുള്ളത്. നാളിതുവരെയുള്ള ശീലങ്ങളിൽനിന്ന് വ്യത്യസ്ഥമായി വരുന്ന കാര്യമായതിനാൽ അർപ്പണ മനോഭാവവും, കഠിനാദ്ധ്വാനത്തിനുള്ള തയ്യാറെടുപ്പും നടത്തേണ്ടതുണ്ട്. വിപുലമായ ജനകായ പിൻതുണ ആർജ്ജിച്ച് ജനപങ്കാളിത്തത്തോടെ ഈ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ഈ കഴിഞ്ഞ ചിങ്ങമാസം 1-ാം തീയ്യതി ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. പരിശീലന ക്യാമ്പുകളിൽ കൂടിയും, സ്ഥിതിവിവരണ ശേഖരത്തിലൂടെയും, പദപഠനയാത്രയിലൂടെയും, ചർച്ചകളിലൂടെയും നാം ഇപ്പോൾ വികസന സെമിനാറിലെത്തിയിരിക്കുകയാണ്. വികസനോപധികളെ ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ മാത്രമേ ആസൂത്രണം അർത്ഥവത്താകൂ. ജനകീയാസൂത്രണം ജനങ്ങളുടെ കർമ്മ മേഖലയാക്കി ജനോപകാരപ്രദമായ പദ്ധതികൾ, സാമൂഹ്യപ്രതിബദ്ധതയോടെ നടപ്പിൽ വരുത്തുവാൻ നമുക്ക് ഒന്നടങ്കം ശ്രമിക്കാം. ചിരകാലമായുള്ള നമ്മുടെ പ്രതീക്ഷയാണ് ഗ്രാമങ്ങളുടെ സമഗ്രവികസനം സാക്ഷാൽകരിക്കുക എന്നത്.

ഈ മഹത്തായ ആശയം പ്രാവർത്തികമാക്കാൻ സമീപ ഭാവിയിൽ തന്നെ നമുക്കുകഴിയുമെന്ന പ്രതീക്ഷയോടെ നമ്മുടെ പഞ്ചായത്തിന്റെ ഈ "വികസന രേഖ" വിലപ്പെട്ട നിർദ്ദേശങ്ങൾക്കായി പിരായിരി പഞ്ചായത്ത് വികസന സെമിനാർ മുമ്പാകെ സവിനയം സമർപ്പിക്കുന്നു.

അഴിമതി വിമുക്തമായ ഒരു ഗ്രാമ പഞ്ചായത്ത് ഭരണം കാഴ്ചവെക്കാമെന്നറപ്പോടെ.

എം. എ. കുഞ്ഞിമൊയ്തു
പ്രസിഡൻറ്
പിരായിരി ഗ്രാമപഞ്ചായത്ത്.

Opening Shortly

THASLEEJ ICE & COLD STORAGE

Po. Kallekkad, Shoranur Road, PALAKKAD - 678 015

മുളക്, പുളി, ഇഞ്ചി, മാങ്ങ
പച്ചക്കറികളും പയർ വർഗ്ഗങ്ങളും
പഴവർഗ്ഗങ്ങളും, സ്പെയിസ്സ്
മുതലായവ എയർ കണ്ടീഷൻ
റൂമിൽ കേടുകൂടാതെ
സൂക്ഷിക്കുന്ന സ്ഥാപനം.

പി.എ. അബൂബക്കർ
മാനേജിങ്ങ് പാർട്ട്ണർ.

Phone - 26609

Palakkad Primary Co-operative Agricultural Development Bank Ltd.,

No. F - 1029, Palakkad - 14.

പാലക്കാട് താലൂക്കിലെ കർഷകർക്ക് ദീർഘകാലാടിസ്ഥാനത്തിൽ ചെറുകിട ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക ; ഡ്രിപ്പ് ഇറിഗേഷൻ ഏർപ്പെടുത്തുക ; ഭൂമി നിരപ്പാക്കുക ; തെങ്ങ്, റബ്ബർ എന്നിവ കൃഷി ചെയ്യുക ; പട്ടുനൂൽപ്പുഴു വളർത്തുക ; ട്രാക്ടർ/ പവർ ടില്ലർ എന്നിവ വാങ്ങുക ; കറവപ്പശുക്കൾ വാങ്ങുക ; പൗൾട്രി ഫാം തുടങ്ങുക ; കളപ്പുര, തൊഴുത്ത് എന്നിവ നിർമ്മിക്കുക തുടങ്ങിയ കാർഷികാവശ്യങ്ങൾക്കും, ചെറുകിട വ്യവസായം തുടങ്ങുക ; 16 ടൺ വരെ ഭാരമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾ വാങ്ങുക തുടങ്ങിയ കാർഷികേതര ആവശ്യങ്ങൾക്കും വായ്പ നൽകി വരുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെടുക.

അമ്പാട്ട് ഗോപാലകൃഷ്ണൻ

പ്രസിഡണ്ട്

സി. തീർത്ഥപാദൻ

സെക്രട്ടറി.

A253

